KOTTAYAM PUBLIC LIBRARY
KOTTAYAM.

# ഒരുതുള്ളി വെളിച്ചം

DISTRIBUTING LIBRARY
No.
KOTTAYAM.

(Malayalam)

Oru Thulli Velicham

Story

**VLADIMIR DUDINTSEV**

Translated by

T. V. KUNHIKRISHNAN

First Published January 1962

Printed at

INDIA PRESS, KOTTAYAM

Price Rs. 1·50

Rights Reserved

Publishers:

**Sahitya Pravarthaka Co-operative Society Ltd., Kottayam, Kerala State**

Sales Department:

NATIONAL BOOKSTALL

Kottayam . Kerala State India

# ഒരുതുള്ളി വെളിച്ചം

KOTTAYAM PUBLIC LIBRARY KOTTAYAM
82697

വ്ളാഡിമിർ ഡുഡിൻറ്സെഫ്

വിവർത്തനം

ടി. വി. കുഞ്ഞികൃഷ്ണൻ

DISTRIBUTING LIBRARY KOTTAYAM
No. DFF 6693

പ്രസാധകന്മാർ

സാഹിത്യപ്രവർത്തക സഹകരണസംഘം

---

നാഷനൽ ബുക്ക്സ്റ്റാൾ

കോട്ടയം

943

വില ക. 1,50

## ടി. വി. കുഞ്ഞികൃഷ്ണന്റെ

### കൃതികൾ

MF 9

കാലത്തിന്റെ കാല്പാടുകൾ

ഒരുതുള്ളി വെളിച്ചം

S1294 B833 74/61-62 1-2000

DISTRIBUTING LIB...
No........
KOTTAYAM.

# അവതാരിക

ഇതൊരു പുതുമയാണു്. "ഒരുതുള്ളി വെളിച്ചം." സമീപകാലത്തു് സോവിയററു യൂനിയനിൽ പുറത്തുവന്ന യഥാതഥമല്ലാത്ത ആദ്യത്തെ സാഹിത്യകൃതിയാണു് ഇവിടെ അവതരിപ്പിക്കുന്നതു്. വ്ളാഡിമിർ ദുഡിൻറ്സെഫ് (Vladimir Dudintsev) എഴുതിയ ഈ നോവലിന്നു് റഷ്യൻഭാഷയിൽ നവഗോദ്നി റാസ്കാസ് (Novogodnii Rasskaz) എന്നാണു് പേരു്. നവവത്സരകഥ എന്നൎത്ഥം. ഇംഗ്ലീഷിൽ "എ ന്യൂ ഇയേർസ് ഫേബൽ" (A New Year's Fable) എന്ന പേരിലാണു് ഇതു പ്രസിദ്ധീകൃതമായതു്. അല്പാല്പം വ്യത്യാസമുള്ള മൂന്നു് ഇംഗ്ലീഷ്പരിഭാഷകളെ ആസ്പദിച്ചു തയ്യാറാക്കിയ ഈ മലയാളവിവൎത്തനത്തിൻെറ പേരു് "ഒരുതുള്ളി വെളിച്ചം" എന്നാക്കി മാററിയിട്ടുണ്ടു്. അതിൻെറ കാരണം കഥ വായിക്കുന്നതോടുകൂടി വ്യക്തമാകും.

അസാധാരണമായ ഒരു ലോകത്തെയാണു് ഈ കൃതി നമുക്കു സമർപ്പിക്കുന്നതു്. ആ ലോകത്തിൻെറ സദാ ഇരുട്ടിലാണ്ടുകിടക്കുന്ന പകുതിഭാഗത്തിന്നു്, സദാ പ്രകാശമുള്ള മറേറ പകുതി ചൂടും വെളിച്ചവും എത്തിച്ചുകൊടുക്കുവാൻ ശ്രമിക്കുന്നതിൻെറ കഥയാണിതു്. പ്രതീകങ്ങളും പ്രതിരൂപങ്ങളും യാഥാൎത്ഥ്യങ്ങളും ഭ്രമാത്മകതകളുംകൊണ്ടു മെനഞ്ഞെടുത്ത ഒരു പുതിയ ലോകമാണു് ദുഡിൻറ്സെഫ് ചമച്ചിരിക്കുന്നതു്.

ഇരുട്ടിലാണ്ടുകിടക്കുന്ന ഹതഭാഗ്യരായ ജനങ്ങൾക്കു ചൈതന്യം എത്തിച്ചുകൊടുക്കുവാൻ സൂൎയ്യപ്രകാശത്തെ ഘനീഭവിപ്പിക്കുന്ന ശാസ്ത്രജ്ഞനാണു് പ്രധാന കഥാപാത്രം. കാലത്തിൻെറ മായാവിദ്യകളും വ്യക്തിയുടെ ആത്മാവിഷ്കരണത്തിനുള്ള അദമ്യമായ ആഗ്രഹവും മനുഷ്യബന്ധങ്ങളിൽ സ്നേഹത്തിനുള്ള അനിഷേദ്ധ്യമായ സ്ഥാനവും ഈ കഥയുടെ പ്രധാന ഘടകങ്ങളത്രെ.

മൂന്നു വ്യത്യസ്തരായ വ്യക്തികൾ കഥയിലെ നായകന്മാ

രാണെങ്കിലും അവരെല്ലാം ഒരാൾതന്നെയാണെന്ന പ്രതീതി നമുക്കു ലഭിക്കുന്നു. കഥയിൽ നാം ആദ്യം പരിചയപ്പെടുന്ന കൊള്ളത്തലവൻതന്നെയാണ് പിന്നീടു മുഖവും ശബ്ദവും മാററിക്കൊണ്ടു പ്രത്യക്ഷപ്പെടുന്ന ശാസ്ത്രഗവേഷകൻ. അദ്ദേഹത്തിന്റെ ആത്മാവുതന്നെയാണ് സ്നേഹിക്കുവാനും സ്നേഹിക്കപ്പെടുവാനും സേവിക്കുവാനും അനുമോദനം ലഭിക്കുവാനും വേണ്ടി വ്യഗ്രതയോടെ പ്രവർത്തിച്ചു വിജയം നേടിയ യുവശാസ്ത്രജ്ഞന്റെ ആത്മാവ്.

ഈ കഥയിലെ നായിക എന്നു വിളിക്കാവുന്ന പേരില്ലാത്ത ആ സുന്ദരി—പേരില്ല, ആർക്കും ഈ കഥയിൽ പേരില്ല—ഒരു പ്രതീകമാണെങ്കിലും വികാരവും വിവേകവുമുള്ള പാത്രമാണ്. മൂന്നു വ്യക്തികളായി രൂപാന്തരം പ്രാപിക്കുന്ന, പ്രവൃത്തിനിമഗ്നനായ കഥാനായകന്നു് അവളാണ് ആനന്ദവും ആവേശവും നല്കുന്നതു്. അവരെ കൂട്ടിയിണക്കുന്നതും അവരുടെ ജീവിതത്തിനു് അർത്ഥം നല്കുന്നതും അവൾതന്നെയാണ്. ഈ നായികാനായകന്മാരുടെ സംഗമത്തിന്റെ ഫലമായി അദമ്യമായ കാലത്തേയും പ്രകൃതിയേയും കീഴടക്കിക്കൊണ്ടു് ഒരുതുള്ളി വെളിച്ചം രൂപമെടുക്കുന്നു. പുരുഷനും പ്രകൃതിയും അപ്രമേയമായ കാലവുമാണ് ഈ കൃതിയുടെ കാതലായ വിഷയം എന്ന വ്യാഖ്യാനം ഒരുകണക്കിൽ സ്വീകാര്യമാണ്. പ്രയത്നവും പ്രേമവും പ്രതിഫലവും ഇവിടെ പ്രതീകങ്ങളായി പ്രത്യക്ഷപ്പെടുന്നുണ്ടെന്നും കരുതാം.

എന്നാൽ ഇവയൊന്നുമല്ല "ഒരുതുള്ളി വെളിച്ച"ത്തെ വിശേഷാത്തരകൃതിയാക്കുന്നതു്. അതെന്താണെന്നു് ആരായുന്നതിനുമുമ്പ് ഗ്രന്ഥകാരനെയും അദ്ദേഹത്തിന്റെ ഇതരകൃതികളെയും റഷ്യൻസാഹിത്യരംഗത്തെയും കുറിച്ചു ചില വസ്തുതകൾ മനസ്സിലാക്കേണ്ടതാവശ്യമാണ്. ദുഡിൻറ്സെഫിന്റെ ആദ്യത്തെ കവിതാസമാഹാരവും ചെറുകഥകളും 1933-ൽ പുറത്തുവന്നു. 1955-ൽ "അപ്പംകൊണ്ടു മാത്രമല്ല" (Not By Bread Alone)—റഷ്യൻഭാഷയിൽ Ne Hlebom Edinnim—എന്ന നോവൽ പ്രസിദ്ധീകരിച്ചതോടുകൂടിയാണ് അദ്ദേഹം പ്രസിദ്ധനായിത്തീർന്നതു്. സോവിയററ് സാഹിത്യരംഗത്തു പ്രത്യക്ഷപ്പെട്ട 'റിവിഷനിസ'ത്തിന്റെ ഒരുദാഹരണമായി

കരുതാവുന്ന ഈ നോവലിന്ന വിദേശീയഭാഷകളിലാണു് സ്വാഭാവികമായി കൂടുതൽ പ്രചാരം ലഭിച്ചതു്.

സാങ്കേതികവിദഗ്ദ്ധന്മാരുടെ കണ്ടുപിടിത്തങ്ങൾക്കു പ്രോത്സാഹനം നല്ലേണ്ടതാവശ്യമാണെന്ന സോവിയററു കമ്മ്യൂണിസ്ററു പാർട്ടിയുടെ പുതിയ തീരുമാനത്തെ ശരിവച്ചുകൊണ്ടാണു് "അപ്പംകൊണ്ടു മാത്രമല്ല" രചിച്ചതെങ്കിലും ഭരണകൂടത്തെ ആക്ഷേപിക്കുന്ന പല ഭാഗങ്ങളും അതിലുണ്ടായിരുന്നു. സത്യത്തിനുവേണ്ടി സ്ഥാപിതതാല്പര്യങ്ങളോടു തനിച്ചുനിന്നു പൊരുതുന്ന ഏകാകിയായ ഒരെതിർപ്പുകാരനാണു് ആ നോവലിലെ കഥാനായകനായ ലെപോട്കിൻ. വ്യക്തിയുടെ മനസ്സാക്ഷി സമൂഹത്തിന്റെ മനസ്സാക്ഷിക്കു് അതീതമാണെന്നു കാണിച്ചുകൊണ്ടു് വ്യക്തിയെ "കലക്കീവി"ന്നു മേലെ ഡുഡിൻറ്സെഫ് പ്രതിഷ്ഠിച്ചു.

സോവിയറ്റ്സാഹിത്യരംഗത്തു് ഒരു കോളിളക്കമുണ്ടായി. ഡുഡിൻറ് സെഫിന്നുനേരെ വലിയൊരാക്രമണം നടന്നുവെങ്കിലും അദ്ദേഹത്തെ ന്യായീകരിക്കുന്നവരുടെ എണ്ണം ഒട്ടും കുറവായിരുന്നില്ല. സുപ്രധാനങ്ങളായ സാഹിത്യകൃതികളെ പൊതുയോഗങ്ങളിൽവെച്ചു ചർച്ചചെയ്യുന്ന സമ്പ്രദായം മോസ്കോവിലുണ്ടു്. അതനുസരിച്ചു മോസ്കോവിലെ "ഡോം ലിറ്ററെറ്റോറോവി"ൽ(സാഹിത്യകാരന്മാരുടെ സദനത്തിൽ)വെച്ചു് "അപ്പംകൊണ്ടു മാത്രമല്ല" ചർച്ച ചെയ്യപ്പെട്ടു. അനേകംപേർ പങ്കെടുത്ത ആ ചർച്ച സാധാരണയിലധികം ഒച്ചപ്പാടുണ്ടാക്കിയ സംഭവമായിരുന്നു. ചർച്ച നടന്ന ഹോളിനകത്തു സ്ഥലം കിട്ടാത്തതുകൊണ്ടു് കുറെ യുവാക്കന്മാർ ഏണിവെച്ചുകയറി ജാലകത്തിലൂടെ സഭാനടപടികൾ നിരീക്ഷിക്കുകയും നോവലിനെ പിൻതാങ്ങുകയും ചെയ്തുവത്രെ. സോവിയററ്സാഹിത്യചരിത്രത്തിലെ ഒരു നാഴികക്കല്ലായിരുന്നു ആ നോവൽ. പഴയ വിശ്വാസങ്ങളെ അതു വെല്ലുവിളിച്ചു.

### *സാഹിത്യത്തിന്റെ സാമൂഹ്യലക്ഷ്യം*

അദ്ധ്വാനിക്കുന്ന മനുഷ്യന്റെ വിയർപ്പുതുള്ളിയെ സോവിയറ്റ് സോഷ്യലിസ്റ്റ് റിയലിസത്തിന്റെ അടിസ്ഥാനത്തിൽ

പ്രകീർത്തിക്കുകയും സമകാലജീവിതത്തിലെ വർഗ്ഗസാമ്പത്തിക സംഘർഷങ്ങളെ ചിത്രീകരിക്കുകയുമാണു് സാഹിത്യത്തിന്റെയും കലയുടെയും പ്രധാന ലക്ഷ്യമെന്നു സോവിയററ്സാഹിത്യകാരന്മാർ വിശ്വസിച്ചുവന്നു. മുപ്പത്തിമൂന്നുവർഷത്തെ ഏകാധിപത്യഭരണത്തിനുശേഷം 1953-ൽ സ്റ്റാലിൻ മരിച്ചതോടുകൂടി ഈ വിശ്വാസത്തിനു് കുറച്ചൊക്കെ മാററം സംഭവിച്ചു.

സാഹിത്യത്തിൽ ധ്വനിക്കും ഭാവനയ്ക്കും സ്ഥാനമുണ്ടെന്നു സോവിയററ്സാഹിത്യകാരന്മാർ വിശ്വസിക്കുവാൻ ശ്രമിച്ചു. വസ്തുനിഷ്ഠമായ സത്യത്തിനും മനുഷ്യന്റെ ഭൗതികാവശ്യങ്ങൾക്കും അടിമപ്പെട്ടുവേണം സാഹിത്യവും കലയും വളരുവാനെന്ന നിലപാടു് മാറിത്തുടങ്ങി. അങ്ങനെ സാഹിത്യത്തിൽ ഗവമ്മേണ്ടിന്റെയും കമ്യൂണിസ്റ്റ്പാർട്ടിയുടെയും പിടി തളന്ന അവസരത്തിൽ പ്രത്യക്ഷപ്പെട്ട നോവലാണു് "അപ്പം കൊണ്ടു മാത്രമല്ല." ഹങ്കറിയിൽ നടന്ന വിപ്ലവത്തിനു മുമ്പാണു് ഈ തുടർക്കഥ മൂന്നു ഭാഗങ്ങളായി മോസ്കോവിലെ 'നോവിമിർ' എന്ന സാഹിത്യമാസികയിൽ പ്രസിദ്ധീകരിക്കപ്പെട്ടതു്.

പോളണ്ടിലും ഹങ്കറിയിലും 1956-ൽ നടന്ന വിപ്ലവങ്ങൾക്കു പ്രചോദനം നല്കിയതു സാഹിത്യകാരന്മാരാണെന്നും അവക്കു് ഒരു അതിത്തിക്കപ്പുറം സ്വാതന്ത്ര്യം അനുവദിക്കുന്നതു് ആപത്താണെന്നും സോവിയററ്നേതാക്കന്മാക്കു തോന്നി. സ്റ്റാലിന്റെ മരണത്തിനുശേഷം സാഹിത്യരംഗത്തു പ്രത്യക്ഷപ്പെട്ട സ്വാതന്ത്ര്യം വീണ്ടും നഷ്ടപ്പെടുകയാണെന്ന സംശയത്തിനു് ഇടംകൊടുക്കുന്ന പലതും സംഭവിച്ചു. "കമ്യൂണിസ്റ്റ് നിർമ്മാണത്തിൽ പുതിയ വിജയങ്ങൾ കൈവരുത്തുന്നതിനു ജനങ്ങളെ സമരോന്മുഖരാക്കുകയാണു് സാഹിത്യത്തിന്റെയും കലയുടെയും പരമമായ സാമൂഹ്യലക്ഷ്യ"മെന്നു ക്രൂഷോവ് ഓർമ്മപ്പെടുത്തി. സാഹിത്യരചനയിൽ പാർട്ടിയുടെ അച്ചടക്കത്തെ ലംഘിക്കുന്നതു് രാജ്യദ്രോഹമാണെന്നു സമർത്ഥിക്കുന്ന ഒരു നോവൽ ഔദ്യോഗികമായ ആശീർവ്വാദത്തോടുകൂടി ആയിടയ്ക്കു പുറത്തുവന്നു. കൊച്ചടോവ് എഴുതിയ "എർഷോവ്

സഹോദരന്മാർ'' (The Ershov Brothers) എന്ന ഈ നോവൽ സോവിയററ്സാഹിത്യകാരന്മാരെ പാർട്ടിയുടെ പിടിയിൽ നിർത്തുന്നതിനുള്ള ഒരു ശ്രമമായിരുന്നു.

എങ്കിലും സാഹിത്യകാരന്റെ സർഗ്ഗശക്തിയെ അടക്കിനിർത്തുന്നതിനു പാർട്ടിക്കു കഴിഞ്ഞില്ല. പ്രതിവിപ്ലവകാരികൾ (റിവിഷിനിസ്റ്റുകൾ) രംഗത്തു പ്രത്യക്ഷപ്പെട്ടു. റിയലിസത്തോടുള്ള ദുഡിൻറ്സെഫിന്റെ വീരവാദത്തിനുശേഷം, സോവിയററ്സാഹിത്യരംഗത്തു പുതിയ ആശയക്കുഴപ്പങ്ങൾ സൃഷ്ടിച്ചുകൊണ്ടു് പാസ്റ്റർനാക്ക് ''ഡോക്ടർ ഷിവാഗോ'' പുറത്തിറക്കി. പ്രസിദ്ധ സോവിയറ്റ്സാഹിത്യകാരനായ എറൻബുർഗും, ചിന്തകനും കവിയും ''നോവിമിറി''ന്റെ പത്രാധിപരുമായ ടർഡോവസ്കിയും റിയലിസത്തിന്നുവേണ്ടി ബുദ്ധിയെയും ഭാവനയെയും അടിമപ്പെടുത്തുന്നതിനെതിരാണെന്നു വെളിപ്പെടുത്തി.

സോവിയററ്സാഹിത്യകാരന്മാരുടെ പത്രമായ ''ലിറററെറ്റർ നയ ഗസററി''ൽ റഷ്യൻ കഥാകൃത്തായ പൗസ്ടൊവസ്കി 1959-ൽ സോവിയറ്റ്സാഹിത്യത്തെക്കുറിച്ചു് ശ്രദ്ധേയമായ ഒരു ലേഖനമെഴുതി. ദുർനിർണ്ണയങ്ങളും മുൻവിധികളും സാഹിത്യത്തെ ദുഷിപ്പിക്കുന്നതിനെ അദ്ദേഹം ആക്ഷേപിച്ചു. അനുവാചകന്മാരുടെ പ്രീതിക്കുവേണ്ടി ശുഭപര്യവസായിയായ കഥകളെ ഞെക്കിപ്പിഴിഞ്ഞുണ്ടാക്കുന്ന സമ്പ്രദായം എതിർത്തുകൊണ്ടു് അദ്ദേഹം പറഞ്ഞു: ''പഞ്ചസാരയും മററു മധുരവസ്തുക്കളുംകൊണ്ടുണ്ടാക്കിയ മേൽവിരിപ്പിന്നു കീഴിൽ നല്ല തടിയും വലുപ്പവുമുള്ള സ്ത്രീപുരുഷന്മാർ നടത്തുന്ന ആഹ്ലാദപ്രകടനമാണു് ജീവിതം എന്നു കരുതി, മനുഷ്യന്റെ സഹജമായ യാതനകളുടെയും ദുഃഖങ്ങളുടെയും നേരെ കണ്ണടക്കുന്നതു് അപകടം നിറഞ്ഞ വഴക്കമാണു്.'' എല്ലാ കുററങ്ങളുടെയും കുറവുകളുടെയും മേൽ സോവിയററ് റിയലിസംകൊണ്ടു ചായംപൂശുന്ന സാഹിത്യത്തിലെ ''പൂശുവേലക്കാർ''ക്കെതിരായി ഒരു ചിന്താഗതി അങ്ങനെ വളന്നുവന്നു. അർദ്ധസത്യങ്ങളും അർദ്ധാസത്യങ്ങളും ഒന്നിച്ചുചേർത്താൽ റിയലിസമാവുകയില്ലെന്നും ചിന്തിക്കുവാനുള്ള കഴിവു് നഷ്ടപ്പെട്ട പ്രാകൃതികരായ കുറെ കഥാപാത്രങ്ങളെ സൃഷ്ടിക്കുന്നതുകൊണ്ടു്

മെച്ചമില്ലെന്നും ചില സാഹിത്യകാരന്മാരെങ്കിലും വിശ്വസിച്ചുപോന്നു.

*പുത്തുവേലക്കാരുടെ കൂടെ*

ഈ പുതിയ ചിന്താഗതി സോവിയറ്റ് അധികൃതന്മാരെ വിഷമിപ്പിച്ചു. "പൂത്തുവേലക്കാരും" അല്ലാത്തവരും തമ്മിലുള്ള വടംവലിയുടെ ശബ്ദകോലാഹലങ്ങൾക്കിടയിലാണ് 1959-ൽ സോവിയറ്റ് സാഹിത്യകാരന്മാരുടെ മൂന്നാം കോൺഗ്രസ്സ് മോസ്കോവിൽ ചേർന്നതു്. ക്രൂഷോവ് തന്നെ ആദർശപ്പോരിനെക്കുറിച്ചു് അഭിപ്രായം പ്രകടിപ്പിച്ചു. "പൂത്തുവേലക്കാരുടെ" ഗ്രൂപ്പിൽപ്പെട്ട ആളാണ് താനെന്നും അവരുടെ ജീവിതവീക്ഷണം മുഴുവൻ അംഗീകരിക്കുന്നില്ലെങ്കിലും അവരെ പൊതുവിൽ ന്യായീകരിക്കുന്നുണ്ടെന്നും അദ്ദേഹം പ്രസ്താവിച്ചു. സോവിയററ് സമുദായത്തിന്റെ മഹനീയമായ നേട്ടങ്ങളെ വിസ്മരിച്ചുകൊണ്ടു് കുററവും കുറവും മാത്രം കണ്ടുപിടിക്കുന്ന സാഹിത്യകാരന്മാരെ അദ്ദേഹം ആക്ഷേപിച്ചു. എങ്കിലും സർഗ്ഗാത്മകമായ സാഹിത്യരചനയിൽ സുപ്രധാനമായിരിക്കേണ്ടതു് ഗുണോൽക്കർഷമാണെന്നുള്ള ടർഡോവസ്കിയുടെ അഭിപ്രായം മദ്ധ്യസ്ഥമനോഭാവത്തോടുകൂടി ക്രൂഷോവ് ശരിവച്ചു. മുമ്പ് പറഞ്ഞതിനെയൊക്കെ നിഷേധിച്ചുകൊണ്ടു് ഒരു പദ്യശകലം ഉദ്ധരിക്കുകയും ചെയ്തു. റഷ്യൻകവിയായ നെക്രൊസോവിന്റെ പദ്യമാണ് ക്രൂഷോവ് ചൊല്ലിയതു്. അതിന്റെ വൃത്തഗന്ധിയായ വിവർത്തനം താഴെ കൊടുക്കുന്നു:

"വിസ്മയം! കണ്ടു ഞാൻ വിസ്മയം.
വിരുദ്ധന്മാരാം ചില റഷ്യക്കാർ
വിധർമ്മം ചെയ്തുകാരണം നിഷ്കാസിതരായാ—
രുഗ്രമാം കാനനമൊന്നിൽ.
അവർക്കു ലഭ്യമായീ ഭൂമിയും സ്വാതന്ത്ര്യവും.
മാസം പന്ത്രണ്ടു പിന്നിട്ടപ്പോൾ ചെന്നു വനത്തിൽ
സാർ ചക്രവർത്തിതൻ കിങ്കരന്മാർ.
കാണായ് വന്നു നവ്യസുന്ദരമാമേകം ഗ്രാമം.

ഉലയിലെരിയുന്നൂ തീനാളം
കളപ്പുരയിൽ ധാന്യമുണ്ടെമ്പാടും.
വർഷങ്ങൾ പിന്നിട്ട പിന്നെപ്പലതും
നവ്യമാ ഗ്രാമം പുരോഗമിച്ചു.
ഞാനാണയിട്ടു ചൊല്ലുന്നു വീണ്ടും വീണ്ടും
സ്വതന്ത്രനായ് വർത്തിക്കും മർത്ത്യന്നു്
നിർമ്മിക്കാമേറെയത്ഭുതങ്ങൾ.”

ക്രൂഷോവ് “അപ്പംകൊണ്ടു മാത്രമല്ല” എന്ന കൃതിയെ പ്രകീർത്തിച്ചു് പ്രസംഗമദ്ധ്യേ സംസാരിക്കുകയുംചെയ്തു. അദ്ദേഹം പറഞ്ഞു: “ഞാൻ ദുഡിന്റ്സെഫിന്റെ പുസ്തകം വായിച്ചു. ഉറക്കം വരാതിരിക്കുവാൻ ഇടയ്ക്കിടെ സൂചികൊണ്ടു് ദേഹത്തിൽ കുത്താതെതന്നെ വായിക്കുവാൻ സാധിച്ച പുസ്തകങ്ങളിലൊന്നാണിതു്. അതിലെ ചില ഭാഗങ്ങൾ ശ്രദ്ധേയമാണു്. അനസ്റ്റാസ് ഇവാനോവിച്ച് മിക്കോയനാണു് അതു വായിക്കണമെന്നു് എന്നെ നിർബന്ധിച്ചതു്. എന്റെ പ്രസ്താവനകളിലുള്ള അതേ വാക്കുകൾതന്നെയാണു് ആ കൃതിയിൽ ചിലേടത്തുള്ളതെന്നും അദ്ദേഹം പറഞ്ഞു. അതെ, ചില നിഷേധാത്മകമായ പ്രതിഭാസങ്ങളെ ദുഡിൻറ്സെഫ് വളരെ ബുദ്ധിപൂർവ്വം ചൂണ്ടിക്കാണിച്ചിരിക്കുന്നു... ദുഡിൻറ്സെഫ് ഒരിക്കലും നമ്മുടെ ശത്രുവായിരുന്നില്ലെന്നു് ഞാൻ ഇപ്പോഴും പറയും. സോവിയററ് വ്യവസ്ഥിതിയെ അദ്ദേഹം എതിർത്തിട്ടില്ല.”

അനിയന്ത്രിതമായ സ്വാതന്ത്ര്യം സാഹിത്യകാരന്മാർക്ക് കൊടുക്കുന്നതിൽ ക്രൂഷോവോ സോവിയറ്റ് ഗവർമ്മേണ്ടോ വിശ്വസിക്കുന്നുവെന്നു് ഈ അഭിപ്രായപ്രകടനംകൊണ്ടു് അർത്ഥമാകുന്നില്ല. സാഹിത്യകാരന്റെ സർഗ്ഗശക്തി നിയന്ത്രിക്കുന്നതു വളരെ പ്രയാസമാണെന്നു് സോവിയററ് അധികൃതന്മാർക്കു മനസ്സിലായതിന്റെ സൂചനയാണു് ദുഡിൻറ്സെഫിന്നു് അവർ നല്കുന്ന പ്രശംസ.

സോവിററ് യൂനിയനിലെ ഭൂരിഭാഗം സാഹിത്യകാരന്മാർ ഇന്നും സോവിയററ് റിയലിസത്തിൽ കണ്ണടച്ചു വിശ്വസിക്കുന്നവരാണു്. അവർക്കുതന്നെയാണു് പിൻബലമുള്ളതു്. ഗവർമ്മേണ്ടിന്റെയും പാർട്ടിയുടെയും പ്രത്യേകാനുകൂല്യങ്ങൾ

അവക്കാണു ലഭിക്കുന്നതു്. എങ്കിലും മററു സാഹിത്യകാരന്മാക്കു് അഭിപ്രായം പ്രകടിപ്പിക്കുന്നതിനു് അവസരം കൊടുക്കുവാൻ ഇന്നത്തെ പുതിയ പരിതസ്ഥിതിയിൽ ഗവമ്മേണ്ടു് നിർബന്ധിതമാകുന്നുണ്ടു്. ദുഡിൻറ്സെഫിൻെറ കഥ പ്രസിദ്ധീകരിച്ച "നോവിമിർ"ൻെറ പത്രാധിപരായ ടർഡൊവസ്കി സോവിയററ്സാഹിത്യകാരന്മാരുടെ യൂനിയൻെറ കേന്ദ്രക്കമ്മിററിയിൽ അംഗമായി തിരഞ്ഞെടുക്കപ്പെട്ടു. കമ്യൂണിസ്ററുപാർട്ടിയംഗമല്ലാത്ത ഒരാളെ യൂനിയൻെറ സിക്രട്ടരിയായി തിരഞ്ഞെടുത്തതു് പുതിയ ചിന്താഗതിയെ എതിക്കുന്നതിനു് ഗവമ്മേണ്ടിനുള്ള അധൈര്യത്തെയാണു് കാണിക്കുന്നതു്.

### പുതിയ വീക്ഷണം

പുരുഷുവേലക്കാരും അല്ലാത്തവരും തമ്മിലുള്ള വടംവലി അവസാനിച്ചിട്ടില്ല. ഈ ധർമ്മയുദ്ധം ഒരിക്കലും അവസാനിക്കില്ല. 1961 മദ്ധ്യത്തിൽ പുറത്തുവന്ന എറൻബുർഗിൻെറ ആത്മകഥയും യുവസാഹിത്യകാരനായ ടെൻഡ്രുയോകോവിൻെറ യഥാതഥമല്ലാത്ത പുതിയ നോവലും ഇതാണു കുറിക്കുന്നതു്. ഈ വടംവലിയിൽ "ഒരുതുള്ളി വെളിച്ചം" ഒരു മാർഗ്ഗദർശിയാണു്. ദുഡിൻറ്സെഫിൻെറ മുൻകൃതിയിലെ ആദർശവാദത്തെ ഈ പുതിയ കഥ അംഗീകരിക്കുന്നു, ശക്തിപ്പെടുത്തുന്നു. "അപ്പംകൊണ്ടു മാത്രമല്ല." പിന്നെ എന്തുകൊണ്ടു്? ഈ ചോദ്യത്തിനുള്ള ഉത്തരമാണു് "ഒരുതുള്ളി വെളിച്ചം." അപ്പംകൊണ്ടു മാത്രമായില്ല. വെളിച്ചവും വേണം.

ഒരു പുതിയ വീക്ഷണം ആവശ്യമായിത്തീന്നിട്ടുണ്ടെന്നു് ഇതു വ്യക്തമാക്കുന്നു. പഴയ മൂല്യങ്ങളെ നിഷേധിച്ചുകൊണ്ടു പുതിയ മൂല്യങ്ങളെ തേടിപ്പിടിക്കുവാൻ ശ്രമിക്കുന്ന വ്യക്തിയാണു്—ആത്മാവിൻെറ സ്വാതന്ത്ര്യം കണ്ടെത്തുവാൻ വെമ്പൽകൊള്ളുന്ന വ്യക്തിയാണു്—ഈ കൃതിയിലെ പ്രധാന കഥാപാത്രം. "ഭൗതികവസ്തുക്കളിലുള്ള ഭ്രമത്തെ മനുഷ്യാത്മാവിൻെറ സൗന്ദര്യം ക്രമത്തിൽ പരാജയപ്പെടുത്തുന്നുവെന്നു് അയാൾക്കു മനസ്സിലായി...നിങ്ങളെ സ്നേഹിക്കുവാൻ തോക്കു ചൂണ്ടി ഒരാളെ നിർബ്ബന്ധിക്കുവാൻ സാധ്യമല്ല"എന്ന

ദ്ദേഹം പറയുന്നു. ശാശ്വതമായ മൂല്യങ്ങളേതെന്നു തിരിച്ചറിയുന്ന വ്യക്തി സ്വാർത്ഥത്തെ കൈവെടിയുന്നു. നിരർത്ഥകങ്ങളായ വാദപ്രതിവാദങ്ങളെ വെറുക്കുന്നു. സ്വസാക്ഷാൽക്കാരത്തിനുവേണ്ടിയുള്ള തപസ്യയും ലോകക്ഷേമത്തെ മുൻനിർത്തിയുള്ള സേവനവുമാണ് അയാൾ പിന്നീട്ട് അവലംബിക്കുന്ന ജീവിതവൃത്തി.

ഈ ജ്ഞാനോദയമുണ്ടാക്കുന്ന വ്യക്തിശാസ്ത്രത്തെ വ്യഭിചരിപ്പിക്കാതെ അതിൻെറ അത്ഭുതസിദ്ധികളെ മനുഷ്യന്റെ വളർച്ചയ്ക്കുവേണ്ടി ഉപയോഗപ്പെടുത്തുന്നു. നവീനയുഗത്തിന്റെ നിർമ്മാതാക്കളായ ശാസ്ത്രജ്ഞന്മാരാണ് ഈ കഥയിലെ മിക്ക പാത്രങ്ങളും. ശാസ്ത്രീയപുരോഗതിയും ഭൗതികലോകാധിപത്യവും സമാധാനത്തിൽ വളരുവാൻ മനുഷ്യനെ ശക്തനാക്കണം എന്ന ധ്വനി ഈ കൃതിയിലുണ്ട്.

*പരിഹാസപ്പനിനീർച്ചെടി*

ശാസ്ത്രസംഘത്തിലും മററും കണ്ടുവരുന്ന നിരർത്ഥകമായ വാദപ്രതിവാദങ്ങളെ ദുഡിൻറ്സെഫ് പരിഹസിക്കുന്നുണ്ട്. വാദപ്രതിവാദങ്ങൾ പഞ്ചവത്സരപദ്ധതിയാക്കി വളർത്തുന്ന രണ്ടു ശാസ്ത്രജ്ഞന്മാരെ ഈ കഥയിൽ കാണാം. പൊള്ളയായതിനെ—രാഷ്ട്രീയരംഗത്തും സാമൂഹ്യരംഗത്തും—ദയകൂടാതെ ദുഡിൻറ്സെഫ് പരിഹസിക്കുന്നു. പ്രലോഭനങ്ങൾക്ക് വശംവദരായി അപ്രധാനങ്ങളായവയുടെ പിന്നാലെ ഓടുന്നതിൻെറ പരിഹാസ്യത അദ്ദേഹം വെളിപ്പെടുത്തുന്നു. "ഒരു തുള്ളി വെളിച്ചം" വാസ്തവത്തിൽ ഒരു പരിഹാസപ്പനിനീർച്ചെടിയാണ്.

ഈ ആശയങ്ങളെയെല്ലാം പ്രതിപാദിക്കുന്നതിനു് ദുഡിൻറ്സെഫ് സ്വീകരിച്ച രൂപം ഏററവും പുരാതനമായ കെട്ടുകഥയാണ്. സിംബലുകളിൽകൂടിയാണ് അദ്ദേഹം ആശയങ്ങൾ അവതരിപ്പിക്കുന്നത്. ഒരുതരം സോവിയറ്റ് സിംബോളിസം അദ്ദേഹം സൃഷ്ടിച്ചിരിക്കുന്നു. സോവിയററ് ഹ്യൂമാനിസമല്ലേ ഈ സിംബോളിസത്തിന് പിന്നിലുള്ള പ്രേരണാശക്തി എന്ന ചോദ്യം ഉത്ഭവിക്കാം. അല്ല. ഇതൊരു പുതിയ വീക്ഷണമാണ്. ഒരു പാർട്ടിയുടെയോ വർഗ്ഗത്തിന്റെയോ

ഭാഗികമായ വീക്ഷണമല്ല. ഗ്രന്ഥകാരനും പാർട്ടിയും തമ്മിലുള്ള വ്യത്യാസം ഈ കൃതിയിൽ വ്യക്തമായി കാണാം. ഇതിലെ ഏററവും അറപ്പുതോന്നുന്ന കഥാപാത്രം പേർസണൽ ഓഫീസ്സറാണ്. പുതിയ അധികാരവർഗ്ഗത്തിന്റെ പ്രതിനിധിയും പാർട്ടിയുടെ വക്താവുമാണദ്ദേഹം എന്നു കരുതാവുന്നതാണ്.

ഈ കഥയിലുള്ള എല്ലാ പാത്രങ്ങളുടെയും പകർപ്പുകൾ ജീവിതത്തിൽ കണ്ടെത്തുവാൻ കഴിഞ്ഞില്ലെന്നു വരാം. നല്ല മാർഗ്ഗത്തിലേക്കു തിരിച്ചുവരുന്ന കഥാനായകൻ ആരെയാണു പ്രതിനിധാനം ചെയ്യുന്നതു്? അയഥാർത്ഥമായ രാജ്യത്തിലും സമുദായത്തിലുമാണ് അയാൾ ജീവിക്കുന്നതെന്നു പരിഹാസത്തോടെ പല സ്ഥലത്തും കഥ സൂചിപ്പിക്കുന്നുണ്ടു്. കൊള്ളക്കാരുടെ സംഘം കമ്യൂണിസ്റ്റുപാർട്ടിയുടെ കേന്ദ്രക്കമ്മിററിയും കൊള്ളത്തലവൻ ക്രൂഷോവും ആവാമെന്ന് ഇതിനകം ചില നിരൂപകന്മാർ ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. കഥാനായകൻ ജയിലിൽനിന്നെഴുതുന്ന കത്തും 1955–ൽ നടന്ന ഇരുപതാം പാർട്ടി കോൺഗ്രസ്സിൽ ക്രൂഷോവ് ചെയ്ത പ്രസംഗവും തമ്മിൽ സാദൃശ്യം കാണുന്നവരുമുണ്ടു്.

ഈ വ്യാഖ്യാനം ശരിയാണോ? ഇങ്ങനെ ഒരു സിംബൽ സൃഷ്ടിക്കുന്നതിനു് ദൂഡിൻറ്സെഫിന്നു് എങ്ങനെ ധൈര്യമുണ്ടായി? ''ഒരുതുള്ളി വെളിച്ച''ത്തിന്നു് രാഷ്ട്രീയമായ പ്രാധാന്യമൊന്നുമില്ലെന്നും ക്രൂഷോവ് മുമ്പൊരിക്കൽ പറഞ്ഞ ഒരു കഥയെ ആശ്രയിച്ചാണു് ഈ നോവൽ എഴുതിയിരിക്കുന്നതെന്നും ഒരു പക്ഷമുണ്ടു്. സോവിയററ് പ്രധാനമന്ത്രിതന്നെ ഇങ്ങനെ ഒരു സിംബൽ ഉപയോഗിച്ചിരുന്നുവത്രെ. സാഹിത്യകാരന്മാരുടെ സമ്മേളനത്തിൽ പ്രസംഗിക്കുമ്പോൾ വിചിത്രമായ ഒരു കഥ ക്രൂഷോവ് പറഞ്ഞിരുന്നു. കരിങ്കടൽത്തീരത്തുള്ള സോച്ചിയിൽ വിശ്രമത്തിനു താമസിക്കുന്ന കാലത്തു് ക്രൂഷോവിന്നു് ഒരു കത്തു കിട്ടി. പന്ത്രണ്ടു വയസ്സുമുതൽ തസ്കരവൃത്തി ഉപജീവനമാർഗ്ഗമാക്കി സ്വീകരിക്കുകയും നാലുതവണ ജയിലിൽ പോകുകയും ചെയ്ത ഒരു കള്ളന്റെ കത്തായിരുന്നു അതു്. നല്ല മാർഗ്ഗത്തിലേക്കു തിരിച്ചുവന്നു് മാന്യതയോടെ ജീവിക്കുവാനാഗ്രഹിക്കുന്നുവെന്നും

ക്രൂഷോവ് ഇതിന്നു സഹായിക്കണമെന്നും കത്തിൽ പ്രസ്താവിച്ചിരുന്നു. കള്ളനെ പ്രധാനമന്ത്രി ക്ഷണിച്ചുവരുത്തി. ബുദ്ധിശാലിയും ദയാശീലനുമാണ് ഈ കള്ളനെന്നു ക്രൂഷോവിന്നു തോന്നി. രണ്ടുപേരും ചേർന്ന് ഒരു ഫോട്ടോ എടുത്തു. അയാൾക്ക് ക്രൂഷോവ് ഒരു ജോലിയുണ്ടാക്കിക്കൊടുത്തു. ഇപ്പോൾ മാന്യതയോടെ ഒരു ഉറുഖത്തൊഴിലാളിയായി ജീവിക്കുകയാണ് ഈ പഴയ തസ്കരൻ എന്നു ക്രൂഷോവ് കഥമുഴമിച്ചുകൊണ്ടു പറഞ്ഞു. സാഹിത്യകാരന്മാരെ അഭിസംബോധന ചെയ്തുകൊണ്ട് അദ്ദേഹം തുടൻു: "സഖാക്കളേ, ഇതു നമ്മുടെ ജീവിതത്തിന്റെ ഭാഗമാണ്. ആ കത്തയച്ച ആൾ ജീവിക്കുന്ന ചലിക്കുന്ന യഥാൎത്ഥമനുഷ്യനാണ്.... കമ്യൂണിസം കെട്ടിപ്പടുക്കുന്നതിൽ ഈ മനുഷ്യനു വല്ലതും ചെയ്യുവാൻ കഴിയുമോ? അയാൾക്ക് കഴിവുകളുണ്ട്."

ഈ സംഭവകഥ ഊതിവീർപ്പിച്ചതാണ് "ഒരുതുള്ളി വെളിച്ചം" എന്ന അഭിപ്രായം തികച്ചും സ്വീകാര്യമല്ല. ദുഡിൻ്റ്സെഫിന്റെ സിംബോളിസം അദ്ദേഹത്തിന്റെ സ്വന്തം ആവിഷ്കരണമാണെന്ന് കഥയുടെ ബഹുമുഖമായ തത്വചിന്ത വ്യക്തമാക്കുന്നുണ്ട്. ഇതൊരു വ്യതിചലനമാണ്, പുതുമയാണ്. സോവിയററ് സാഹിത്യത്തിൽ ഒരു നൂതനപദ്ധതി ഇതാരംഭിക്കുന്നു. "അപ്പംകൊണ്ടു മാത്രമല്ല" എന്ന നോവലിനേക്കാൾ ഹൃദ്യമായ സാഹിത്യസൃഷ്ടിയാണ് "ഒരുതുള്ളി വെളിച്ചം". ആദ്യത്തെ നോവലിന്നു് രാഷ്ട്രീയവും സിദ്ധാന്തപരവുമായ പ്രാധാന്യമുണ്ട്. സാഹിത്യപരമായ മെച്ചം അത്രതന്നെ ഇല്ല. സത്യം പറയുവാൻ ധൈൎയ്യമുള്ള ഒരെഴുത്തുകാരനാണ് ദുഡിൻ്റ്സെഫ് എന്ന് ആദ്യത്തെ കൃതി വ്യക്തമാക്കി. പ്രതിഭാശാലിയായ ഒരു സാഹിത്യകാരൻകൂടിയാണദ്ദേഹം എന്നു് ഈ കഥ വെളിപ്പെടുത്തുന്നു.

## *മണൽപ്പരപ്പിലെ പുൽത്തകിട്ട്*

പ്രതിഷ്ഠാപിതമായ മാൎഗ്ഗത്തിലൂടെ സഞ്ചരിക്കാത്ത ഈ കഥാകൃത്തിന്നു് ഭാവനയോടൊപ്പം പ്രസ്താവനയിൽ ഭംഗിയും പ്രതിപാദനത്തിൽ നൈപുണ്യവുമുണ്ട്. സൎഗ്ഗാത്മകമായ സിദ്ധിപോലെതന്നെ സജീവമായ രചനാസമ്പ്രദായവു

മുണ്ട്. വാസ്തവത്തിൽ സോവിയറ്റ് റിയലിസമാകുന്ന മണൽ പ്പരപ്പിൽ കഴിഞ്ഞ നാല്പതുകൊല്ലത്തിനകത്ത് ആദ്യം പ്രത്യക്ഷപ്പെട്ടുന്ന പച്ചപ്പുൽത്തകിടാണ് "ഒരുതുള്ളി വെളിച്ചം".

ഈ കൃതിയുടെ ആന്തരമായ ആശയം എന്താണെന്ന ചോദ്യം അവശേഷിക്കുന്നുണ്ട്. ദ്ദഡിന്റ്സെഫിൻെറ വീക്ഷണത്തിൻെറ സവിശേഷതയെന്താണ്? ജീവിതത്തിന്റെ വിവിധമണ്ഡലങ്ങളെയും നിരകളെയും സ്പർശിച്ചുകൊണ്ടാണ് ഈ കഥ മെനഞ്ഞെടുത്തിരിക്കുന്നതു്. വ്യക്തിയുടെ, സമൂഹത്തിൻെറ, രാഷ്ട്രത്തിൻെറ, പ്രപഞ്ചത്തിന്റെതന്നെ സ്ഥിതിവിശേഷങ്ങളുമായി ബന്ധമുള്ള കഥയാണിതു്. കർമ്മനിരതനായി സേവനത്തിനും പ്രേമത്തിനുംവേണ്ടി പുതിയ ജീവിതസരണി അവലംബിക്കുന്ന കൊള്ളത്തലവനാണ് "ഒരുതുള്ളി വെളിച്ച"ത്തിലെ മദ്ധ്യബിന്ദു. കർമ്മവും ജ്ഞാനവും സ്നേഹവും അമരത്വവും അദ്ദേഹത്തിൻെറ ദർശനത്തിലൊതുങ്ങിനില്ക്കുന്നു.

സമസ്തഷ്ടങ്ങളെ സഹായിക്കുന്നതിനു് നിസ്വാർത്ഥമായി ചെയ്യുന്ന കർമ്മം ലോകസേവയാണ്. ഇതാണ് യജ്ഞം എന്നു ഗീത ഉപദേശിക്കുന്നു. ഇതുതന്നെയാണ് ശാസ്ത്രജ്ഞനായിത്തീരുന്ന കൊള്ളത്തലവനുണ്ടായ ജ്ഞാനോദയത്തിൻെറ അടിസ്ഥാനം. അജ്ഞാതവും അതിവിദൂരസ്ഥവുമായ ഒരു ലക്ഷ്യത്തിലെത്തുന്നതിനു് ഉൽക്കൃഷ്ടമായ മാർഗ്ഗം സ്വീകരിക്കുന്ന കഥാനായകൻ ദിഗന്തരങ്ങളോളം നീളുന്ന ആവേശത്തോടെ കർമ്മനിരതനായി വർത്തിക്കുന്നു. ഈ കൃതിയിലെ ഒരു ഉൽബോധനം ഈശാവാസ്യോപനിഷത്ത് ഉപദേശിക്കുന്നതുപോലെ "കുർവന്നേവേഹ കർമ്മാണി ജിജീവിഷേച്ഛതം സമാഃ" എന്നാണെന്നു തോന്നുന്നു. "ഈ ലോകത്തിൽ നൂറു കൊല്ലക്കാലം കർമ്മം ചെയ്തുകൊണ്ടുതന്നെ ജീവിക്കുവാൻ ഇച്ഛിക്കണം." എന്തിനു്? എവിടെയെവിടെ ഇരുട്ടുണ്ടോ അവിടെയവിടെ വെളിച്ചം എത്തിക്കുന്ന അത്യുൽക്കൃഷ്ടമായ കൃത്യമാണ് നായകൻ നിർവ്വഹിക്കുന്നതു്. ഈ മഹായജ്ഞത്തിൽ സ്വയം ആർജ്ജിക്കാവതല്ലാത്ത ചില ശക്തികൾ അദ്ദേഹത്തെ സഹായിക്കുന്നുണ്ട്. മനുഷ്യപ്രയത്നങ്ങൾക്ക് അതീതമായ ചില സത്യങ്ങളുണ്ടെന്ന ധ്വനി ഇവിടെയുണ്ട്.

അപകൃഷ്ടങ്ങളായ പ്രലോഭനങ്ങളുടെ വലയത്തിൽ കുടുങ്ങിക്കിടക്കുന്ന മനുഷ്യാത്മാവിനെ ഈ കൃതിയിൽ കാണാം. അത്തരം കാരാഗൃഹത്തിൽനിന്നു രക്ഷപ്പെടുന്നതിനാണു കഥാനായകൻ ശ്രമിച്ചതു്. ലക്ഷ്യത്തിലെത്തുവാൻ പരിണാമാത്മകമായ പദ്ധതിയാണു് അദ്ദേഹം അവലംബിക്കുന്നതു്. ജനനവും മരണവും ഇവിടെ പ്രശ്നങ്ങളല്ല. മരണം ഒന്നും അവസാനിപ്പിക്കുന്നില്ല. അതൊരു പൂർണ്ണവിരാമമല്ല. മാററം മാത്രമാണു്. കൊള്ളത്തലവൻ മരിക്കുന്നു. വീണ്ടും ജനിക്കുന്നു എന്നു നമുക്കു തോന്നുന്നു.

"കാലവും അതു നമ്മുടെ നേർക്കു് അനുവർത്തിക്കുന്ന മായാവിദ്യകളുമാണു് എന്റെ വിഷയം" എന്നു കഥയുടെ ആദ്യത്തിൽ പ്രസ്താവിക്കുന്നുണ്ടു്. അപ്രമേയമായ കാലത്തിന്റെ യഥാർത്ഥസ്വരൂപം മനസ്സിലാക്കുന്നതോടുകൂടി ഏററവും ഉൽകൃഷ്ടമായ സത്യം അനാവൃതമാകുന്നു. സത്യാന്വേഷണമാണു്—സൗന്ദര്യാവിഷ്കരണമാണു്—"ഒരുതുള്ളി വെളിച്ച"ത്തിലെ ഒരു പ്രധാന വിഷയം.

ഇതെല്ലാം ദ്ദഡിന്റ്സെഫ് ബോധപൂർവ്വകമായി ഈ കഥയിൽ കൊള്ളിച്ചിരിക്കുന്നുവെന്നു് ആരും അവകാശപ്പെടുന്നില്ല. ഇതൊരു കെട്ടുകഥ—മുതിർന്നവർക്കുള്ള കെട്ടുകഥ—ആയതുകൊണ്ടു് ഇതിന്റെ ആന്തരമായ ആശയങ്ങളെ ആരാഞ്ഞറിയേണ്ടതു് ആവശ്യമാണു്. അതുകൊണ്ടാണു് ആവശ്യത്തിലധികം നീണ്ടുപോയ ഈ അവതാരിക നിഗൂഢങ്ങളായ ആശയങ്ങളെ പ്രകാശിപ്പിക്കുവാൻ ശ്രമിച്ചതു്. കഥാനായകൻതന്നെ പ്രസ്താവിക്കുന്നതുപോലെ "ഈ കഥയുടെ സന്ദേശമെന്തായാലും അതു നിങ്ങളെ രസിപ്പിക്കുമെന്നു തീർച്ചയാണു്."


ടി. വി. കുഞ്ഞികൃഷ്ണൻ



# ഒരു തുള്ളി വെളിച്ചം

1

ഒരു മായികലോകത്തിലാണു് ഞാൻ ജീവിക്കുന്നതു്. സങ്കല്പമാത്രമായ കെട്ടുകഥയുടെ നാട്ടിൽ, എന്റെ ഭാവന സൃഷ്ടിച്ച നഗരത്തിൽ. അവിടുത്തെ ജനങ്ങൾക്കു് അത്ഭുതമയമായ പല അനുഭവങ്ങൾ ഉണ്ടാകാറുണ്ടു്. അത്തരം സാഹസികാനുഭവങ്ങൾ എനിക്കുമുണ്ടായിട്ടുണ്ടു് ഈ പുതുവർഷാരംഭത്തിൽ ജനങ്ങൾ അസംഭാവ്യമായ കഥകൾപോലും വിശ്വസിക്കുവാൻ തയ്യാറാണെന്ന വസ്തുതയോർത്തു് എന്റെ അനുഭവങ്ങളിൽ ചിലതു് നിങ്ങളോടു ഞാൻ പറയാം. കാലവും അതു്



നമ്മുടെ നേക്ക് അനുവർത്തിക്കുന്ന മായാവിദ്യകളുമാണ് എൻെറ വിഷയം. നിങ്ങൾക്കറിയാമല്ലോ, കാലം അനന്തമാണ്. സർവ്വവ്യാപിയുമാണ്. എൻെറ ഭാവനാലോകത്തിൽ നിങ്ങളുടെ ഘടികാരം മോസ്കോസമയമനുസരിച്ചു ശരിപ്പെടുത്താം. ഈ കഥയുടെ ചില ഭാഗങ്ങൾ യഥാർത്ഥവും അനുഭവവേദ്യവുമായ സ്വന്തം ജീവിതത്തെ സ്പർശിക്കുന്നുണ്ടെന്ന് ചില വായനക്കാർക്കു തോന്നിയേക്കാം. അതുകൊണ്ടാണ് വരുന്നതു വരട്ടെ എന്നുറച്ച്, ഞാൻ ഈ കഥ നിങ്ങളോടു പറയാൻ മുതിരുന്നത്.

അസാധാരണമായ ഒരു പക്ഷി—ഒരു ക്രമൻ—ഞങ്ങളുടെ നഗരത്തിൽ പറന്നെത്തിയിരിക്കുന്നു. അത് പലരേയും സന്ദർശിച്ചിട്ടുണ്ട്. സൂര്യനെക്കുറിച്ചു പഠനം നടത്തുന്ന ഒരു ശാസ്ത്രസംഘത്തിൻെറ മേധാവിയും എൻെറ നേരെ മേലുദ്യോഗസ്ഥനുമാണ് ഈ അസാധാരണമായ പക്ഷിയുടെ സന്ദർശനഭാഗ്യം ലഭിച്ച ആദ്യത്തെ ആൾ. രണ്ടാമത്തെ ആൾ എൻെറ പഴയ സഹപാഠിയും ഞരമ്പുചികിത്സാവിദഗ്ദ്ധനുമായ ഡോക്ടരാണ്. മൂന്നാമത്തെ ആൾ ഞാൻതന്നെ. ഇതൊരു സവിശേഷതയുള്ള പക്ഷിയാണ്. ഇതിൻെറ ചിത്രം പാഠപുസ്തകങ്ങളിൽപ്പോലും ഇല്ലാതായിരിക്കുന്നു. ഇതിൻെറ സ്വഭാവം കൂടുതലായി അറിവാൻ ആളുകൾ ശ്രമിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു!

ഈ പക്ഷിയുടെ വരവിനു മുമ്പുതന്നെ സൂര്യപ്രകാശത്തിൻെറ സ്വഭാവത്തെക്കുറിച്ച് ഒട്ടേറെ ഗ്രന്ഥങ്ങൾ ഞാൻ പ്രസിദ്ധീകരിച്ചിരുന്നു. എനിക്കൊരു സർവ്വകലാശാലാബിരുദമുണ്ട്. പല വിദഗ്ദ്ധസമിതികളിലും ഞാൻ ഉപദേഷ്ടാവായിരുന്നു. ആദരണീയനും അംഗീകൃതനു

മാകാൻ ഞാൻ വെമ്പിക്കൊണ്ടിരുന്ന കാലമായിരുന്നു അതു്. നമ്മുടെ തലമുതിന്ന പ്രാമാണികന്മാരെ അനുകരിച്ചു് ഞാൻ സ്വല്പം തലയെടുപ്പോടെതന്നെ പെരുമാറി. ആരെങ്കിലും എന്നോടൊരു ചോദ്യം ചോദിച്ചുവെന്നിരിക്കട്ടെ. ചിട്ടപ്പെടുത്തിയ സ്വരത്തിൽ, അവശ്യംവേണ്ട സാവകാശമെടുത്തശേഷം മാത്രമെ കനപ്പെട്ടതും സുചിന്തിതവുമായ ഉത്തരം ഞാൻ നൽകിയിരുന്നുള്ളു. കൂടാതെ എന്റെ വിലകൂടിയ കോട്ടു് ചുളിവീഴാതെ സൂക്ഷിക്കുന്നതിൽ ഞാൻ പ്രത്യേകശ്രദ്ധ പതിപ്പിച്ചു. ഞങ്ങളുടെ മുറിയിൽ ഓരോരുത്തക്കും വെവ്വേറെ അലമാരികൾ ഉണ്ടു്. അതിലൊന്നിനകത്തു്, പ്രാമാണികരായ ജ്ഞാനവൃദ്ധന്മാർ ചെയ്യാറുള്ളതുപോലെ പേരിന്റെ ആദ്യക്ഷരങ്ങൾ കൊത്തിയതും മരംകൊണ്ടുണ്ടാക്കിയതുമായ 'കോട്ടുതൂക്കി' ഞാൻ നിക്ഷേപിച്ചു.

കുറച്ചൊക്കെ ബുദ്ധിശാലിയായ ഞാൻ അപ്പപ്പോൾ മനസ്സിലുദിച്ച ചിന്താശകലങ്ങൾ, ഒരു 'അക്കാദമിഷ്യ'ന്റെ ഉപദേശമനുസരിച്ചു്, കടലാസ്സിൽ കുറിച്ചിടുക പതിവായിരുന്നു. ഏററവും ഫലവത്തായ ആശയങ്ങൾ മേശയ്ക്കു മുമ്പിൽ വിയത്തു് മെനക്കെട്ടിരിക്കുമ്പോഴല്ല ഉറവെടുക്കുന്നതു്. പലപ്പോഴും തെരുവിലൂടെ ഉലാത്തുമ്പോഴും മററും തെന്നൽപോലെ അവ അകത്തു വീശി എത്തുകയാണു്. അപ്പോൾ ഞാനവ രേഖപ്പെടുത്തിവെയ്ക്കും. പിന്നീടു് ആ സംഗതി അമ്പെ വിസ്മരിക്കയുംചെയ്യും. എന്നാൽ എന്റെ മേശയ്ക്കകത്തു നിക്ഷേപിച്ചിരുന്ന ആ കടലാസ്സുചുരുളുകളെപ്പററി എന്റെ വേലക്കാരി ഓത്തിരുന്നു. അടുപ്പു കത്തിക്കുവാൻ അവൾ ആ കടലാസ്സുതുണ്ടുകൾ ഉപയോഗപ്പെടുത്തിവന്നു.

എന്റെ മാന്യതയാകുന്ന മറയ്ക്കു പിന്നിൽ ഞാൻ ഒരു കൊച്ചുകുഞ്ഞിനെപ്പോലെ നിഷ്കളങ്കനായിരുന്നു. (കൂട്ടത്തിൽ പറയട്ടെ, ഞങ്ങളുടെ ഡയറക്ടരും ഇത്തരം ആളായിരുന്നു.) എന്നിലുള്ള ആ നിഷ്കളങ്കനായ പൈതൽ ചിലപ്പോൾ പുറത്തുചാടാറുണ്ട്. ഞങ്ങളുടെ ഹോസ്റ്റലിലെ പൊതുമുറിയിലുള്ള ടെലിവിഷൻസെററിനു മുമ്പിലിരുന്നു നീലത്തിരയിൽ, സ്പിരിറ്റിൽ കുപ്പിയിലിട്ടു സൂക്ഷിച്ച മാതൃകകൾപോലെ കാണപ്പെടുന്ന ഫുട്ട്ബോൾകളിക്കാരുടെ രൂപങ്ങൾ, അവിവാഹിതരായ ഞങ്ങൾ നിശ്ചലരായി തുറിച്ചുനോക്കുമ്പോഴും മററും ഈ കുട്ടിത്തരം പുറത്തുവരും.

ആരെയും ഞാൻ വെറുതെ വിടാൻപോകുന്നില്ല. എന്നെപ്പോലും. ഞാൻതന്നെ ആദ്യം പരിശോധിച്ചു വിധികല്പിച്ച എന്റെ സ്വഭാവത്തിന്റെ പല വശങ്ങളെ ബോധപൂർവ്വകമായി നിങ്ങൾക്കു കാട്ടിത്തരികയും വിധികല്പിക്കുന്നതിനു സമർപ്പിക്കുകയുമാണു് ഞാൻ ചെയ്യുന്നതു്. എന്റെ കണ്ണുകൾ ഈയ്യിടെ തുറക്കപ്പെട്ടതുപോലെ എനിക്കു തോന്നുന്നു. കൃത്യമായി പറയുകയാണെങ്കിൽ ക്രൂമൻ എന്നെ ആദ്യം സന്ദർശിച്ച ദിവസമാണു് ഈ അനുഭവമുണ്ടായതു്. ക്രൂമനാണു് എന്റെ കണ്ണുകൾ തുറപ്പിച്ചതു്. ഞാൻ അതിനോടു കൃതജ്ഞനാണു്.

ഒരുദാഹരണം പറയാം. എസ്സ് എന്ന വ്യക്തിയുമായി എനിക്കുണ്ടായിരുന്ന വഴക്ക് ഒരു പുതിയ വെളിച്ചത്തിൽ ഇന്നെനിക്ക് കാണാൻ സാധിക്കുന്നു. ഒരു പ്രാദേശികശാസ്ത്ര അക്കാദമിയുടെ താല്ക്കാലികാംഗമാണദ്ദേഹം. അഞ്ചുകൊല്ലം മുമ്പ് എഴുതിയ ഒരു ലേഖനത്തിൽ എന്റെ പ്രസിദ്ധമായ ഒരു കൃതി "അലസമായ

അനുമാനങ്ങളുടെ ഫലമാ"ണെന്ന് അദ്ദേഹം ആക്ഷേപിച്ചു. എനിക്കതിന്നു മറുപടി പറയാതിരിക്കാൻ കഴിഞ്ഞില്ല. മറുപടിയിൽ എസ്സിൻെറ വാദമുഖങ്ങളെ നിഷ്പ്രയാസം ഞാൻ ഖണ്ഡിച്ചു. "ഇതാണ് ഡോക്ടർ എസ്സ് വളരെ പാടുപെട്ടിട്ടും തെളിയിക്കാൻ കഴിയാത്ത വസ്തുത" എന്നൊരു കൊള്ളിവാക്കും ഞാൻ എൻെറ പ്രത്യാഖ്യാനത്തിൽ ചേർത്തു. (അദ്ദേഹം താല്ക്കാലികാംഗമാണെങ്കിലും, ഒരു തികഞ്ഞ അക്കാദമി അംഗമല്ലെന്നും എന്നെപ്പോലെ ശാസ്ത്രത്തിൽ പിഎച്ച്. ഡി. ബിരുദം മാത്രമുള്ള ഒരാളാണെന്നും എനിക്കറിയാമായിരുന്നു.) വീണ്ടും എസ്സ് മറുപടിയുമായി വന്നു. ഇത്തവണ ഒരു നെടുനീളൻ നിബന്ധരൂപത്തിൽ. എൻെറ 'സിദ്ധാന്തം' (ഉദ്ധരണചിഹ്നങ്ങളിലാണ് ഈ പദം അദ്ദേഹം ഉപയോഗിച്ചതു്) സ്ഥാപിക്കുവാൻ പരീക്ഷണങ്ങളെ ഞാൻ വളച്ചൊടിച്ചു എന്നായിരുന്നു അദ്ദേഹത്തിൻെറ ആരോപണം. ആ ലേഖനം വെളിച്ചം കാണേണ്ട താമസം മാത്രം. സൂര്യനെക്കുറിച്ചുള്ള എൻ്റെ പുതിയ നിരീക്ഷണങ്ങൾ വിവരിക്കുന്ന നീണ്ട ഒരു ലേഖനം ഞാൻ പ്രസിദ്ധീകരിച്ചു. ഇവ ശരിയാണെന്ന് ലേഖനം സമർത്ഥിച്ചു. എസ്സിൻെറ വാദങ്ങൾ തകർന്നു പോയെന്ന് ഞാനും സഹപ്രവർത്തകന്മാരും കരുതി. എൻെറ ലേഖനത്തിൽ അദ്ദേഹത്തിൻ്റെ പേരുപോലും ഞാൻ എടുത്തുപറഞ്ഞിരുന്നില്ല. "ചില ഗ്രന്ഥകാരന്മാർ" എന്നു മാത്രമാണ് ഞാൻ ഉപയോഗിച്ചതു്. രണ്ടാമത്തെ ആക്രമണത്തിനുശേഷം ശത്രു ജീവിക്കുമെന്നു ഞാൻ വിചാരിച്ചില്ല. പക്ഷേ, വീണ്ടും എസ്സ് മറുപടി എഴുതി. അങ്ങനെ ആ പ്രത്യാഖ്യാനസമരം ഒരു പഞ്ചവത്സരപദ്ധതിയായി തുടർന്നുപോയി.

അഞ്ചുകൊല്ലം നീണ്ടുനിന്ന ഈ വാദപ്രതിവാദം എൻെറയും അദ്ദേഹത്തിൻെറയും ഞരമ്പുകളെ വല്ലാതെ തളൎത്തിയിരുന്നു.

അതവിടെ നില്ക്കട്ടെ. നമുക്കു നമ്മുടെ കഥയിലേക്കു മടങ്ങിവരാം. പരീക്ഷണശാലയിൽ ഒരു ദിവസം കാലത്തു് ഞങ്ങളെല്ലാം സമ്മേളിച്ചു. കോട്ടുകൾ അലമാരികളിൽ തൂക്കിയിട്ടു. രാവിലെ ജോലി ആരംഭിക്കുന്നതിനുമുമ്പു് സാധാരണ നടത്താറുള്ള സൈ്വരസല്ലാപത്തിനു വട്ടംകൂട്ടി. ഞങ്ങളുടെ ഡയരക്ടരാണു് സംഭാഷണം ആരംഭിച്ചതു്. പഴയ ഗ്രന്ഥങ്ങളും നാണയങ്ങളും പ്രാചീന ശിലോപകരണങ്ങളും മററും ശേഖരിച്ചു പുരാവസ്തു ഗവേഷണം നടത്തുകയാണു് ഒഴിവുവേളയിൽ അദ്ദേഹം ചെയ്തിരുന്നതു്. പ്രത്യേകതയൊന്നുമില്ലാത്ത അദ്ദേഹത്തിൻെറ ജീവിതത്തെ ശാസ്ത്രീയഗവേഷണത്തെക്കാൾ ഈദൃശസംരംഭങ്ങളാണു് കൂടുതൽ സാൎത്ഥവത്താക്കിയതെന്നു് എനിക്കു തോന്നി.

“ഇതാ ഒരു വിചിത്രവസ്തു” അദ്ദേഹം ഞങ്ങളോടു പറഞ്ഞു. “ഈയ്യിടെ ഒരു ദിവസം ഒരു കല്ലറയിന്മേലുള്ള ലിഖിതം ഞാൻ വായിച്ചപ്പോൾ ഈ അപൂൎവ്വചിഹ്നം കണ്ടെത്തി.” ഇന്ത്യനിങ്കിൽ വരച്ച ക്രൂമൻെറ ചിത്രമുള്ള ഒരു വെള്ളക്കടലാസ് അദ്ദേഹം ഞങ്ങൾക്കു കാണിച്ചുതന്നു.

സാഭിമാനം അദ്ദേഹം പറഞ്ഞു: “ഈ ലിഖിതം മനസ്സിലാക്കുവാൻ എനിക്കു കഴിഞ്ഞു. ഒരു പേരും അതിനുശേഷം അദ്ദേഹം തൊള്ളായിരം കൊല്ലം ജീവിച്ചു എന്നും ഇതിൽ കാണുന്നുണ്ടു്.”

പച്ചപ്പരിഷ്കാരിയും സുഖലോലുപനുമായ ഒരു സഹപ്രവൎത്തകൻ വിദൂരതയിൽ കണ്ണുറപ്പിച്ചുകൊണ്ടു

KOTTAYAM PUBLIC LIBRARY KOTTAYAM
DISTRIBUTING LIBRARY No. 6693 KOTTAYAM

പറഞ്ഞു: "എനിക്കു നൂറുകൊല്ലം ജീവിച്ചാൽ മതി."

"അതെന്താ അങ്ങനെ?" മററൊരു സഹപ്രവത്തകൻ പെട്ടെന്നു ചോദിച്ചു. മെലിഞ്ഞ ശരീരപ്രകൃതിയും വിശാലമായ മാറിടവുമുള്ള മധ്യവയസ്കനായ ഈ മനുഷ്യൻ എൻെറ അടുത്താണു് പതിവായി ഇരിക്കാറു്. അധികമൊന്നും സംസാരിക്കാറില്ല. പ്രവൃത്തിചെയ്യുവാനുള്ള അവിശ്വസനീയമായ കഴിവും വേഷാഡംബരങ്ങളിലുള്ള അനാസ്ഥയും മിതഭാഷണവും അദ്ദേഹത്തെ ഞങ്ങളിൽനിന്നു വ്യത്യസ്തനാക്കി. "നിങ്ങൾക്കു നൂറുവഷം ആവശ്യമില്ല. ഇപ്പോൾത്തന്നെ നിങ്ങൾക്കു് ഒരു ധൃതിയുമില്ലല്ലോ."

82697

ഞങ്ങളുടെ ഡയരക്ടർ ശബ്ദമുയത്തി പറഞ്ഞു: "ഞാനൊന്നു പറയട്ടെ." അദ്ദേഹം പറയുന്നതിനിടയിൽ കടന്നു് ഞങ്ങൾ സംസാരിച്ചുവെന്നു് അദ്ദേഹത്തിൻെറ സ്വരം വ്യക്തമാക്കി. "ഈമാതിരി ക്രൂമനെ പലകാലത്തും പല രാജ്യങ്ങളിലും കണ്ടിട്ടുണ്ടു്. കല്ലുകൊണ്ടുണ്ടാക്കിയ ക്രൂരനായ ക്രൂമൻ ഒരു മരുഭൂമിയിലുണ്ടു്. പക്ഷേ, നമ്മുടെ നാട്ടിൽ ഇതിനെ കാണുന്നതു് നടാടെയാണു്. ഈ ശിലാലിഖിതവും ക്രൂമനും എന്റെ കണ്ടുപിടിത്തമാണെന്നു് ഞാനഭിമാനിക്കുന്നു. എൻെറ തോട്ടത്തിൽനിന്നു് കുഴിച്ചു കണ്ടുകിട്ടിയതാണു് ഈ കല്ലു്."

ഞങ്ങളെല്ലാവരും അദ്ദേഹത്തെ അനുമോദിച്ചു. ക്രൂമനെ ഒന്നുകൂടി പരിശോധിച്ചശേഷം വീണ്ടും ഇരുന്നു.

"ഈ ചിഹ്നത്തിൻെറ ഗൂഢാത്ഥം മനസ്സിലാക്കുവാൻതന്നെ ഞാൻ ഉറച്ചിരിക്കയാണു്" ഡയരക്ടർ



പറഞ്ഞു: "കണ്ടുപിടിച്ചാൽ എനിക്കതിനെക്കുറിച്ച് എന്തെങ്കിലും പ്രസിദ്ധീകരിക്കണം."

"സമയം വേണ്ടപോലെ ചെലവഴിക്കുവാൻ നിശ്ചയമുള്ള ഒരാളെക്കുറിക്കുന്നതായിക്കൂടേ ഈ ഗ്രന്ഥലിപി?" ഞാൻ ചോദിച്ചു.

"ആവാം. എങ്കിലും അതു തെളിയിക്കേണ്ടിയിരിക്കുന്നു."

"പക്ഷെ, തൊള്ളായിരംകൊല്ലം!" ഞാൻ ആശ്ചര്യത്തോടെ പറഞ്ഞു. "അത്രകാലം ജീവിച്ചവർ എപ്പോഴെങ്കിലും ഉണ്ടായിരുന്നുവെന്ന് ആരെങ്കിലും വിശ്വസിക്കുന്നുവോ?"

"എന്തും സാധ്യമാണ്!" താഴെ നോക്കിക്കൊണ്ട് അടുത്തിരിക്കുന്ന അധ്യാനശീലൻ പറഞ്ഞു.

"എന്നുവെച്ചാൽ?" ഡയരക്ടർ ഉപചാരത്തോടെ ചോദിച്ചു.

"കാലം നിഗ്രന്ഥാത്മകമാണ്" കൂടുതൽ നിഗ്രന്ഥാത്മകമായി അധ്യാനശീലൻ പറഞ്ഞു.

"അതെ. അതു ശരിയാണ്." ഡയരക്ടർ ഉത്സാഹത്തോടെ ആ ആശയം കടന്നുപിടിച്ചു. ചുമരിൽ തൂക്കിയിരുന്ന ഒരു നാഴികവട്ട എടുത്ത് അദ്ദേഹം മേശപ്പുറത്തുവെച്ചു. "നോക്കുക. എന്തൊരത്ഭുതം! മണലിന്റെ ഏററവും ചെറിയ തരിപോലെയാണ് നാം ജീവിക്കുന്ന ഈ നിമിഷം. അതിലും ചെറുത്. വെറുമൊരു ഗണിതശാസ്ത്രബിന്ദു. അതാ, അതു പോയിക്കഴിഞ്ഞു."

കുത്തിക്കയറുന്ന ഒരു നൊമ്പരം പെട്ടെന്ന് എനിക്കനുഭവപ്പെട്ടു. കുറെമാസം നീണ്ടുനിന്ന അപ്രതീക്ഷി

തവും ആശ്ചര്യകരവുമായ എൻെറ പ്രേമബന്ധം ഞാ നോർത്തുപോയി. ആ മാസങ്ങളെ ഞാൻ വേദനയോടെ തിരിഞ്ഞുനോക്കുമ്പോൾ അവ ഒരേ ഒരു നിമിഷത്തിൽ ലയിച്ചു് തരിമണലായിത്തീൻ്, നാഴികവട്ടയിൽക്കൂടി അപ്രത്യക്ഷമായെന്നു് എനിക്കു തോന്നി. അവയുടെ പാടുപോലും ബാക്കിയില്ല. ആ മാസങ്ങൾ ഉണ്ടായിരു ന്നില്ല എന്നപോലെ! ഞാൻ നെടുവീപ്പിട്ടു. നാഴികവട്ട ഒന്നു തലകീഴായി പിടിക്കുവാൻ സാധിച്ചെങ്കിൽ!

എൻെറ ചിന്തകളെ ഭേദിച്ചുകൊണ്ടു് ഞങ്ങളുടെ പേർസണൽ ഉദ്യോഗസ്ഥൻ ഡയരക്ടരോടു ചോദിച്ചു: "ഞാനൊന്നു ചോദിക്കട്ടെ, സാർ? നിങ്ങളുടെ സിദ്ധാന്ത പ്രകാരം കാലം ഒരു ഗണിതശാസ്ത്രബിന്ദുവാണു്. അ പ്പോൾ നമ്മുടെ വീരപരാക്രമങ്ങൾ നിറഞ്ഞ ഭൂത കാലത്തിനു് എന്തു സംഭവിക്കുന്നു? നമ്മുടെ ശോഭനമായ ഭാവിയെവിടെ?"

ഭയങ്കരമായ ആരോപണങ്ങൾ ചുമത്തുകയാണെന്ന ഭാവത്തിൽ ഉച്ചത്തിൽ ചോദ്യങ്ങൾ ചോദിക്കുന്നതു് ഈ സഹപ്രവത്തകൻെറ സ്വഭാവമായിരുന്നു.

സമാധാനപ്രിയനായ ഞങ്ങളുടെ ഡയരക്ടർ പറ ഞ്ഞു: "ഞാൻ പറഞ്ഞതു വേണ്ടത്ര വ്യക്തമായിട്ടില്ലെ ങ്കിൽ ക്ഷമിക്കണം. ശരിയായ ഒരു നിഗമനത്തിൽ എത്തിയിട്ടുണ്ടെന്നു് ഞാൻ കരുതുന്നില്ല. ഇതൊക്കെ ചില ഊഹാപോഹങ്ങളാണു്."

"എന്നാൽ വല്ലാത്തൊരുതരം ഊഹാപോഹം തന്നെ. അതിനുമുണ്ടു് അതിരുകൾ..."

എൻ്റെ അടുത്തിരിക്കുന്ന അധ്യാനശീലനായ കിറു ക്കനൊണു മുരണ്ടുകൊണ്ടു് ഉറക്കെ ഇതിന്നു മറുപടി

കൊട്ടത്തതു്: "എൻെറ ചങ്ങാതീ, നാം കണ്ടുപിടിക്കുവാൻ ശ്രമിക്കുന്ന കാര്യങ്ങൾ മിക്കപ്പോഴും ഈ അതിരുകൾക്കപ്പുറമുള്ളതാണു്." പേർസണൽ ഉദ്യോഗസ്ഥൻെറ വിഷണ്ണമായ മുഖത്തുനോക്കി കിറുക്കൻ നിശ്ശബ്ദമായി പ്രത്യേകതരത്തിൽ ഒന്നു ചിരിച്ചു. ആ മനുഷ്യൻെറ സ്വഭാവത്തിന്റെ ഒരു പുതിയ വശം ഞങ്ങൾക്കപ്പോൾ കാണാൻ സാധിച്ചു.



രണ്ടുകൊല്ലമായി അദ്ദേഹവും ഞങ്ങളും ഒരേ മുറിയിലിരുന്നാണു ജോലി ചെയ്തിരുന്നതു്. എന്നിട്ടും ഞങ്ങൾക്കു് അദ്ദേഹത്തെക്കുറിച്ചു് വലിയ വിവരമുണ്ടായിരുന്നില്ല. ദുർലഭമായിട്ടു മാത്രമെ അദ്ദേഹം ക്ഷൗരം ചെയ്തിരുന്നുള്ളു. കോട്ടു് അശ്രദ്ധയോടുകൂടി കസേലയിൽ വാരിവലിച്ചിടും. കോട്ടിന്റെ പകുതി കുടുക്കുകളും പൊട്ടിപ്പോയിരുന്നു. നാലാൾ ചെയ്യുന്ന പണി അദ്ദേഹം ഒററയ്ക്കു ചെയ്യും. ഇത്രയും കാര്യങ്ങൾ ഞങ്ങൾക്കറിയാമായിരുന്നു. എന്നാൽ ആർക്കും വാസ്തവത്തിൽ അദ്ദേഹത്തെക്കുറിച്ചു് വേണ്ടത്ര പിടിപാടുണ്ടായിരുന്നില്ല.

ജോലിചെയ്തുകൊണ്ടിരിക്കുന്നതിനിടയിൽ തുടന്നു് അദ്ദേഹം ഞങ്ങളോടു പറഞ്ഞു: "ഒരു രസകരമായ കാര്യം നിങ്ങളോടു പറയാൻ ഞാനാഗ്രഹിക്കുന്നു." അദ്ദേഹം ഇങ്ങനെ സംസാരിച്ചു് സമയംകളയുന്നതിൽ ഞങ്ങൾക്കു് അത്ഭുതം തോന്നി. മുമ്പൊരിക്കലും അദ്ദേഹം ഇങ്ങനെ സമയം വെറുതെ ചെലവഴിച്ചിട്ടില്ല. ദീർഘായുസ്സിനെപ്പററിയുള്ള ഞങ്ങളുടെ സംഭാഷണം അദ്ദേഹത്തെ അത്രമാത്രം ഇളക്കിവിട്ടതിൽ ഞാനത്ഭുതപ്പെട്ടു!

"ഞാനിപ്പോൾ വരാം. താഴത്തെ മുറിയിൽ പോയി ഉപകരണങ്ങളെല്ലാം ശരിപ്പെടുത്തിയിട്ടു വരാം. സമയം പാഴാക്കാതെ കഴിക്കാമല്ലോ" എന്നു പറഞ്ഞുകൊണ്ടു് അദ്ദേഹം ധൃതിയിൽ പോയി.

"ഇയാൾ ഒരു വിരസനായ മനുഷ്യനാണു് അല്ലേ?" കൂട്ടത്തിലൊരാൾ ചോദിച്ചു.

"അങ്ങനെയാണെന്നു് എനിക്കു തോന്നുന്നില്ല" സുഖലോലുപനായ സഹപ്രവർത്തകൻ പറഞ്ഞു: "അദ്ദേഹം താമസിക്കുന്ന മുറിയുടെ തൊട്ടടുത്തതാണു് എന്റെ മുറി. അദ്ദേഹത്തെ കാണാൻ ഒരു സ്ത്രീ സാധാരണ വരാറുണ്ടു്. ഒരു ചെറുപ്പക്കാരി. നിങ്ങൾക്കു വിശ്വാസമാവില്ല. സ്നേഹത്തിൽ മതിമറന്നു്, മറെറാന്നും കാണാത്ത ആ സ്ത്രീ ഒരു ദിവസം അദ്ദേഹത്തിൻെറ മുറിയിലേക്കു് കോണികയറി വരികയായിരുന്നു. ഞങ്ങൾ കൂട്ടിമുട്ടി."

ഡയരക്ടർ പറഞ്ഞു: "അദ്ദേഹത്തിന്റെ കൈവശം വളരെ പഴയതും അപൂർവ്വവുമായ ഒരു ഘടികാരം ഉണ്ടെന്നു് നിങ്ങൾക്കറിയാമോ? തികച്ചും കൃത്യമായി നടക്കുന്ന ആ വാച്ചിനു് കൊല്ലത്തിൽ ഒരു തവണമാത്രം താക്കോൽ കൊടുത്താൽ മതിയത്രെ."

അപ്പോഴയ്ക്കു് അദ്ദേഹം തിരിച്ചുവന്നു. വികൃതരൂപവും നരച്ചമുടിയുമുള്ള അദ്ദേഹത്തെ അന്നാണു് ആദ്യമായി ഞങ്ങൾ ശരിക്കു പരിചയപ്പെടുന്നതു്. ഒരു അളവുകോലുമെടുത്തു് സ്വന്തം മേശയ്ക്കുമുമ്പിൽ വന്നിരുന്നു് അദ്ദേഹം പറഞ്ഞു: "തൊള്ളായിരം കൊല്ലമെന്നല്ലേ നിങ്ങൾ പറഞ്ഞതു്...എന്നാൽ നിങ്ങൾക്കറിയാമോ കാലത്തിനു് നിശ്ചലമായി നില്ക്കാനും ത്വരിതഗതിയിൽ പറക്കാനും കഴിയുമെന്നു്? നിങ്ങൾ എപ്പോഴെങ്കിലും നിങ്ങളുടെ കാമുകിയുടെ 'ആഗമനം പ്രതീക്ഷിച്ചിരുന്നിട്ടുണ്ടോ?"

"ശരിയാണു്. കാലം ചിലപ്പോൾ ഇഴയുകയേ ഉള്ളു" ഡയരക്ടർ പറഞ്ഞു.

"കാലത്തിനു് നിശ്ചലമായി വർത്തിക്കാനും കഴിയും. രണ്ടായിരം കൊല്ലം പഴക്കമുള്ള ഒരു ശവക്കല്ലറയിൽ കണ്ടെത്തിയ താമരവിത്തുകൾ മുളപ്പിച്ച ശാസ്ത്ര

ജ്ഞന്മാരുടെ കഥ നിങ്ങൾ കേട്ടിട്ടുണ്ടോ? ആ വിത്തുകളെ സംബന്ധിച്ചേടത്തോളം കാലം നിശ്ചലമായിരുന്നു. കാലഗതി മന്ദീഭവിപ്പിക്കുവാനും ത്വരിതപ്പെടുത്തുവാനും സാധിക്കും." സംസാരിക്കുന്നതിനിടയ്ക്കു് അളവുകോലുകൊണ്ടു് അദ്ദേഹം എന്തോ അളന്നു് കുറിച്ചിട്ടു. സംഭാഷണത്തിനിടയിലും അദ്ദേഹം ജോലിചെയ്തുകൊണ്ടിരുന്നു.

"ഞാൻ പറയാൻ പോകുന്ന കഥ ഈ ആശയത്തെ തെളിയിക്കും. കഥയുടെ സന്ദേശമെന്തായാലും അതു് നിങ്ങളെ രസിപ്പിക്കുമെന്നു് തീർച്ചയാണു്."

പറയുന്നതു് മുഖ്യമായും എന്നോടാണെന്നപോലെ അദ്ദേഹം എൻെറ നേക്കു് തിരിഞ്ഞുവെന്നു് എനിക്കു തോന്നി.

"പണ്ടൊരിക്കൽ ദൂരെദൂരെ ഒരു രാജ്യത്തു്—കൃത്യമായി പറയുകയാണെങ്കിൽ കുറച്ചുകൊല്ലം മുമ്പു് ഈ പട്ടണത്തിൽത്തന്നെ—നടന്ന കഥയാണിതു്. സംസ്കാരത്തിൻെറ ഉദ്യാനം എന്നപേരിലറിയപ്പെടുന്ന പാർക്കിൽ ഒരു ഞായറാഴ്ച, ചന്തത്തിൽ വേഷം ധരിച്ച അറുപതുപേർ—ഏറിയാൽ നൂറുപേർ—ഒരു യോഗം ചേർന്നു. രണ്ടു മണിക്കൂർ നീണ്ടുനിന്ന ഈ സമ്മേളനം തസ്കരന്മാരുടെയും തട്ടിപ്പറിക്കാരുടെയും ചർച്ചായോഗമായിരുന്നുവെന്നു പിന്നീടു് അറിവായി. ഇക്കൂട്ടർക്കു് അവരുടേതായ പ്രത്യേകം നിയമങ്ങളുണ്ടു്. പ്രസ്തുത നിയമങ്ങൾ ലംഘിച്ചാൽ മരണമാണു ശിക്ഷ. ഒരു പുതിയ അംഗത്തിനു് സംഘത്തിൽ പ്രവേശനം ലഭിക്കണമെങ്കിൽ രണ്ടു പഴയ മെമ്പർമാരുടെ ശുപാർശ വേണം. പുതുതായി അംഗത്വം ലഭിക്കുന്ന ആളുടെ മാറിടത്തിൽ ചില വാക്കു

കശ പച്ചകുത്തുന്നു. അവൻ സംഘത്തിലെ അംഗമാണെന്നതിനുള്ള തെളിവാണു് ഈ മുദ്ര."

"ഈ കഥയും കാലത്തെക്കുറിച്ചുള്ള നമ്മുടെ സംഭാഷണവും തമ്മിൽ എന്താണു ബന്ധം?" ഞങ്ങളുടെ ഡയരക്ടർ സൗമ്യമായി ചോദിച്ചു. "ഒരുപക്ഷേ, നിങ്ങശ കഥ മുഴമിച്ചിട്ടില്ലായിരിക്കും?"

"ഇല്ല. മുഴമിച്ചിട്ടില്ല. ഇവതമ്മിലുള്ള ബന്ധം വലുതാണു്. അതാണു ഞാൻ പറയാൻപോകുന്നതു്... കൊള്ളക്കാരുടെ അന്നത്തെ സമ്മേളനം ആറുപേക്കു വധശിക്ഷ വിധിച്ചു. അഞ്ചുപേരുടെമേലുള്ള വിധി നടത്തിക്കഴിഞ്ഞു. ചില തകരാറുകാരണം ആറാമത്തെ ആശ ഇപ്പോഴും ജീവനോടെ ഉണ്ടു്. അയാശ ആരാണെന്നും എന്തു കുററമാണു ചെയ്തതെന്നും പറയാം. അയാളായിരുന്നു സംഘത്തിന്റെ പ്രസിഡണ്ടു്—ഈ സാഹോദര്യത്തിന്റെ മുഴവൻ മേലാശ, അവരിൽവെച്ചു് ഏററവും പ്രായംകൂടിയ കൗശലക്കാരനായ കൊള്ളക്കാരൻ. കുറച്ചു കാലം മുമ്പു് അയാശ ഏതോ കുററത്തിനു് എങ്ങോ ഒരു സ്ഥലത്തു് ജയിലിലടയ്ക്കപ്പെട്ടു. ഏകാന്തതടവിലിരിക്കുമ്പോശ അയാശക്കു ജ്ഞാനോദയമുണ്ടായി. ജീവിതത്തിൽ കാര്യമായൊന്നും താൻ ഇതുവരെ ചെയ്തിട്ടില്ലെന്നും ജീവിതത്തിൽനിന്നു തനിക്കു് ഒന്നും ലഭിച്ചിട്ടില്ലെന്നും ഇനി അധികകാലം ജീവിക്കാനില്ലെന്നും അയാശക്കു ബോധം വന്നു. ഏററവും എളുപ്പമായ മാർഗ്ഗത്തിൽക്കൂടി അന്യരുടെ സ്വത്തുക്കശ—സ്വർണ്ണവും മററു വിലപിടിച്ച സാധനങ്ങളും—സമ്പാദിക്കുക എന്നതാണു് ഒരു കൊള്ളക്കാരന്റെ ജീവിതലക്ഷ്യം. എന്നാൽ ഈ സ്വത്തുക്കളുടെ വിലയും നിലയും സമുദായത്തിൽ

അതിവേഗം ഇടിയുകയാണെന്നു് അയാൾക്കു മനസ്സിലായി.”

“നിങ്ങളുടെ കൊള്ളക്കാരൻ ഒരു വലിയ തത്വജ്ഞാനിയാണല്ലോ” പേർസണൽ ഉദ്യോഗസ്ഥൻ പരിഹാസമായി പറഞ്ഞു.

“അതെ. അയാൾ വലിയ കണിശക്കാരനായിരുന്നു.” ഞങ്ങളുടെ കിറുക്കൻ പറഞ്ഞു. എനിക്കദ്ദേഹത്തോടുള്ള ബഹുമാനം വർദ്ധിച്ചുവന്നു. “വളരെ ദുഷ്കർമ്മങ്ങൾ ചെയ്ത ഈ കുറ്റവാളി കഴിഞ്ഞ ഏതാനും കൊല്ലങ്ങൾക്കുള്ളിൽ നല്ലവനായിത്തീർന്നു. അയാൾ വളരെ ഗ്രന്ഥങ്ങൾ വായിച്ചുപഠിച്ചു. ഗ്രന്ഥങ്ങൾക്കു് അനല്പമായ ശക്തിയുണ്ടെന്നു നിങ്ങൾക്കറിയാമല്ലോ. ജയിലിൽനിന്നു പുറത്തു വരുവാൻ അയാൾക്കു ധൃതിയുണ്ടായില്ല. കല്ലറയിലിരുന്നു വായിക്കുവാനും ചിന്തിക്കുവാനും അയാൾ ഇഷ്ടപ്പെട്ട തലവനായതുകൊണ്ടു് ആവശ്യപ്പെടുന്ന പുസ്തകങ്ങളെല്ലാം കൊള്ളക്കാർ അയാൾക്കു് എത്തിച്ചുകൊടുത്തു. ഗവർമ്മെണ്ടു ട്രഷറിയിൽ സൂക്ഷിച്ചുവെച്ച ഗ്രന്ഥങ്ങൾപോലും! അതെ...നാം ഇന്നുവരെ ഉത്തമമെന്നു കരുതിയ കാര്യങ്ങളുടെ മൂല്യം അതിവേഗം തകരുകയാണെന്നു് അയാൾക്കു മനസ്സിലായി. പഴയകാലത്തു രാജാക്കന്മാരും പ്രഭുക്കന്മാരും പ്രത്യേകം നിർമ്മിച്ച കുളങ്ങളിൽ വിശേഷപ്പെട്ട മത്സ്യങ്ങളെ വളർത്തിയിരുന്നു. അടിമകളുടെ മാംസമാണു് ഈ മത്സ്യങ്ങൾക്കു തീററയായി നല്കിയിരുന്നതു്. അങ്ങനെ വളർത്തിക്കൊണ്ടുവന്ന ജലജന്തുക്കളുടെ മാംസം ഏററവും രുചികരമായ ഭക്ഷ്യപദാർത്ഥമായി പ്രഭുക്കന്മാർ കരുതി. നമ്മുടെ പൂർവ്വികന്മാരുടെ ഈ വിനോദം ഇന്നു നമുക്കു ജുഗുപ്സാവഹമായി തോന്നുന്നു. സ്വർണ്ണം അജ്ഞാതമായി മണ്ണിന്നടിയിൽ കിടന്ന ഒരു



കാലമുണ്ടായിരുന്നു. പിന്നീടു മനുഷ്യൻ അതിന്നു പേരും വിലയും കല്പിച്ചു. സ്വർണ്ണംകൊണ്ടുള്ള ആയുധങ്ങളും ഉടുപ്പുകളും പ്രഭുത്വത്തിന്റെ പര്യായമായിത്തീർന്നു. ഇന്നു് നാമാരും സ്വർണ്ണംകൊണ്ടുള്ള അരച്ചങ്ങലയോ ടൈപിന്നോ ഉപയോഗിക്കുവാൻ തയ്യാറല്ല. സ്വർണ്ണത്തിന്റെ ബഹുമാന്യത കുറഞ്ഞുവരികയാണു്. വിലപിടിച്ച മറ്റു വസ്തുക്കളുടേയോ? വിലകൂടിയ വസ്ത്രങ്ങളുടെ പ്രാധാന്യം ഇങ്ങിനിവരാതവണ്ണം താണുപോകുകയാണെന്നു് എനിക്കു് ഉറപ്പുണ്ടു്. വിലയേറിയ വസ്തുക്കളുടെ ഉടമസ്ഥത വെളിപ്പെടുത്തുന്നതു് ആത്മാവു കൈമോശംവന്നതിന്റെ ലക്ഷണമാണു്."

# 3

"കൊള്ളാം, കൊള്ളാം. നിങ്ങളുടെ കൊള്ളക്കാരൻ ഭൗതികമൂല്യങ്ങളെല്ലാം നിസ്സാരങ്ങളായി തള്ളിയിരിക്കയാണു് അല്ലേ? അവയുടെ സ്ഥാനത്തു് എന്തു പ്രതിഷ്ഠിക്കാനാണു ഭാവം?" പേർസണൽ ഉദ്യോഗസ്ഥൻ ചോദിച്ചു. വസ്ത്രങ്ങളിൽ കമ്പമുണ്ടായിരുന്ന ഈ ഉദ്യോഗസ്ഥനു് ഈ കഥ അത്ര പിടിച്ചില്ല. മോടിയും ധാടിയും കൂടിയ വസ്ത്രങ്ങളണിയുന്ന കൂട്ടത്തിലായിരുന്നു അദ്ദേഹം. ഒരിക്കൽ അദ്ദേഹത്തിന്റെ ഭാര്യ ഗവേഷണശാലയിൽ വന്നപ്പോൾ അവരും വിലയേറിയ വസ്ത്രങ്ങൾ ധരിച്ചിരുന്നു.

"പകരം പ്രതിഷ്ഠിക്കേണ്ടതു് എന്താണെന്നുള്ളതു നിങ്ങളെന്തുദ്ദേശിക്കുന്നു എന്നതിനെ ആശ്രയിക്കുന്നു. മൂല്യങ്ങൾ പലവിധങ്ങളാണു്. ഇതുതന്നെയാണു് കൊള്ളക്കാരനും നിരീക്ഷിച്ചതു്. അതയാളെ ഇരുത്തിച്ചിന്തിപ്പിച്ചു. ഭൗതികവസ്തുക്കളിലുള്ള ഭ്രമത്തെ മനുഷ്യാത്മാവിന്റെ സൗന്ദര്യം ക്രമത്തിൽ പരാജയപ്പെടുത്തുന്നുവെന്നു് അയാൾക്കു മനസ്സിലായി. ഈ സൗന്ദര്യം വിലകൊടുത്തു വാങ്ങാവുന്നതോ അപഹരിക്കപ്പെടാവുന്നതോ അല്ല. തോക്കു ചൂണ്ടി ഒരാളോടു് നിങ്ങളെ സ്നേഹിക്കണമെന്നു നിർബന്ധിക്കുവാൻ സാധ്യമല്ല. ആത്മാവിന്റെ സൗന്ദര്യം സ്വാതന്ത്ര്യകാംക്ഷിയാണു്. പൊന്നും പട്ടും സ്ഥാനഭ്രഷ്ടമാകുന്നതോടെ ആത്മസൗന്ദര്യത്തിനു് ഉത്തമസ്ഥാനം ലഭിക്കുന്നു. പരുത്തിത്തുണികൊണ്ടുണ്ടാക്കിയ ഉടുപ്പണിഞ്ഞ ഒരു സാധുക്കുട്ടിക്കു പട്ടുവസ്ത്രം ധരിച്ച ഒരു രാജകുമാരിയെക്കാൾ കൂടുതൽ ആകർഷണമുണ്ടാകാം.

എങ്ങനെ വെട്ടിത്തുന്നിയിരിക്കുന്നുവെന്നതിലാണു് ഒരു ഉടുപ്പിന്റെ—താണതരം തുണികൊണ്ടായാലും—ഭംഗി. അതൊരു ഭൗതികമൂല്യമല്ല. ആ ഉടുപ്പു വെട്ടിത്തുന്നുന്ന ആളുടെയും ധരിക്കുന്ന ആളുടെയും നല്ല അഭിരുചിയിലും മനോഗുണത്തിലുമാണു ഭംഗി കുടികൊള്ളുന്നതു്. ആത്മാവു കളഞ്ഞുകുളിക്കാത്ത പല രാജകുമാരികളും ഇന്നു ലളിതമായ രീതിയിൽ വസ്ത്രങ്ങൾ ധരിക്കുന്നതു് ഇതുകൊണ്ടുതന്നെയാണു്. മേനിനിറയെ ആഭരണങ്ങളും വിലപിടിച്ച വസ്ത്രങ്ങളും ധരിച്ച ഒരു സ്ത്രീയെ കാണുമ്പോൾ, ആ ഐശ്വര്യത്തിൽ ഇന്നു നമ്മുടെ കണ്ണു് മഞ്ഞളിച്ചുപോകുന്നില്ല. പകരം, വൈരൂപ്യം വെളിക്കു കാണിച്ചു നടക്കുന്ന ആത്മീയവൈകല്യമുള്ളവരിൽനിന്നെന്നപോലെ നാം അകന്നുനില്ക്കുകയാണു ചെയ്യുന്നതു്."

അദ്ദേഹം തുടർന്നു: "ഇതാണു് എൻെറ കൊള്ളക്കാരൻ കണ്ടറിഞ്ഞതു്. മററു മനുഷ്യരുടെ സ്നേഹമോ ചങ്ങാതിത്തമോ, അഭിനന്ദനമോ ഇതുവരെ തനിക്കു ലഭിച്ചിട്ടില്ലെന്നും യഥാർത്ഥമൂല്യമൊന്നുമില്ലാത്ത വസ്തുക്കളുടെ പിന്നാലെയാണു താൻ ഇതുവരെ ഓടിനടന്നതെന്നും അയാൾക്കു വ്യക്തമായി. നാണയപരിഷ്കരണം പോലെ എന്തോ ഒന്നു് അയാളുടെ ഉള്ളിൽ നടന്നു..." അദ്ദേഹം ശബ്ദമൊന്നു ശരിപ്പെടുത്തി. "ചിലരിൽനിന്നെല്ലാം സ്നേഹവും ചങ്ങാതിത്തവും ലഭിക്കുവാൻ അയാൾ ഇഷ്ടപ്പെട്ടിരുന്നു. അവരാരാണെന്നു് അയാൾക്കറിയാം. ഒന്നു് ഒരു സ്ത്രീയായിരുന്നു...അവളെ നേരിട്ടു കാണുന്നതിന്നു് അയാൾ ധൈര്യപ്പെട്ടില്ല. പുറത്തു വരുന്നതു് അപകടമാണു്.

"അവസാനം ഇക്കാര്യങ്ങളെക്കുറിച്ചെല്ലാം അയാൾ

ഒരു നീണ്ട കത്തെഴുതി കൊള്ളക്കാരുടെ സമാജത്തിനയച്ചു. പ്രസിഡണ്ടുസ്ഥാനം രാജിവെച്ചു് സാധാരണജനങ്ങളെപ്പോലെ ജീവിക്കുവാൻ തയ്യാറാവുകയാണു്, മഹത്തായ കാര്യങ്ങൾ ജീവിതത്തിൽ നേടുവാൻ സാധ്യമാണു്, എന്നെല്ലാമായിരുന്നു കത്തിലെ ഉള്ളടക്കം. ജയിലധികൃതന്മാർ ഈ കത്തു് ഒരു ലഘുലേഖയായി അടിച്ചിറക്കി. അതു വളരെ ശക്തിമത്തായ ഒരു രേഖയാണെന്നും ശരിയായി ഉപയോഗപ്പെടുത്തേണ്ട ഒന്നാണെന്നും നിങ്ങൾ മനസ്സിലാക്കിയിരിക്കുമല്ലോ.

"ഈ കൊള്ളത്തലവന്റെ സ്ഥിതി നോക്കുക. പലപ്പോഴായി പല കോടതികളും അയാൾക്കു ജയിൽ ശിക്ഷ നൽകിയിട്ടുണ്ടു്. അതെല്ലാം ഒന്നിച്ചുചേർത്താൽ ഒരു ഇരുന്നൂറുകൊല്ലം വരും. ശിക്ഷ ഗവമ്മേണ്ടു് ഇളവു ചെയ്യുകയില്ലെന്നു് അയാൾക്കറിയാമായിരുന്നു. പുറത്തുവന്നാൽ തസ്കരസംഘത്തിൻെറ നിയമമനുസരിച്ചു് അവർ അയാളെ കൊല്ലുമെന്നു തീർച്ചയാണു്. പക്ഷെ, അയാൾക്കു കുറച്ചുകാലംകൂടി ജീവിച്ചു തൻെറ ഉദ്ദേശം സാധിപ്പിക്കണമെന്ന മോഹമുണ്ടായിരുന്നു. തസ്കരസംഘം വധശിക്ഷ നടത്തുവാൻ ഏർപ്പാടുകൾ പൂർത്തിയാക്കുന്നതിനു മുമ്പു് അയാൾ ജയിലിൽനിന്നു പുറത്തുചാടി. കൈയിൽ നിറയെ പണമുണ്ടായിരുന്നു. വിദഗ്ധരായ ഡോക്ടർമാരുടെ സഹായത്തോടുകൂടി പഴയ ദേഹപ്രകൃതി പാടെ മാററുന്നതിന്നു് അയാൾക്കു കഴിഞ്ഞു. യക്ഷികഥകളിൽ സംഭവിക്കുന്നതുപോലെ. അയാളുടെ മുഖത്തും കൈകളിലും ശസ്ത്രക്രിയ നടത്തി പുതിയ തൊലി ഒട്ടിച്ചു. തലമുടി മാററി. ശബ്ദത്തിന്നുപോലും വ്യത്യാസമുണ്ടാക്കി.

"പുതിയ ഐഡൻറിററി രേഖകൾ സമ്പാദിച്ചു്

ഒരു പുതിയ മനുഷ്യനായി അയാൾ മാറി. മൂവാണ്ടിനു ള്ളിൽ രണ്ടു സർവ്വകലാശാലകളിൽനിന്നു ബിരുദംനേടി. ഇപ്പോൾ അയാൾ വളരെ പ്രയാസമേറിയ ഒരു പ്രവൃത്തി യിലേർപ്പെട്ടിരിക്കയാണ്. സ്വസഹോദരങ്ങൾക്കു മഹ ത്തായ ഒരു സംഭാവന നല്കുവാൻ...''

അദ്ദേഹം എന്റെ മുഖത്തുതന്നെ സൂക്ഷിച്ചുനോക്കി ക്കൊണ്ടിരുന്നതിനാൽ ഞാൻ ഇടയിൽ കടന്നു പറഞ്ഞു: ''അതെല്ലാം ശരി. പക്ഷേ, സമയത്തിൻെറ നിശ്ചല ഭാവമോ ത്വരിതഗതിയോ, തൊള്ളായിരംകൊല്ലം ഒരാൾ ജീവിച്ചുവെന്ന ശിലാലിഖിതമോ തമ്മിൽ ഈ കഥയ്ക്കു് എന്താണു ബന്ധം?''

"തികച്ചും ബന്ധമുണ്ടു്. നോക്കൂ. ആ മനുഷ്യനെ നായാടിപ്പിടിക്കുവാൻ വെമ്പിക്കൊണ്ടു് ശത്രുക്കൾ അയാ ളുടെ കാലടിപ്പാടുകൾ പിന്തുടരുന്നുണ്ടു്. അവർ അയാ ളെ എന്നെങ്കിലും പിടികൂടും. അയാൾക്കു സമയം വള രെ കുറച്ചേ ബാക്കിയുള്ളു. കാലം—അതാണു കാര്യം. ഒന്നുരണ്ടു കൊല്ലത്തിനകത്തു വീണ്ടും ഒരായുഷ്കാലം മുഴു വൻ ജീവിക്കുവാൻ അയാൾ തീർച്ചപ്പെടുത്തിയിരിക്കു യാണ്. ഇന്നത്തെപ്പോലെ ആദ്യംമുതല്ക്കുതന്നെ ജീവി ച്ചിരുന്നെങ്കിൽ! അയാൾ തൊള്ളായിരവും അതിലധി കവും കൊല്ലം ജീവിച്ചിരുന്നേനെ!"

''അയാളുടെ ജീവിതത്തിൻെറ ദൈർഘ്യത്തെ ക്കുറിച്ചല്ല, അതിൻെറ സിദ്ധിയെക്കുറിച്ചാണ് നിങ്ങൾ പ്രസ്താവിക്കുന്നതു് അല്ലേ?" ഡയരക്ടർ ചോദിച്ചു.

"നിങ്ങൾ സമയത്തെ വേണ്ടപോലെ വിലമതിക്കു ന്നില്ലെന്നു സ്പഷ്ടമാണ്'' അല്പം അസുഖത്തോടെ കിഴ ക്കൻ പറഞ്ഞു. ''അതെ, അതെ. സിദ്ധി! കാലമാകുന്ന പാത്രത്തിൽ നാം എന്തു നിറയ്ക്കുന്നു? നാമനുഭവിക്കുന്ന

അത്യുൽകൃഷ്ടമായ ആനന്ദവും നിർവൃതിയും കൊണ്ടു വേണം അതു സമ്പൂർണ്ണമാക്കുവാൻ..."

"നിങ്ങളുടെ ആവശ്യം എനിക്കു മനസ്സിലായി. അപ്പോൾ നിങ്ങൾ വെറും സ്വാർത്ഥമാണ് പ്രസംഗിക്കുന്നതു്" പേർസണൽ ഉദ്യോഗസ്ഥൻ പറഞ്ഞു. "നിങ്ങൾക്കാവശ്യം വെറും ആനന്ദവും ആഹ്ലാദവും മാത്രമാണ്. ജനങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്നതിനു നിങ്ങൾക്കു സമയമില്ല, അല്ലേ?"

"നിങ്ങൾ ഒരു പഴഞ്ചനാണെന്ന് എനിക്കു തോന്നുന്നു," കിറുക്കൻ തുടർന്നു, "പുതിയ ആശയങ്ങളിലേക്കു നിങ്ങളെ കെട്ടിവലിച്ചു കൊണ്ടുവന്നോ പറയൂ. ആനന്ദം പാപമെന്നോ? വീട്ടിന്റെ നാലു ചുമരുകൾക്കുള്ളിൽ വെച്ച് രഹസ്യമായി നിങ്ങൾ ആസ്വദിക്കുന്ന ആനന്ദം പാപമാണെന്നും ജനങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്നതു കടമയാണെന്നും നിങ്ങൾ കരുതുന്നു. നിങ്ങൾക്കുള്ളതിനേക്കാൾ പുരോഗമനാത്മകമായ ആശയങ്ങളാണ് എന്റെ കൊള്ളക്കാരനുള്ളതു്. നിങ്ങളുടെ വിലപിടിച്ച എല്ലാ ആനന്ദങ്ങളും അയാൾ ആസ്വദിച്ചിട്ടുണ്ട്. അതെല്ലാം അയാളെ ഇന്നു മടുപ്പിക്കുന്നു. നിങ്ങൾക്കു വെറും കടമയായി തോന്നുന്നതാണ് അയാൾ ഇന്ന് ആനന്ദമായി കരുതുന്നതു്."

ഒരുനിമിഷത്തെ നിശ്ശബ്ദതയ്ക്കുശേഷം ഞങ്ങളുടെ ഡയരക്ടർ ചോദിച്ചു: "ഈ വിശദവിവരങ്ങളെല്ലാം നിങ്ങളെങ്ങനെ അറിഞ്ഞു? ആകൃതിയും പ്രകൃതിയും പേരും മാററിയ ഒരാൾ...അയാളൊരു വിഡ്ഢിയല്ല. എങ്ങനെ അയാൾ ഇതെല്ലാം ഒരപരിചിതനോടു പറഞ്ഞു?"

"ഞാൻ അയാൾക്കു് അപരിചിതനല്ല."

"അയാളെ അധികൃതന്മാക്ക് ഏല്പിച്ചുകൊടുക്കുകയാണു് ഉത്തരവാദിത്തമുള്ള ഒരു പൗരനെന്ന നിലയ്ക്കു് നിങ്ങഠം ചെയ്യേണ്ടതു്" എന്നു് ഞങ്ങളുടെ പേർസണൽ ഉദ്യോഗസ്ഥൻ പറഞ്ഞു. "നിങ്ങഠം അയാളെ പൊല്ലീസ്സിലേല്പിക്കണം. അനേകം കുററങ്ങഠം ചെയ്തു് ജയിൽ ചാടിയ ഒരാഠം..."

"ഒരിക്കലുമില്ല, ഒരിക്കലുമില്ല" കിറുക്കനായ സഹപ്രവത്തകൻ പറഞ്ഞു: "ഇന്നു് അയാളൊരു കൊള്ളക്കാരനല്ല. നിർദ്ദോഷിയാണു്. അയാളെക്കൊണ്ടു് ഉപകാരമുണ്ടുതാനും. ഏറെറടുത്ത പ്രവൃത്തി മുഴമിച്ചാൽ അയാഠം തന്നത്താൻ പൊല്ലീസ്സിനു പിടികൊടുക്കും."

കിറുക്കൻ കീശയിൽനിന്നു് വാച്ചെടുത്തു സമയം നോക്കി. ഉരുക്കുചങ്ങലയിൽ ഘടിപ്പിച്ച വൃത്താകൃതിയായ കനമുള്ള പഴഞ്ചൻവാച്ചു്.

"ക്ഷമിക്കണം. എൻെറ ഗവേഷണോപകരണങ്ങഠം പോയി പരിശോധിക്കേണ്ട സമയമായി."

പുറത്തു പോകുന്നതിനിടയ്ക്കു് അയാഠം പെട്ടെന്നു തിരിഞ്ഞുനിന്നു. "എൻെറ കഥയെക്കുറിച്ചു് നിങ്ങഠം ആലോചിക്കണം. താങ്കഠം പ്രത്യേകിച്ചും" എന്നു് എൻെറ മുഖത്തു ദൃഷ്ടിയുറപ്പിച്ചുകൊണ്ടു പറഞ്ഞു. "നിസ്സാരകാര്യങ്ങളിൽ തലയിടുന്നതു നിത്തി മററുള്ളവരുടെ അനുഭവങ്ങളെ കണക്കിലെടുക്കുന്നതു നന്നു്. ശാസ്ത്രീയ അക്കാദമിയുടെ മെമ്പറുമായി നിങ്ങഠംക്കുള്ള വഴക്കിനെക്കുറിച്ചാണു് ഞാൻ സൂചിപ്പിക്കുന്നതു്..."

ഈ കഥയിൽ എനിക്കൊരു പങ്കുണ്ടാകുമെന്നോ നായകൻെറ ഭാഗം അഭിനയിക്കേണ്ടിവരുമെന്നോ നായകൻെറ മറുരൂപം സ്വീകരിക്കേണ്ടിവരുമെന്നോ അന്നു് ഞാൻ എങ്ങനെ ഊഹിക്കാനാണു്?

4

അരമണിക്കൂർ കഴിഞ്ഞപ്പോൾ അദ്ദേഹം പ്രവൃത്തിയെടുക്കുന്ന സ്ഥലത്തേക്ക് ഞാൻ ഇറങ്ങിച്ചെന്നു. മനസ്സിലുദിച്ച ഒരു സംശയം നീക്കാനുണ്ടായിരുന്നു എനിക്ക്. വാതിൽ മെല്ലെ തുറന്ന് ഞാൻ അകത്തു കടന്നു. അനേകം ഉപകരണങ്ങളുടെ തിളങ്ങിക്കൊണ്ടിരുന്ന വെളിച്ചത്തിൽ അദ്ദേഹം ഇരിക്കുകയായിരുന്നു. ഞാൻ വാതിൽ തുറന്നപ്പോൾ അദ്ദേഹം എന്തോ പെട്ടെന്ന് ഒളിച്ചുവെയ്ക്കുവാൻ ശ്രമിച്ചുവെന്ന് എനിക്കു തോന്നി. കുറെ പരീക്ഷണക്കുഴലുകൾ താഴെ വീണു.

"ക്ഷമിക്കണം" ഞാൻ പറഞ്ഞു.

"സംശയം തീർക്കുകയാണല്ലേ?" എന്നാദ്ദേഹം അക്ഷോഭ്യത വീണ്ടെടുത്തുകൊണ്ടു ചോദിച്ചു.

"നിങ്ങൾ സാഹസമല്ലേ കാണിച്ചത്?"

"നിങ്ങളെ എനിക്കു ഭയമില്ല." അദ്ദേഹം ഉപകരണങ്ങളിലേക്കു തിരിഞ്ഞു.

എൻെറ സംശയം തീൎന്നതോടുകൂടി അതുവരെ ഞാൻ പ്രസ്താവിക്കാത്ത അനേകസംഗതികളുടെ അൎത്ഥം എനിക്കു മനസ്സിലായി.

ആരോ ഒരാൾ ഈയ്യിടെയായി എൻെറ കാൎയ്യങ്ങളിൽ ദുർഗ്രഹമായ താൽപൎയ്യം പ്രകടിപ്പിച്ചുവരുന്നുണ്ടെന്ന് എനിക്കു തോന്നാറുണ്ട്. എന്നെ നിഴൽപോലെ ഒരാൾ എപ്പോഴും പിന്തുടൎന്നിരുന്നു. ആരാണതെന്നു മനസ്സിലാക്കുവാൻ എനിക്കതുവരെ സാധിച്ചിരുന്നില്ല. പലപ്പോഴും അയാൾ (അല്ലെങ്കിൽ അവൾ) ഇരുട്ടു നിറഞ്ഞ വാതിലിൻെറ മൂലകളിലും മറവും പതുങ്ങിയിരിക്കും.

ചിലപ്പോൾ ധൈര്യപൂർവ്വം ആ രൂപം വെളിച്ചത്തിലേക്കു വരും. കണ്ണട എടുക്കുന്നതിനു കീശയിൽ കയ്യിടുവാൻ തുടങ്ങുമ്പോഴേക്കും ആ രൂപം അപ്രത്യക്ഷമാകും. എൻെറ ആകർഷണത്തിനു വിധേയമായ ആ സത്വം കടന്നുമറയുന്ന വാതിലുകളുടേയും ഗെയിറ്റുകളുടേയും അടുത്തുചെന്നു് പലതവണ ഞാൻ നോക്കിയിട്ടുണ്ടു്. പക്ഷേ അവിടെ ആരെയും കാണാറില്ല. കുറച്ചുദിവസം മുമ്പു് ആദ്യത്തെ മഞ്ഞു വീണു—ഏററവും ശുദ്ധവും മൃദുലവുമായ മഞ്ഞു്. അന്നു വൈകുന്നേരം വിജനമായ ഒരു തെരുവിൽക്കൂടി ഞാൻ നടക്കുകയായിരുന്നു. എൻെറ പിന്നിൽ ഒരു കാലൊച്ച കേട്ടു. തിരിഞ്ഞുനോക്കുന്നതിനു മുമ്പുതന്നെ ആരാണു് പിന്നിലുള്ളതെന്നു് എനിക്കു മനസ്സിലായിരുന്നു. ആരുടെയോ കുപ്പായത്തിന്റെ ഒരറ്റം ഇടത്തെരുവിലേക്കു് അപ്രത്യക്ഷമാകുന്നതു ഞാൻ കണ്ടു. ഒരു ഭ്രാന്തനെപ്പോലെ, ഞാൻ അതിൻെറ പിറകെ പാഞ്ഞു. തെരുവിൻെറ മൂലയിലെത്തിയപ്പോൾ എന്റെ മുമ്പിൽ ശുദ്ധമായ വെളുത്ത പാതമാത്രമാണുള്ളതു്. ഒരൊററ ജീവിയുമില്ല. ഞാൻ മഞ്ഞു പരിശോധിച്ചു. അതിൽ കാലടിപ്പാടുകളൊന്നുമില്ല. എന്നാൽ ഒരു വലിയ പിടക്കോഴിയുടെ കാലിൻെറമാതിരി അടയാളങ്ങൾ നേർത്ത മഞ്ഞിൽ അലിഞ്ഞുമായുന്നതു കണ്ടതുപോലെ പിന്നീടോർമ്മവന്നു.

പരീക്ഷണവിദഗ്ദ്ധനായ സ്നേഹിതനോടു് എൻെറ അനുഭവത്തെപ്പററി ഞാനപ്പോൾ ആ മുറിയിൽവെച്ചു പറഞ്ഞു. എന്റെ കൈപിടിച്ചു കുലുക്കിക്കൊണ്ടു് അദ്ദേഹം പ്രസ്താവിച്ചു: "ഞാനും ചിലതെല്ലാം കാണുകയുണ്ടായി. ശരി, നിങ്ങൾ ഇപ്പോൾ പോകൂ. എനിക്കു ധൃതിയുണ്ടു്. സമയമില്ല. നിങ്ങളും കുറച്ചു ധൃതിപിടിക്കു



ന്നതു നന്ന്. എന്താണു വരാനിരിക്കുന്നതെന്ന് ആൎക്കറിയാം?"

ഞങ്ങൾ രണ്ടുപേരും ഒരേവിഷയത്തെക്കുറിച്ചാണു ഗവേഷണം നടത്തിയിരുന്നതു്. എന്നാൽ രണ്ടുപേരുടേയും സമീപനസമ്പ്രദായം വ്യത്യസ്തമായിരുന്നു. ഒരാളുടെ വഴി തെററും മററെയാളുടേതു ശരിയും ആയിരിക്കണമല്ലോ. ഈ കാൎയ്യത്തിന്റെ പ്രാധാന്യം നോക്കുമ്പോൾ ഒരു തെററു പററിയാൽപ്പോലും, ആ തെററ് മററു ശാസ്ത്രജ്ഞന്മാൎക്കു വഴിതെളിയിക്കുമെങ്കിൽ വിലപ്പെട്ടതായിത്തീരുന്നു. സൂൎയ്യപ്രകാശം കുറുക്കിയെടുത്തു സൂക്ഷിക്കുന്നതിനുള്ള വിദ്യ കണ്ടുപിടിക്കയായിരുന്നു ഞങ്ങൾ. ഈ പരീക്ഷണം വിജയിക്കുകയാണെങ്കിൽ, സൂൎയ്യനെ ഒരിക്കലും കാണാത്ത വിദൂരവൻകരയിൽ, മാസങ്ങളോളമല്ല കൊല്ലങ്ങളോളംതന്നെ, സൂൎയ്യാതപവും പ്രകാശവും എത്തിക്കുവാൻ സാധിക്കും. നമ്മുടെ ഭൂമിയുടെ ഒരുഭാഗത്തു് സൂൎയ്യപ്രകാശം ഒരിക്കലും എത്തിയിട്ടില്ല. അവിടെ കട്ടത്ത ശൈത്യവും നിത്യരാത്രിയുമാണ്. ഈ പ്രധാനമായ പ്രശ്നമാണ് എൻെറ സുഹൃത്തു കൈകാൎയ്യംചെയ്യുന്നതെന്ന വസ്തുത അദ്ദേഹം ആരാണെന്നു കണ്ടുപിടിക്കുന്നതിന്നു വേറൊരു തെളിവു നൽകി. ജീവിക്കാൻ തിട്ടക്കപ്പെടുന്ന ആ തസ്കരപ്രമാണിയാണ് എൻെറ മുമ്പിലുള്ളതു്. അദ്ദേഹത്തിന്നു പ്രവൃത്തി മുഴമിക്കുവാൻ ഒന്നോ രണ്ടോ കൊല്ലം മതിയാകുമോ?

കാൎയ്യങ്ങളുടെ യഥാൎത്ഥസ്ഥിതി മനസ്സിലാക്കിയശേഷം വളരെ ആലോചനയോടുകൂടിമാത്രമെ ഞാൻ പ്രവൎത്തിക്കാറുള്ളു. ഈ ഗവേഷണം ഒരിക്കൽ ആരംഭിച്ചുകഴിഞ്ഞാൽ പത്തുകൊല്ലത്തേക്കു തുടൎന്നു ചെയ്യുവാൻ തയ്യാറാകണമെന്ന് എനിക്കറിയാം. അതുകൊണ്ടാണ്

ഇതിൻെറ ഏതുവശം ആദ്യം നേരിടേണമെന്ന് ആലോചിച്ച് ഒന്നുരണ്ടു കൊല്ലങ്ങൾ ഞാൻ തള്ളിനീക്കിയതു്. ഞങ്ങളുടെ ശാസ്ത്രസംഘത്തിലുള്ള എല്ലാവരും ഈ പദ്ധതിയിൽ ശ്രദ്ധ പതിപ്പിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു! എങ്കിലും ഇതിനുവേണ്ടി പണിയെടുക്കുവാനുള്ള അവസരം ലഭിച്ചതുതന്നെ ഭാഗ്യമായി ഞാൻ കരുതി. പലരും ഈ പദ്ധതിക്കെതിരായിരുന്നു. അക്കാദമി കൗൺസിലിലെ മിക്ക അംഗങ്ങളും ഞങ്ങളെ കിറുക്കന്മാരാണെന്നു കരുതി. ഏതായാലും പത്തുകൊല്ലമുണ്ടല്ലോ... രണ്ടു കൊല്ലംകൊണ്ടു് എന്തു സാധിക്കാനാണു്?

വാസ്തവത്തിൽ അദ്ദേഹത്തിനു ജീവിക്കാൻ രണ്ടു കൊല്ലംപോലും ഉണ്ടായില്ല. കുറച്ചു മണിക്കൂറുകൾ മാത്രമേ ഉണ്ടായിരുന്നുള്ളു. പിറേറന്നു രാവിലെ ആസ്പത്രിയിൽനിന്നു് എനിക്കു ഫോൺ വന്നു. ഞങ്ങളുടെ ഉമ്മറത്തു ചോരയൊലിച്ചുകൊണ്ടു മരിക്കാറായ നിലയിൽ ഈ അസാധാരണനായ കൊള്ളത്തലവനെ രാത്രി അവർ കാണുകയും ആസ്പത്രിയിലേക്കു മാറ്റുകയുമാണുണ്ടായതു്. (ഞങ്ങൾ ഒരേ കെട്ടിടത്തിലാണു താമസിച്ചിരുന്നതു്.) അദ്ദേഹത്തിന്റെ പുറത്തു കത്തിക്കുത്തേറ്റു് ആഴമേറിയ കുറെ മുറിവുകളുണ്ടായിരുന്നു. ഞങ്ങളുടെ ഇൻസ്റ്റിട്യൂട്ടിൽ വലിയ ബഹളമായി. വിദഗ്ദ്ധന്മാരായ പല ഡോക്ടർമാരെയും വരുത്തിനോക്കി. ഫലമുണ്ടായില്ല. ഉച്ചയ്ക്കു മുമ്പു് അദ്ദേഹം മരിച്ചു.

അദ്ദേഹത്തിൻെറ മരണവും അതിനെക്കുറിച്ച് അദ്ദേഹം ഏതാണ്ടൊരു മുന്നറിയിപ്പു നൽകിയിരുന്നുവെന്ന വസ്തുതയും ഞങ്ങളെ വല്ലാതെ അമ്പരപ്പിച്ചു. പിന്നീട് കുറെ ദിവസത്തേക്ക് ഇൻസ്റ്റിട്യൂട്ടിലെ മെമ്പർമാർ തമ്മിൽ കണ്ടുമുട്ടുമ്പോൾ അർത്ഥഗർഭമായി നോക്കുക പതിവായിരുന്നു. എൻെറ നെഞ്ചുറപ്പു തീരെ നഷ്ടപ്പെട്ടതുപോലെ തോന്നി. പരിഭ്രമംകൊണ്ട് എന്റെ ശരീരം ശോഷിച്ചു. ജോലിയെക്കുറിച്ചല്ലാത്ത സംഭാഷണം ഞാനിഷ്ടപ്പെട്ടില്ല. ഒരാഴ്ചക്കാലം ഞാൻ ധൃതഗതിയിൽ ജോലിചെയ്തു. അതിന്നുശേഷം ഞങ്ങളുടെ പ്രസിദ്ധീകരണത്തിൻെറ പുതിയ പതിപ്പിൽ എൻെറ എതിർവാദിയായ എസ്സിൻെറ ഒരു ലേഖനം ഞാൻ കണ്ടു. അല്പം ആശങ്കയോടുകൂടി പ്രസിദ്ധീകരണം മറിച്ചുനോക്കിയപ്പോൾ ഒരു പേജിലുള്ള അടിക്കുറിപ്പ് എൻെറ ശ്രദ്ധയിൽ പെട്ടു. (ഏററവും ശക്തിയായ ആക്ഷേപങ്ങൾ എപ്പോഴും ചെറിയ അച്ചടിയിലാണു കാണുക.) മയ്യാദ നിറഞ്ഞതാണെങ്കിലും വേദനിപ്പിക്കുന്ന ആ വാക്കുകളുടെയിടയിൽ എൻെറ പേർ ഞാൻ കണ്ടു. വീണ്ടും പഴയ ജീവിതരീതിയിലേക്കു ഞാൻ തിരിച്ചുവന്നു. ലേഖനമെഴുതുന്നതിൻെറ തിരക്കിലകപ്പെട്ടു.

സഹപ്രവത്തകന്മാരുടെ പ്രോത്സാഹനത്തോടുകൂടി ഒന്നല്ല മൂന്ന് അടിക്കുറിപ്പുകളുള്ള ഒരു ലേഖനം ഞാനെഴുതി. എസ്സിനെ അവസാനമായി അടിപണിയിക്കുവാനുള്ള ശ്രമമായിരുന്നു അതു്. ലേഖനമെഴുതുന്നതിൽ ഞങ്ങളുടെ ശാസ്ത്രസംഘത്തിലെ എല്ലാ അംഗങ്ങളും പങ്കെ

ട്ടത്തു. ഞങ്ങളെല്ലാവരുംകൂടി ഈ പ്രവൃത്തിയിൽ ഏകാഗ്രമായി ശ്രദ്ധചെലുത്തുന്നതിൻെറ ഒരു ചിത്രം ആവശ്യമാണെങ്കിൽ ട്രെററയക്കോവ് ചിത്രശാലയിൽ പോയി റെപിൻെറ 'സപറോഷ്യൻ കോസ്സാക്കു്' എന്ന ചിത്രം കാണണമെന്നു ഞാൻ നിങ്ങളോടു പറയും. മൂക്കിൽ കണ്ണടയും കയ്യിൽ പേനയുമായി മേശയ്ക്കു മുമ്പിലിരിക്കുന്ന എൻെറ ചുററും സഹപ്രവത്തകന്മാരെല്ലാം നില്ക്കുന്നതു കാണാം. ഡയരക്ടർ ചിരിച്ചു് മണ്ണുകപ്പുന്നതും.

പഴയജീവിതരീതിയിലേക്കു ഞാൻ തിരിച്ചുവന്നതോടുകൂടി മുക്കിലും മൂലയിലും വാതില്ക്കലും പടിവാതില്ക്കലും നിന്നു് എന്നെ തുറിച്ചുനോക്കിയിരുന്ന ആ സത്വത്തെ ഞാൻ തീരെ മറന്നു. അദ്ദേഹത്തിൻെറ ശവസംസ്കാരത്തിലവസാനിച്ച ആ ദുർഘടംപിടിച്ച ദിവസങ്ങൾക്കുശേഷം, പെട്ടെന്നു് അപ്രത്യക്ഷമാകാറുള്ള കോട്ടിന്റെ അററം ഞാൻ കാണാതായി. കൊള്ളത്തലവനെ അന്വേഷിച്ചുനടന്നിരുന്ന കൊള്ളക്കാരിലൊരാളായിരിക്കണം എന്നെ പിന്തുടന്നിരുന്നതെന്നു ഞാൻ അനുമാനിച്ചു.

എന്നാൽ, മറുപടിയായി ഞാനെഴുതിയ ലേഖനം പ്രസിദ്ധീകരിച്ച ഉടനെ—കൃത്യമായി പറയുകയാണെങ്കിൽ വീണ്ടുമൊരു ലേഖനമെഴുതുവാൻ എന്നോടു പത്രാധിപർ ആവശ്യപ്പെട്ട ദിവസം—പത്രമാപ്പീസിൽനിന്നു പുറത്തിറങ്ങിവരുന്ന വഴിക്കു് എന്നെ ആരോ സൂക്ഷിച്ചുനോക്കുന്നുണ്ടെന്നു് എനിക്കു് ഒരു തോന്നലുണ്ടായി. തിരിഞ്ഞുനോക്കിയപ്പോൾ ആരെയും കണ്ടില്ല. ഇടിഞ്ഞുപൊളിഞ്ഞ ഒരെടുപ്പിൻെറ രണ്ടാം നിലയിലേക്കു നോക്കിയപ്പോൾ ചുമരിലുള്ള പഴുതിൽ നിന്നു് ഇരുണ്ട ഒരു സത്വം മറവിലേക്കു നീങ്ങി.

എന്റെ മുപ്പതാമത്തെ പിറന്നാളായിരുന്നു അന്ന്. ചില സ്നേഹിതന്മാരെ രാത്രി വിരുന്നിനു ക്ഷണിക്കണമെന്നു ഞാനുദ്ദേശിച്ചിരുന്നു. പകൽതന്നെ ഇത്തരം ഒരു കരിനിഴൽ എന്റെമേൽ വീണാൽ പിന്നെ പിറന്നാളാഘോഷത്തിന്റെ കഥ പറയണമോ?

ഞാൻ വീട്ടിൽ പോയി മുകളിലെ മുറിയിലേക്കു കയറി. സുഖലോലുപനായ സഹപ്രവർത്തകൻ എന്നെ കാത്തുകൊണ്ടു പൊതുമുറിയിൽ ഇരിപ്പുണ്ട്. ഈ പൊതുമുറിയിൽവെച്ചാണ് ഞങ്ങൾ സാധാരണയായി വൈകുന്നേരം ഒരുമിച്ചിരുന്നു ടെലിവിഷൻ കണ്ടിരുന്നത്.

"എന്താ, പിറന്നാളാഘോഷം തുടങ്ങുകയല്ലേ?" അദ്ദേഹം ചോദിച്ചു.

"എനിക്കു സുഖമില്ല. നമുക്ക് അവ നീട്ടിവെയ്ക്കാം" ഞാൻ പറഞ്ഞു.

"ഇങ്ങനെയൊരുദിവസം സുഖമില്ലെന്ന് ആരെങ്കിലും പറയുമോ? ജീവിതത്തിലെ ഏററവും നല്ല വയസ്സാണ് മുപ്പത് " എന്റെ സ്നേഹിതൻ എനിക്ക് ഒരു ടൈ സമ്മാനിച്ചു. നല്ല വീഞ്ഞു കൊണ്ടുവന്നിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

ഞങ്ങൾ സംസാരിക്കുന്നതിനിടയിൽ മുറിയുടെ ഒരുമൂലയിൽ അപരിചിതയായ ഒരു സ്ത്രീ ഇരിക്കുന്നത് ഞാൻ കണ്ടു. വളരെ നേരമായി അവളെന്നെ കാത്തിരിക്കയാണെന്ന് എനിക്കു തോന്നി. അവൾ എഴുന്നേററ് എന്റെനേക്കു വന്നു. എന്റെ സ്നേഹിതൻ പറയുന്നതൊന്നും പിന്നെ ഞാൻ ശ്രദ്ധിച്ചില്ല. അവൾക്ക് ഏകദേശം മുപ്പതു വയസ്സു കാണും. അതിസുന്ദരി. മുഖത്തിനും ദേഹത്തിനുമുണ്ടായിരുന്ന പ്രിയംകരമായ ചെറിയ ക്രമക്കേടു

കളിലും വിഷാദംനിറഞ്ഞ കണ്ണുകളിലും ആണ് അവളുടെ സൗന്ദര്യം കുടികൊണ്ടിരുന്നതു്. അവളുടെ മൃദുലവും താഴ്ന്നതുമായ സ്വരത്തിലും അതേ സൗന്ദര്യം സ്ഫുരിച്ചിരുന്നു. പണ്ടു് എൻെറ ജീവിതത്തിൻെറ നാഴികവട്ടയിൽക്കൂടി കീഴോട്ടു് പോന്നുപോയ ആ സ്വർണ്ണമണൽത്തരിയെക്കുറിച്ചു ഞാനോത്തു. ഈ പുതിയ നിമിഷം എന്നെ സമീപിച്ചപ്പോഠം പഴയ തരിമണൽ അവ്യക്തമായി വിസ്മരിക്കപ്പെട്ടുപോയി.

"നിങ്ങളുടെ പിറന്നാളിന്നു് ഇതു നിങ്ങഠംക്കു തരുവാനായി ഞാൻ നിയോഗിക്കപ്പെട്ടിരിക്കയാണു്." ഉരുക്കു ചങ്ങലയോടുകൂടിയ, കനമുള്ള ഘടികാരം അവളെന്റെ കൈയിലപ്പിച്ചു. "പിന്നെ ഇതും." അവഠം സഞ്ചിയിൽനിന്നു കത്തു പുറത്തെടുത്തു.

"അദ്ദേഹം തന്നതാണോ?"

"അതെ."

ചോരനപഹരിക്കാത്തതും വിലകൊടുത്തു വാങ്ങാൻ സാധിക്കാത്തതുമായ യഥാത്ഥപ്രേമം മരിച്ചുപോയ ആ മനുഷ്യൻ അറിഞ്ഞിരുന്നുവോ എന്നു് അവളോടു ചോദിക്കണമെന്നു് എനിക്കു തോന്നി. അവർതമ്മിൽ അതുണ്ടായിരുന്നുവോ? ഞാൻ സംസാരിക്കുന്നതിനു മുമ്പുതന്നെ അവഠം എൻെറ മുഖത്തുനിന്നു ചോദ്യമെന്താണെന്നു മനസ്സിലാക്കി, കൈകൊണ്ടു വിലക്കി. "അതെ. ഉണ്ടായിരുന്നു, ഉണ്ടായിരുന്നു" എന്നവഠം മൃദുലസ്വരത്തിൽ ആവത്തിച്ചു. "ഇപ്പോഴുമുണ്ടു്. ഇനിയുമുണ്ടാകും. പക്ഷേ, അദ്ദേഹത്തിനു തീർച്ചയുണ്ടായിരുന്നില്ല... ഞാൻ അദ്ദേഹത്തെ കളിപ്പിച്ചു. നിങ്ങഠംക്കു് മനസ്സിലാകുന്നുണ്ടോ? ആസ്പത്രിയിൽവെച്ചു് അദ്ദേഹത്തോടു് സംസാരിക്കുവാൻ അവർ അനുവദിച്ചപ്പോഠം, ഏകദേശം



ഒരു മണിക്കൂർനേരം 'ഉവ്വ്, ഉവ്വ്, ഉവ്വ്' എന്ന് അദ്ദേഹത്തോടു ഞാൻ ഉച്ചത്തിൽ പറഞ്ഞു. പക്ഷേ, അദ്ദേഹത്തിന് അതു കേൾക്കാൻ കഴിഞ്ഞില്ല."

ഞാൻ തലകുനിച്ചു. എന്റെ പാവപ്പെട്ട സുഹൃത്ത്! ആ സാധുമനുഷ്യന്റെ വിഷമം എനിക്കു മനസ്സിലായി.

വാച്ച് കീശയിലിട്ടശേഷം സുന്ദരിയായ അതിഥിയെ ഞാൻ പടിവാതിൽവരെ അനുഗമിച്ചു.

തിരിച്ചുവന്നപ്പോൾ എന്റെ സഹപ്രവർത്തകൻ പതുക്കെപ്പറഞ്ഞു: "അവളാണ് അത്. കൊള്ളത്തലവനെ സന്ദർശിക്കാറുണ്ടായിരുന്നവൾ. എന്നെ അവൾക്കു മനസ്സിലായില്ല. അവൾ ഒന്നും കാണാറില്ല. അവളുടെ വഴിയിൽ ആരെങ്കിലുമുണ്ടെങ്കിൽപ്പോലും അവളറിയില്ല. പ്രേമംകൊണ്ടു് കണ്ണുകാണാത്തവൾ." അദ്ദേഹം ചിരിച്ചു. "പക്ഷേ, അവൾ നിങ്ങളെ കണ്ടിരിക്കുന്നു. സൂക്ഷിച്ചോളൂ."

മുറിയിൽ പോയി ഞാൻ കത്ത് പൊളിച്ചു. മൺമറഞ്ഞ എന്റെ സഹപ്രവർത്തകൻ എഴുതിയിരിക്കുന്നു: "ഞാൻ കൊല്ലപ്പെട്ടാൽ ഈ കത്ത് നിങ്ങൾക്കു കിട്ടും. നിങ്ങൾക്കു പല സിദ്ധികളുമുണ്ടു്. മററുള്ളവരെക്കാളധികം നിങ്ങൾക്ക് എന്നെക്കുറിച്ച് അറിയാം. അതുകൊണ്ടാണ് ഞാൻ നിങ്ങൾക്കെഴുതുന്നതു്. കൂടാതെ കാലത്തിന്ന് നിങ്ങൾ കൂടുതൽ വിലകല്പിച്ചേക്കും. ജീവിതം ഒരുപ്രാവശ്യം മാത്രമാണു നമുക്കു ലഭിക്കുന്നതു്. ഒരൊററ വീർപ്പിൽ അതുമുഴുവൻ ഒന്നിച്ച് ആസ്വദിക്കണം. ഏററവും മഹത്തായ മൂല്യങ്ങളുള്ളതിനെ നാം പിടിച്ചെടുക്കണം. അതെന്താണെന്ന് ഞാൻ മുമ്പു പറഞ്ഞിട്ടുണ്ടു്. പരമമായ സൗഖ്യം അനുഭവിക്കുവാനുള്ള ഭാഗ്യം നിങ്ങൾക്കുണ്ടെന്ന് ഞാൻ കരുതുന്നു. അനേക

കോടി ജനങ്ങൾ ജീവിക്കുന്ന ഇരുണ്ട വൻകരയെക്കുറിച്ചു് നിങ്ങളോക്കുക. ഈ കത്തു് കിട്ടുന്ന ദിവസമായിരിക്കട്ടെ നിങ്ങളുടെ യഥാൎത്ഥമായ ജനനം..."

എൻെറ മനസ്സിൽ പെട്ടെന്നു് മിന്നൽപോലെ ആശ്വാസപ്രദമായ ഒരു ചിന്ത വന്നുദിച്ചു. ഞാൻ കത്തു വായിക്കുന്നതു് നിൎത്തിയിട്ടാലോചിച്ചു: "അദ്ദേഹത്തെക്കാൾ ഭാഗ്യവാനാണു് ഞാൻ. ജീവിതത്തിന്റെ പകുതി ഭാഗം—ഒരുപക്ഷേ, മൂന്നിൽ രണ്ടുഭാഗം—എൻെറ മുമ്പിൽ ഇനിയും അവശേഷിച്ചിട്ടുണ്ടു്. ധൃതിപ്പെടാനൊന്നുമില്ല. എല്ലാററിനും സമയമുണ്ടു്."

അന്നേരം, എൻെറ ജാലകത്തിൽ കറുത്തിരുണ്ട ഒരു നിഴൽ ഞാൻ കണ്ടു. കെട്ടിടത്തിനു് ചായമിടുന്ന ജോലിക്കാരുടെ കോണിയായിരിക്കും അതെന്നു് ഞാനാദ്യം വിചാരിച്ചു. പക്ഷേ, അങ്ങനെയാകാൻ തരമില്ല. ജാലകത്തിൻെറ അടുത്തുചെന്നു് മേലോട്ടു നോക്കിയപ്പോൾ ഞാനൊന്നു ഞെട്ടി. പുറത്തുള്ള ഇരുമ്പുതട്ടിന്മേലുണ്ടു് ഭീമാകാരനായ ഒരു ക്രമൻ! തുവൽനിറഞ്ഞ ചെവികളും നീണ്ടിരുണ്ട മീശയുമുള്ള ആ സത്വത്തിൻെറ രൂപം വികൃതമായിരുന്നു. എന്റെ ക്രമനായിരുന്നു അതു്. ആദ്യമാണു് ഞാനതിനെ അടുത്തു കാണുന്നതു്. എന്റെ കയ്യിലുണ്ടായിരുന്ന കത്തു് അതിൻെറ നേരെ വീശി "ഷൂ" എന്നു പറഞ്ഞു് അതിനെ ആട്ടിയോടിക്കാൻ ഞാൻ ശ്രമിച്ചു. പക്ഷേ, അതു് അനങ്ങിയില്ല.

ഇതിൻെറയെല്ലാം പിന്നിലുള്ള രഹസ്യത്തെക്കുറിച്ചു് എനിക്കു തോന്നിയ ഒരു കാൎയ്യം എന്നെ ഭയപ്പെടുത്തി. ഞാൻ വിയൎത്തുപോയി. നെററിയിലുള്ള വിയൎപ്പുതുള്ളികൾ തുടച്ചു് ദീൎഘമായി നിശ്വസിച്ചു. സാധാരണക്രമനെപ്പോലെ അനക്കമില്ലാതെ ഈ ക്രമൻ

നിശ്ചലമായി കുത്തിയിരുന്നു. ഞാൻ വീണ്ടും ഒന്നു നിശ്വസിച്ചു. വീണ്ടും നെററിതുടച്ചു. മെല്ലെ മുറിയിൽനിന്നു പുറത്തുകടന്നു. എങ്ങനെയാണു പുറത്തു കടന്നതെന്നു് എനിക്കോർമ്മയില്ല. നല്ല തണുപ്പാണു് പുറത്തു്. എങ്ങോട്ടുപോകും? എന്റെ പഴയ സഹപാഠിയായ ഞരമ്പുരോഗവിദഗ്ദ്ധന്റെ ക്ലിനിക്കിലേക്കു പോകാമെന്നു ഞാൻ തീർച്ചയാക്കി. പ്രത്യുല്പന്നമതിയായ അദ്ദേഹത്തിനു് എന്നെ സഹായിക്കുവാൻ സാധിച്ചേക്കും.

റോഡിലിറങ്ങി വേഗം നടന്നു. ഒലിവുമരത്തിന്റെ നീണ്ട നിഴലുകൾ എങ്ങും നിറഞ്ഞിരുന്നു എന്തോ ഒന്നു് എന്റെ പിന്നാലെ ചാടിച്ചാടി വരുന്നതുപോലെ എനിക്കനുഭവപ്പെട്ടു. തിരിഞ്ഞുനോക്കിയപ്പോൾ അടുത്ത മരത്തിന്റെ മറവിൽനിന്നു് തൂവൽനിറഞ്ഞ ചെവിയും ചിറകും പുറത്തേക്കു തുറിച്ചുനില്ക്കുന്നുണ്ടായിരുന്നു. ആ ക്രൂരന്നു് എന്നോളംതന്നെ വലുപ്പമുണ്ടു്!



6

ഡോക്ടർക്ക് വലിയ തിരക്കായിരുന്നു. അദ്ദേഹത്തിന്റെ പരിശോധനമുറിയുടെ മുൻവശത്തുള്ള വെളുത്ത വാതിലിന്നു മുമ്പിൽ ഞാൻ കുറേനേരം കാത്തിരുന്നു. ആരുടെയോ കാലൊച്ച ആ വാതിലിന്നു പിറകിൽ നിന്നു് ഞാൻ കേട്ടു. ഒടുവിൽ വാതിൽ തള്ളിത്തുറന്നു് എന്റെ സ്നേഹിതൻ പുറത്തുവന്നു. വെള്ളക്കോട്ടും തൊപ്പിയും ധരിച്ച അദ്ദേഹത്തിന്റെ മുഖത്തു് അത്യദ്ധ്വാനത്തിന്റെയും ഉറക്കമില്ലായ്മയുടെയും ലക്ഷണങ്ങളുണ്ടായിരുന്നു.

"അതെങ്ങനെയുണ്ടു്?" എന്നു് ആരോ ഒരാൾ മറെറാരു മുറിയിൽനിന്നു് ഉച്ചത്തിൽ ചോദിച്ചു.

"അങ്ങനെത്തന്നെയുണ്ടു്" ഡോക്ടർ വിളിച്ചുപറഞ്ഞു. അദ്ദേഹത്തിന്റെ മുഖത്തു് അമ്പരപ്പുണ്ടായിരുന്നു. "ഇപ്പോഴും ഗുണമില്ല."


ഞാൻ എഴുന്നേററു. ഡോക്ടരുടെ അമ്പരപ്പു കുറച്ചു മാറി. അദ്ദേഹം എന്നെ കാണുകയും തിരിച്ചറിയുകയും ചെയ്തപ്പോൾ കൈനീട്ടി സ്വാഗതം ചെയ്തു. "ഇതൊരു സൗഹാർദ്ദസന്ദർശനമാണെങ്കിൽ നിങ്ങൾ നല്ല സമയത്തല്ല വന്നതു്."

"സൗഹാർദ്ദസന്ദർശനമല്ല."

"എന്നാൽ വരൂ." അദ്ദേഹം എന്റെ കൈപിടിച്ചു വിരലുകളുടെ അററം പരിശോധിച്ചു. "എത്ര വയസ്സായി നിങ്ങൾക്കു്?"

"മുപ്പതു്."

"നമുക്കു രണ്ടുപേക്കും ഒരേ വയസ്സാണെന്നു ഞാൻ



മറന്നു. ശരി, എന്താണു നിങ്ങളെ വിഷമിപ്പിക്കുന്നതു്? നിങ്ങളെ ആരെങ്കിലും പിന്തുടരുന്നുണ്ടോ?"

"ആരാണെന്നു നിങ്ങളറിഞ്ഞാൽ...വല്ലാത്തൊരു സത്യം...നിങ്ങൾ ചിരിക്കും."

"എനിക്കു മനസ്സിലായി. ഞാൻ നിങ്ങൾക്കു കാണിച്ചുതരണമോ? അകത്തു വരൂ." അദ്ദേഹത്തിൻെറ മുറിയിലേക്കു ഞങ്ങൾ പോയി. ജാലകത്തിനടുത്തു് അദ്ദേഹം എന്നെ കൂട്ടിക്കൊണ്ടുപോയി.

"എൻെറ ക്രൂമൻ!" ഞാൻ പതുക്കെ പറഞ്ഞു. അതു പുറത്തിരിക്കുന്നുണ്ടായിരുന്നു.

"നിങ്ങളുടേതു മാത്രമല്ല, എൻ്റേതുമാണു്" ഡോക്ടർ പറഞ്ഞു. "നിങ്ങളുടെ കൈ വീണ്ടും ഒന്നു നോക്കട്ടെ. അതെ..."

അദ്ദേഹം മേശയ്ക്കരികിലേക്കു നടന്നു. ഒരു നിമിഷം അനങ്ങാതെ നിന്നശേഷം എൻെറ നേക്കു തിരിഞ്ഞു.

"നിങ്ങൾക്കു് ഇന്നല്ലെങ്കിൽ നാളെ മനസ്സിലാകും. അല്ലെങ്കിൽ ഞാൻ ഇപ്പോൾത്തന്നെ പറയാം. നിങ്ങൾക്കു് ഇനി ഒരു കൊല്ലം മാത്രമേ ജീവിതമുള്ളൂ."

എൻെറ കാൽച്ചോട്ടിലെ നിലം താണുപോകുന്നതായി എനിക്കു തോന്നി. തല ചുററി. അദ്ദേഹം എന്നെ പിടിച്ചു് ഒരു കസേലയിലിരുത്തിയിരുന്നില്ലെങ്കിൽ ഞാൻ നിലത്തു വീണിട്ടുണ്ടാകും. മരണത്തെ ഭയമില്ലാത്തവരുണ്ടെന്നു് എനിക്കറിയാം. അവക്കൊന്നും നഷ്ടപ്പെടാനില്ല. എന്നാൽ ഞാൻ ഭയംകൊണ്ടു വിറച്ചു. എൻെറ കൃത്യം നിർവ്വഹിച്ചുകഴിഞ്ഞാൽ ഞാൻ മരിക്കാൻ തയ്യാറാണു്. പക്ഷെ, ഇപ്പോൾ അതല്ല സ്ഥിതി.

"എനിക്കു വിശ്വാസമാകുന്നില്ല!" ഞാൻ മെല്ലെ പറഞ്ഞു.

"നിങ്ങൾ എഴുന്നേററു വേഗം വീട്ടിലേക്കു് ഓടിപ്പോകയാണു നല്ലതു്." ഡോക്ടർ പുരികം ഉയത്തിക്കൊണ്ടു ഗൗരവത്തോടെ പറഞ്ഞു. അദ്ദേഹം വികാരവിവശനായിരുന്നു. "നിങ്ങളുടെ മുമ്പിൽ ഒരു കൊല്ലം മുഴുവൻ കിടപ്പുണ്ടു്."

"എനിക്കു വിശ്വാസമാകുന്നില്ല!"

"പുറത്തു കടക്കൂ." പെട്ടെന്നു് അദ്ദേഹം എന്നെ ശാസിച്ചു. "എൻെറ സമയം നിങ്ങൾ കവരുകയാണു്. എനിക്കും സുഖമില്ല. പതിനെട്ടു മാസമേയുള്ളു എനിക്കു് ഇനി."

ഞാൻ പുറത്തുപോകുന്നതിനിടയിൽ അദ്ദേഹം എന്നെ തടഞ്ഞുനിർത്തി പതുക്കെ പറഞ്ഞു: "ഇതൊരു പേരുകേട്ട പഴയ രോഗമാണു്. സൗന്ദ്ര്യശക്തിയുള്ളവരെയാണു് ഇതു് അധികം ശല്യപ്പെടുത്തുന്നതു്. അല്ലാത്തവർ വന്നാലും അതിനെക്കുറിച്ചറിവില്ലാതെ തന്നെ അവർ മരിക്കുന്നു."

"എന്നിട്ടു നിങ്ങൾ ഇതിന്നു പ്രതിവിധി ഒന്നും കണ്ടുപിടിച്ചിട്ടില്ലേ?..."

"ചിലതെല്ലാം കണ്ടുപിടിച്ചിട്ടുണ്ടു്. ഇതിനുള്ള മരുന്നു് ഇനിയും ഞങ്ങൾക്കറിയില്ല. എങ്കിലും ഒന്നുരണ്ടു സംഗതികളറിയാം." പിന്നീടദ്ദേഹം മനസ്സിലാക്കുവാൻ പ്രയാസമായ ഒരു കാര്യം പറഞ്ഞു: "ക്രമനെ വ്യക്തമായി കാണുന്നവർ പകുതി രക്ഷപ്പെട്ടുകഴിഞ്ഞു."

അദ്ദേഹം വാതിലടച്ചു.

"ഞാൻ ശരിക്കു കാണുന്നുണ്ടോ?" എന്നായിരുന്നു എന്റെ പിന്നീടുള്ള ആലോചന. ഇനി സൂക്ഷിച്ചുനോക്കണം.

നിശ്ശബ്ദതയിലേക്ക ചെവി കൊട്ടത്തുകൊണ്ട ഞാനവിടെ നിന്നു. കൊള്ളത്തലവൻെറ ഉരുക്കുകൂട്ടിനകത്തുള്ള കനത്ത വാച്ച് എൻെറ പോക്കററിൽനിന്ന് 'ടിക്ക് ടിക്ക്' എന്ന ശബ്ദമുണ്ടാക്കുന്നതു ഞാൻ കേട്ടു. ആ വാച്ച് അതിൻെറ ജോലി നിർവ്വഹിക്കുകയാണ്—നിമിഷങ്ങരം എണ്ണുക. ഞാനതു പുറത്തെടുത്തു മോടിയുള്ള താക്കോൽകൊണ്ട് ഇരുപതു പ്രാവശ്യം തിരിച്ചു. അതെ. ഒരു കൊല്ലത്തേക്ക മുഴവൻ ആ വാച്ചിന്നു് താക്കോൽ കൊടുത്തുകഴിഞ്ഞു.

"ഇനി ധൃതിപ്പെട്ടാലേ പററൂ." ഞാൻ തന്നത്താൻ പറഞ്ഞു. "എല്ലാററിനെയുംകുറിച്ചാലോചിക്കണം." എൻെറ ജീവിതത്തിൽ ആദ്യമായി ഞാൻ ധൃതിപിടിക്കുവാൻതുടങ്ങി. അതായതു് ബോധപൂർവ്വകമായി ധൃതിയിൽ പ്രവർത്തിക്കുവാൻ ആരംഭിച്ചു.

ശോഭനിറഞ്ഞ വിളക്കുകളേയും പതുക്കെ ശബ്ദമുണ്ടാക്കിയോടുന്ന വാഹനങ്ങളേയും വിദൂരതയിൽ മിന്നിത്തിളങ്ങുന്ന നക്ഷത്രങ്ങളേയുംകൊണ്ട തെളിവും കുളിരുമുള്ള ആ സായാഹ്നം എന്നെ സ്വാഗതം ചെയ്തു. താരങ്ങളെ നോക്കി തനിച്ചു ചിന്തിക്കുവാൻ ഞാൻ തീരുമാനിച്ചു. അതിൻെറ അനന്തതയും ഗാംഭീർയ്യവും എനിക്ക വെളിപ്പെടുത്തിത്തരുന്നതിനെന്നപോലെ താരാനിബിഡമായ ആകാശം പെട്ടെന്ന് എൻെറ അരികിലേക്ക താണുവരുന്നതുപോലെ എനിക്ക തോന്നി.

"അതെ; ശരിയാണ്. ഈ ജഡം നശിക്കും. നശിക്കട്ടെ. പക്ഷെ, മനസ്സ്, മനസ്സ്! അതും മാഞ്ഞുപോകുമോ?" ഞാൻ കണ്ണടച്ചു.

"ഞാൻ മായുകയില്ല" എന്നു് എൻെറ മനസ്സ് ഇരുട്ടിൽ മന്ത്രിച്ചു. എൻെറ വികാരങ്ങരം ക്ഷുഭിതങ്ങ

ളായിരുന്നു. എന്നാൽ മനസ്സ് പ്രശാന്തമായിരുന്നു. "ആലോചിക്കൂ," മനസ്സ് എന്നോടു പറഞ്ഞു. "പരിഷ്കൃതമനുഷ്യൻെറ ലോകത്തിനു് അനേകായിരം കൊല്ലം പഴക്കമുണ്ടു്. എങ്കിലും മനുഷ്യനിർമ്മിതമായ വസ്തുക്കൾ എത്രകാലം നിലനില്ക്കും? വസ്ത്രം, വീട്ടുസാമാനങ്ങൾ, യന്ത്രങ്ങൾ എല്ലാം കുറച്ചു ദശാബ്ദത്തിനുള്ളിൽ നശിച്ചുപോകുന്നു. പിന്നെ എങ്ങനെ നമ്മുടെ ചുററും കാണുന്ന ഈ വസ്തുക്കളെല്ലാം നാം സമ്പാദിച്ചു? ആ വിദ്യ എളുപ്പമാണു്. നാം ആശയങ്ങൾ സംഭരിച്ചുവെയ്ക്കുന്നു. ലോഹങ്ങൾകൊണ്ടുള്ള കൈവേലകളുടെയും, ഔഷധങ്ങൾ നിർമ്മിക്കുന്നതിൻെറയും, കല്ലും കുമ്മായവും ചേർത്തു വീടുണ്ടാക്കുന്നതിൻെറയും രഹസ്യം... ഗ്രന്ഥങ്ങൾ കത്തിച്ചുകളഞ്ഞാലും നമുക്കറിയാവുന്ന എല്ലാ വിദ്യകളും നശിച്ചാലും അവയെല്ലാം കാലപ്രവാഹത്തിൽ ലോകം നിശ്ശേഷം മറന്നാലും, മനുഷ്യവംശം കല്ലുവെട്ടുന്ന ആയുധം വീണ്ടും കണ്ടുപിടിച്ചു പഴയ വഴിക്കു് ജീവിതം പുനരാരംഭിക്കും. നിങ്ങളുടെ മകൻ—മകൻെറ മകൻ പോലുമല്ല; മകൻ തന്നെ—നിങ്ങൾ ചെറുപ്പകാലത്തുണ്ടാക്കിയ പൽചക്രം കുഴിച്ചെടുത്തു് ഒരത്ഭുതവസ്തുവെന്ന നിലയ്ക്കു് അതിനു മുമ്പിൽ തലകുനിക്കും."

അദൃശ്യമായ ഏതോ ഒരു ഉച്ചഭാഷിണിയിൽ നിന്നു ശ്രുതിമധുരവും ശുദ്ധവുമായ സംഗീതം പുറത്തു വരുവാൻ തുടങ്ങി. അതിൻെറ മാധുര്യം പട്ടണം മുഴുവൻ നിറഞ്ഞു. ആ സംഗീതസംവിധായകനെക്കുറിച്ചു് എനിക്കു് വിവരമുണ്ടായിരുന്നില്ല. ഞാൻ ആ സംഗീതം ശ്രദ്ധിച്ചിരുന്നതുമില്ല. ബാൻഡോ വയലിനോ ഞാൻ കേൾക്കുകയുണ്ടായില്ല. എൻെറ വികാരത്തിൻെറ നാദ

തരംഗമായിരുന്ന ആ സംഗീതം. കാററിൽ അതു മാ റെറാലിക്കൊണ്ടപ്പോൾ, എൻെറ ഹ്രസ്വമായ ജീവിതത്തിൻെറ ഞെരുങ്ങിയ അറകളിൽനിന്നു ശ്വാസംമുട്ടിയ വികാരാവേശങ്ങൾ പാടുകയാണെന്നു് എനിക്കു മനസ്സിലായി.

"നിങ്ങൾക്കു ജീവിക്കണം" അജ്ഞാതനായ സംഗീതരചയിതാവു് എന്നോടു പറഞ്ഞു. "ഒരു നൂറു കൊല്ലം മുമ്പു ഞാൻ ഈ മനുഷ്യരുടെ ലോകത്തിൽ അല്പകാലം പ്രയാസപ്പെട്ടു ജീവിച്ചു മടങ്ങുമ്പോൾ ഇട്ടേച്ചു പോയ ചില ഗീതങ്ങൾ നിങ്ങളെ ഇത്രയധികം ഇളക്കിവിടുന്നുവല്ലോ. വളരെ ഹ്രസ്വമായ ജീവിതം നയിക്കുവാൻ വിധിക്കപ്പെട്ടിട്ടുള്ളവരിൽ ജീവിതതൃഷ്ണ കൂടുതൽ ശക്തമായും ഉജ്ജ്വലമായും എരിയുന്നു. ഇച്ഛിക്കാതെ നേടുന്നതിനേക്കാൾ അഭികാമ്യം ഇച്ഛിച്ചു നേടാതിരിക്കുകയാണു്. ഞാൻ ജീവിതത്തെ സ്നേഹിച്ചു. ആ സ്നേഹം ഞാൻ നിങ്ങളിലേക്കു പകരുകയാണു്."

ആ അജ്ഞാതഗായകൻെറ സ്വരം മെല്ലെയായി. "ഞാനിപ്പോൾ പറയുന്നതു് ശ്രദ്ധിക്കുക. എൻെറ ജീവിതം ക്ഷണികമെങ്കിലും അതു് ആനന്ദപൂർണ്ണമായിരുന്നു. നിങ്ങളുടേതോ? കൃതജ്ഞതാബോധത്തോടുകൂടി ആരെങ്കിലും ഹൃദയം സ്ഥാനത്തുനിന്നു് ഇളകുമാറു് നിങ്ങളുടെ കൈപിടിച്ചു കുലുക്കി നിങ്ങളെ അനുമോദിച്ചിട്ടുണ്ടോ? ആരെങ്കിലും നിങ്ങളെ നോക്കി സ്നേഹംകൊണ്ടു കരഞ്ഞിട്ടുണ്ടോ?"

ഞാൻ സ്തംഭിച്ചുനിന്നുപോയി. ഒരിക്കലും ഇത്തരം അനുഭവങ്ങൾ എനിക്കുണ്ടായിട്ടില്ല. ഞാൻ സ്നേഹിച്ചിട്ടുണ്ടു്. പക്ഷേ, എന്നെ ആരും അങ്ങനെ സ്നേഹത്തോടെ നോക്കിയിട്ടില്ല. കൃതജ്ഞത പ്രകടിപ്പിച്ചിട്ടു

മില്ല. ഞാൻ തലതാഴ്ത്തിനിന്നു. ആ അപ്രമേയമായ സംഗീതം എനിക്കു കേൾക്കാതായി. ചുററുമുള്ള വെളിച്ചം മങ്ങി. എന്റെ വാച്ചിന്റെ—കൊള്ളത്തലവന്റെ വാച്ചിന്റെ—ശബ്ദംമാത്രമാണു് ഞാൻ കേട്ടതു്. എന്റെ ജീവിതത്തിന്റെ നിമിഷങ്ങൾ എണ്ണിക്കൊണ്ടു വാച്ചു മന്ത്രിച്ചു: “ഒരു ജീവിതം മുഴുവൻ നിങ്ങളുടെ മുമ്പിലുണ്ടു്—ഒരു കൊല്ലം മുഴുവൻ! നിങ്ങൾ ഇപ്പോൾ ജനിച്ചതേയുള്ളു. മുമ്പത്തെക്കാൾ ചെറുപ്പമാണു് ഇന്നു നിങ്ങൾക്കു്. നിങ്ങളുടെ പ്രവൃത്തി നിങ്ങളെ പ്രതീക്ഷിച്ചു നില്ക്കുന്നേടത്തേക്കു തിടുക്കത്തോടുകൂടി ഓടിച്ചെല്ലുക. ചങ്ങാതിത്തം, സ്നേഹം—നിങ്ങൾക്കാവശ്യമായതെല്ലാം—അവിടെയുണ്ടു്.”



ഞാൻ ഓടി ഒരു ടാക്സിയിൽ കയറി. പരീക്ഷണ ശാലയിലേക്ക വേഗം, അതിവേഗം, ഓടിക്കുവാൻ ഡ്രൈവറോട്ട് ആവശ്യപ്പെട്ടു. കാറിൻെറ വേഗം വൎദ്ധിപ്പിച്ചുകൊണ്ടു് ഡ്രൈവർ സംശയത്തോടുകൂടി എന്നെ തിരിഞ്ഞൊന്നു നോക്കി.

ടാക്സി അവിടെത്തന്നെ നിൎത്താൻ ഏല്പിച്ചു് ഞാൻ മുകളിലേക്കു് ഓടിക്കയറി. കോണികയറിച്ചെല്ലുന്ന സ്ഥലത്തു് കിഴവിയായ വേലക്കാരിയുണ്ടു് എരിയുന്ന അടുപ്പിനു മുമ്പിൽ ഉറക്കംതൂക്കിക്കൊണ്ടു കുത്തിയിരിക്കുന്നു. ഞാനവളെ തട്ടിയുണൎത്തി.

“വേഗമാകട്ടെ. വേഗം. എൻെറ കടലാസ്സുതുണ്ടുകൾ തിരിച്ചുതരൂ. ഞാനിന്നു കാലത്തു തന്ന ആ കടലാസ്സുതുണ്ടുകളെല്ലാം—കൊട്ടനിറയെ കടലാസ്സുകൾ—എനിക്കു തിരിച്ചുവേണം.”

“എൻെറ കുഞ്ഞേ, അതു നീ മറന്നില്ലേ!”

ഞാനൊന്നു നെടുവീൎപ്പിട്ടു. അടുപ്പിലെ കത്തിക്കൊണ്ടിരുന്ന കണൽ ഞാൻ ഇളക്കിനോക്കി.

“അതെല്ലാം ഞാൻ കത്തിച്ചു. രസികൻ തീ. നിങ്ങളുടെ കടലാസ്സുതുണ്ടുകൾ നല്ലവണ്ണം കത്തും. അതിന്റെ ചൂടുകൊണ്ടു് ഞാൻ മയങ്ങിപ്പോയി.”

‘ടിക്ക്-ടോക്ക്—ടിക്ക്-ടോക്ക്’ എൻെറ കീശയിൽനിന്നു കൊള്ളത്തലവൻെറ വാച്ചു ശബ്ദിച്ചു. ജോലിമുറിയിലേക്കു് ഞാൻ പല്ലുകടിച്ചുകൊണ്ടു നടന്നു. കുറെയേറെ ശാസ്ത്രോപകരണങ്ങളെ കെട്ടിയെടുത്തു് ടാക്സിയിൽ കയററി. ഒരു ചെറിയ പരീക്ഷണശാല

വീട്ടിൽ ഏല്പിച്ചിട്ടു രാത്രി ജോലിചെയ്യാമെന്ന് ഞാൻ നിശ്ചയിച്ചു. എൻെറ ജനങ്ങളുടെ നിസ്സീമമായ നന്ദിക്കു പാത്രമാകുവാൻ എനിക്കു സാധിക്കുമെങ്കിലും അതിനുവേണ്ടി ഒന്നും ചെയ്തുതുടങ്ങിയിട്ടില്ലെന്ന വസ്തുത ഞാനോർത്തുപോയി!

ഉപകരണങ്ങൾ നിറച്ച പെട്ടികളും പേറിക്കൊണ്ടു ഞങ്ങളുടെ വീടിൻെറ പൊതുമുറിയിലേക്ക് ഞാൻ കടന്നുചെന്നപ്പോൾ, ടെലിവിഷൻസെററിന്നു മുമ്പിൽ കുറെ പതിവുകാർ സ്ഥാനംപിടിച്ചിരുന്നു.

"അപ്പോൾ അങ്ങനെയാണു കഥ. പിറന്നാളാഘോഷമെല്ലാം നീട്ടിവെച്ചിരിക്കുകയാണല്ലേ?" എന്ന് എൻെറ ഒരു സഹപ്രവത്തകൻ ചോദിച്ചു.

ടെലിവിഷൻസെററിൻെറ സ്വിച്ചിൽ അയാൾ കൈവെച്ചപ്പോൾ ഫുട്ട്ബോൾകളിക്കാരുടെ കാലുകൾ ടെലിവിഷൻെറ തിരയിൽക്കൂടി ഓടിത്തുടങ്ങി. കാണികൾ അവരവരുടെ കസേലകളിൽ നിവന്നിരുന്നുകൊണ്ടു തിരയിലേക്കു തുറിച്ചുനോക്കി. എൻെറ വാച്ചിൻെറ തുടിപ്പ് ഞാൻ കേട്ടു. ഈ ടെലിവിഷൻപരിപാടി അവിരാമമായി രണ്ടായിരം കൊല്ലം നടക്കുകയാണെങ്കിൽ, അതിനു മുമ്പിലിരിക്കുന്ന ഈ അഞ്ചുപേരും ഇതേമാതിരിത്തന്നെ അവിടെ ഉണ്ടാകുമെന്നും, താമരവിത്തുകൾ പോലെ ഭാവിതലമുറകൾക്കായി ഭദ്രമായി സൂക്ഷിക്കപ്പെടുമെന്നും എനിക്കു തോന്നി.

ഒന്നുരണ്ടു കസേലകൾ മാററിവെച്ച് എൻെറ ഉപകരണങ്ങളെല്ലാം മുറിയിലേക്കു കൊണ്ടുപോയശേഷം ഞാൻ ടാക്സിക്കാരനെ പറഞ്ഞയച്ചു.

ജാലകത്തിൻെറ പുറംചട്ടയിന്മേൽ ക്രമൻ ഇരിപ്പുണ്ട്. ഇപ്പോൾ എനിക്ക് അതിനെ ശാന്തനായി നിരീ

ക്ഷിക്കുവാൻ കഴിയും. മുറിയിലെ ശക്തിയുള്ള വെളി ച്ചത്തിൻെറ പ്രഭയിൽ അതിനെ നല്ലവണ്ണം കാണാം. ഞാനതിനെ ശരിക്കു കാണുന്നുണ്ടോ? ചെന്നു് സൂക്ഷിച്ചു നോക്കി. ജാലകത്തിൻെറ ചില്ലിനുള്ളിൽക്കൂടി ഞങ്ങാം കുറച്ചുനേരം പരസ്പരം നോക്കി. പിന്നീടു് ക്രൂമൻ ആ ഇരുമ്പുവട്ടയിന്മേൽ (സാധാരണ ക്രൂമൻ ഒരു മരക്കൊ മ്പിന്മേലെന്നപോലെ) അങ്ങോട്ടും ഇങ്ങോട്ടും നടന്നു. അതു മുമ്പോട്ടു വളഞ്ഞു് മൂന്നു വിരലുള്ള മഞ്ഞനിറമായ വലിയ കാൽ പൊക്കി. കോഴിയെപ്പോലെ കാൽനഖം കൊണ്ടു് കൊക്കു വേഗത്തിൽ ചൊറിഞ്ഞു. വീണ്ടും കു ത്തിയിരുപ്പായി. പ്രകാശിക്കുന്ന രണ്ടു ചെറിയ കണ്ണുകാം എന്നെ തുറിച്ചുനോക്കിക്കൊണ്ടിരുന്നു. ക്രൂമനെ എനിക്കു വ്യക്തമായി കാണാൻ സാധിച്ചു.

ഞാൻ വേഗം ഉപകരണങ്ങാം പുറത്തെടുത്തു. അ ഞ്ചുനിമിഷത്തിനുള്ളിൽ മുറിയിൽ ഗ്ലാസ്സും നിക്കലുംകൊ ണ്ടു തിളങ്ങുന്ന ഒരു പരീക്ഷണശാല ഏപ്പെട്ടുത്തി.

"പക്ഷേ, എന്താണു ഞാൻ ചെയ്യുക?" ഞാൻ ആ ലോചിച്ചു. "പത്തുകൊല്ലമെങ്കിലും വേണം." പലപ്പോ ഴായി ഞങ്ങളുടെ അടുപ്പിലെ തീക്കിരയായ കടലാസ്സു കളിൽ കുറിച്ചിട്ടിരുന്ന ചില കാൎയ്യങ്ങളെങ്കിലും ഓൎക്കു വാൻ ഞാൻ ശ്രമിച്ചു. അതു് ഓൎമ്മയിൽനിന്നു വീണ്ടും കുറിച്ചിടുവാൻ നോക്കി. സാധിച്ചില്ല.

ആ കടലാസ്സുതുണ്ടുകാം കൈവശമുണ്ടായിരുന്നുവെ ങ്കിൽ എൻെറ അദ്ധ്വാനം പാതിയും ലഘൂകരിക്കാമാ യിരുന്നു. ഞാൻ മേശമേൽ മുഷ്ടിചുരുട്ടിയിടിച്ചു.

കൊള്ളത്തലവൻെറ കത്തു മുഴുവൻ വായിക്കാതെ അന്നു പകൽ ഞാൻ നിലത്തു വലിച്ചെറിഞ്ഞിരുന്നു. പെട്ടെന്നു് അതു് എൻെറ കണ്ണിൽ പെട്ടു. വായിക്കാൻ

വിട്ടുപോയ ആ വരികൾ എന്നെ ഉററുനോക്കുകയായിരുന്നു.

"എനിക്കു നിങ്ങളെ സഹായിക്കുവാൻ കഴിയും. കൊള്ളക്കാരനെക്കുറിച്ചുള്ള കഥ നിങ്ങൾക്കു മനസ്സിലായോ? മനസ്സിലായെങ്കിൽ ഈ കത്തു കൊണ്ടുവരുന്ന സ്ത്രീയോട്ട് ആ നോട്ടുബുക്കു തരാൻ പറയണം. കഴിഞ്ഞ രണ്ടു കൊല്ലമായി നിഷ്പ്രയോജനങ്ങളെന്നു കരുതി വലിച്ചെറിഞ്ഞിരുന്ന കടലാസ്സുതുണ്ടുകളിൽ നിങ്ങൾ കുറിച്ചിട്ടിരുന്ന ആശയങ്ങൾ ഞാൻ ആ നോട്ടുബുക്കിൽ പകർത്തിവെച്ചിട്ടുണ്ട്. നിങ്ങൾക്ക് ആവശ്യമില്ലാതിരുന്നതുകൊണ്ട് ഞാൻ അവയെ ഉപയോഗിക്കുവാനുദ്ദേശിച്ചിരുന്നു..."

"അവളെ ഇപ്പോൾ എവിടെയാണു കണ്ടെത്തുക?" കത്തു മുഴുവൻ വായിക്കാതെ ഞാൻ ഉച്ചത്തിൽ ചോദിച്ചു. അപ്പോഴാണ് ആ കത്തിൻെറ അവസാനം ഞാൻ കണ്ടതു്. അദ്ദേഹം അതിൽ എഴുതിയിരുന്നു: "അവളുടെ ടെലിഫോൺ നമ്പർ..."

യക്ഷികഥയിലെന്നപോലെ, ഒരു നിമിഷംകൊണ്ടു ഞാൻ പൊതുമുറിയിലേക്കു വന്നു. ടെലിവിഷൻ നോക്കുന്നവർ ക്രമമായി ശ്വസിച്ചുകൊണ്ട് കണ്ണുതുറന്ന് ഉറങ്ങുകയായിരുന്നു. അതിലൊരാളുടെ ചുമലിൽ ടെലിഫോൺ വെച്ചുകൊണ്ട് ഞാൻ നമ്പർ വിളിച്ചു. കുറെ നേരം ടെലിഫോൺ അടിച്ച ശേഷമേ മറേറ അററത്തുനിന്ന് ഞാനവളുടെ ശബ്ദം കേട്ടുള്ളു.

എൻെറ പുതിയ ജീവിതത്തിൽ ആ നിമിഷം ഒരു നൂതനാദ്ധ്യായം കുറിച്ചു. അതാരംഭിച്ചതു് എന്റെ പാകപ്പിഴകൊണ്ടുണ്ടായ ഒരു തെററിദ്ധാരണയോടുകൂടിയാണ്.

"എന്തുകൊണ്ടാണു ടെലിഫോൺ ഉടനെ എടുക്കാതിരുന്നതു്?" പരുഷമായിട്ടാണു ഞാൻ സംസാരിക്കുന്നതെന്നു് എനിക്കാദ്യം തോന്നിയില്ല. "നോട്ടുബുക്കു് എവിടെയാണു്? എന്തുകൊണ്ടു് അതെനിക്കു തന്നില്ല?"


"നിങ്ങൾ അതാവശ്യപ്പെട്ടില്ലല്ലോ. കത്തു് മുഴുവൻ വായിക്കുകപോലും ചെയ്തില്ലല്ലോ. അതിൽ പറഞ്ഞിരുന്നു..."

"സമയത്തെക്കുറിച്ചു് നിങ്ങൾക്കു യാതൊരു വിലയുമില്ലെന്നു തീർച്ച." ഞാൻ പരുഷമായി പറഞ്ഞു... എന്റെ അവിവേകം മനസ്സിലായപ്പോൾ ഞാനവളോടഭ്യർത്ഥിച്ചു: "ക്ഷമിക്കണം."

ടെലിഫോൺ നിശ്ശബ്ദമായിരുന്നു.

"എന്താ നിങ്ങളൊന്നും പറയാത്തതു്?" ഞാൻ ഉറക്കെ ചോദിച്ചു. "നോട്ടുപുസ്തകം. ആ നോട്ടുപുസ്തകം."

"ഞാനങ്ങോട്ടു വരികയാണു്." അവൾ മൃദുലമായ വാത്സല്യത്തോടെ മറുപടി പറഞ്ഞു.



അവളുടെ കാലൊച്ച ഞാൻ കേട്ടു. നോട്ടുബുക്കിന്നു മാത്രമല്ല ഞാൻ കാത്തിരിക്കുന്നതെന്നു് എനിക്കപ്പോഠം മനസ്സിലായി. അവളെ കണ്ടനിമിഷം മുതൽ ഞാൻ അവളുടെ ആകഷ്ണത്തിനു വിധേയനായിക്കഴിഞ്ഞിരുന്നു. ഒരു തടിമരം ദൂരെയെങ്ങോ കിടക്കുന്ന വെള്ളച്ചാട്ടത്തിലേക്കു് ഒഴുകിപ്പോകുന്നതുപോലെ ഞാൻ അവളിലേക്കു കുതിക്കുകയായിരുന്നു. നാഴികവട്ടയിൽക്കൂടി മറെറാരു സ്വണ്ണമണൽത്തരി കീഴോട്ടിറങ്ങിപ്പോകയാണോ? "ആണെങ്കിൽ ആകട്ടെ" എന്നു് ഞാനുറച്ചു. "ഇതൊന്നും എന്നെ സംബന്ധിച്ചേടത്തോളം ഇനിമേലിൽ കായ്യമായ സംഗതികളല്ല...സുന്ദരികളായ സ്ത്രീകഠം പുരുഷന്മാരിൽനിന്നു ദീർഘകാലം സ്ഥിരമായ സ്നേഹാഭ്യത്ഥന ആഗ്രഹിക്കുന്നു. അവരെ സംബന്ധിച്ചേടത്തോളം അതു ശരിയാണു്. മരിക്കാൻ കിടക്കുന്ന ഒരാളോടു് 'ഉവ്വു്, ഉവ്വു്, ഉവ്വു്' എന്നു് ഉച്ചത്തിൽ വിളിച്ചുപറയാൻ മടിക്കാത്ത അവളെ സംബന്ധിച്ചേടത്തോളം ആ ആഗ്രഹം തികച്ചും ന്യായമാണു്. അദ്ദേഹത്തെ അവഠം മറന്നുവെന്നു വരുമോ? കടം വാങ്ങിയതും തികച്ചും അസാധാരണത്വമുള്ളതുമായ അയാളുടെ മുഖത്തിൻെറ ഓമ്മയെ പ്രത്യേകതയൊന്നുമില്ലാത്ത എൻെറ ആകൃതി എങ്ങനെ മാച്ചുകളയും? ഇല്ല, പ്രേമവും ഞാനുമായി ബന്ധമില്ല. പ്രേമത്തിൻെറ ലോകത്തിലല്ല ഞാൻ ജീവിക്കുന്നതു്."

എൻെറ ആലോചന ഈ നിലയിലെത്തിയപ്പോഠം വാതിൽ തുറന്നു് അവഠം അകത്തുവന്നു—താഴോട്ടിറ

ങ്ങിയ തോളുകളും ശാന്തമായ സൗന്ദര്യവുമായി. എന്റെ ഓരോ ഞരമ്പും പ്രഖ്യാപിച്ചു: "ഞാൻ നിങ്ങളെ സ്നേഹിക്കുന്നു." എന്റെ പുതിയ ജീവിതത്തിന്റെ കൗമാരം കഴിഞ്ഞെന്ന് എനിക്കു തോന്നി. ഞാൻ വളർന്നുവരികയാണ്. ജാലകത്തിൽ പെട്ടെന്നുണ്ടായ ശബ്ദം എന്റെ ഭാവാവേശത്തെ തണുപ്പിച്ചു. ആ ശബ്ദം എന്താണെന്ന് അങ്ങോട്ടു നോക്കാതെതന്നെ എനിക്ക് ഉടനെ മനസ്സിലായി.

വിശേഷിച്ചു കുശലമൊന്നും പറയാതെ ഞാനവളുടെ കൈയിൽനിന്നു നോട്ടുപുസ്തകം തട്ടിയെടുത്തു. അതിൽ നിറയെ ചിത്രങ്ങളും സ്കെച്ചുകളും കണക്കുകളുമായിരുന്നു—കഴിഞ്ഞ കുറച്ചുകൊല്ലങ്ങളായി ഞാൻ കുറിച്ചിടുകയും കുത്തിക്കുറിക്കുകയും ചെയ്തവ. ഞാൻ പേജുകൾ മറിച്ചുനോക്കി. എന്തൊരത്ഭുതം! ഇനി എന്റെ പ്രവൃത്തി മുഴമിക്കുവാൻ പത്തുകൊല്ലം ആവശ്യമില്ല. എട്ടുകൊല്ലം മതി. രാത്രി വീട്ടിലും പകൽ ഇൻസ്റ്റിട്യൂട്ടിലും പണിയെടുത്താൽ രണ്ടുകൊല്ലം കൂടി ലാഭിക്കാം. പലവിധത്തിലുള്ള ഗവേഷണപദ്ധതികൾ ഞാൻ ഒരേ സമയത്തു സ്വീകരിക്കും. രാപ്പകൽ അദ്ധ്വാനിക്കും.

ഞാൻ ചില കമ്പികൾ ഘടിപ്പിക്കുവാനും പ്ലഗ്ഗ് ഇടുവാനും തുടങ്ങിയപ്പോൾ അവൾ ചോദിച്ചു: "എന്താണ് നിങ്ങൾക്കിത്ര ധൃതി?"

"എനിക്കു കുറച്ചുസമയമേയുള്ളൂ..." ഞാൻ തുടർന്നു: "ജീവിതം ഹ്രസ്വമാണ്. പലതും ചെയ്തുതീർക്കാനുണ്ട്. അതു തീർക്കണമെന്നുണ്ട്."

ഉപകരണങ്ങളെല്ലാം പ്രവർത്തനക്ഷമമാക്കി. കുപ്പികളിലും പരീക്ഷണക്കുഴലുകളിലും പലതരം വിളക്കുകൾ കത്തിത്തുടങ്ങി. അസാധാരണമായ ലോഹങ്ങൾ ഉരുകി.



ചിറകിനുള്ളിൽ തല തിരുകിവെച്ച് എൻെറ ക്രൂമൻ തട്ടിന്മേലിരുന്ന് ഉറങ്ങി. ഒരു സംശയംകൂടി തീർക്കുവാൻ ഞാനുറച്ചു.

"ആ ജാലകത്തിന്റെ പുറത്ത് എന്താണുള്ളത്?" ക്രൂമനെ ചൂണ്ടിക്കാട്ടിക്കൊണ്ടു് ഞാൻ സ്ത്രീയോടു ചോദിച്ചു. ഞാനിതു പറഞ്ഞപ്പോൾ ആ പക്ഷി തലയുയർത്തി മഞ്ഞക്കണ്ണുകൾ തുറിച്ചുകൊണ്ടു നോക്കി. പലപ്രാവശ്യം കണ്ണടച്ചു തുറന്നു. അവൾ ജാലകത്തിനു സമീപം പോയി പുറത്തേക്കു സൂക്ഷിച്ചു നോക്കിയിട്ടു പറഞ്ഞു: "അവിടെ ആരുമില്ല."

അവൾ മന്ദഹസിച്ചു. പെട്ടെന്ന് എന്തോ കണ്ടു പിടിച്ചതുപോലെ അവൾ എന്നെ സൂക്ഷിച്ചുനോക്കി, ചുണ്ടുകടിച്ചു. "അവിടെ ആരുമില്ല." അവൾ വീണ്ടും പറഞ്ഞു: "നിങ്ങൾ ആരെയെങ്കിലും കാണുന്നുണ്ടോ? നിങ്ങളെ ആരെങ്കിലും പിന്തുടരുന്നുണ്ടോ?"

"ആരുമില്ലെന്നാണ് നിങ്ങൾ പറയുന്നതെങ്കിൽ ആരുമുണ്ടാകാൻ വഴിയില്ല." ഞാൻ മറുപടി പറഞ്ഞു.

പക്ഷേ, അവൾ എന്നോട് ചുഴിഞ്ഞു ചോദിക്കുവാൻ തുടങ്ങി. അതെന്നെ പരിഭ്രമിപ്പിച്ചു.

"നിങ്ങളെന്തിനാണ് താമസിക്കുന്ന മുറി മാറിയത്?" അവൾ ചോദിച്ചു.

ഒരു ഞെട്ടലോടെ ഞാൻ അവളെ നോക്കി. പക്ഷേ, ഒന്നും പറഞ്ഞില്ല. ചിട്ടയോടുകൂടിയ പുതിയജീവിതം എന്നെ വശത്താക്കിക്കഴിഞ്ഞിരുന്നു. എൻെറ കൈവശമുണ്ടായിരുന്ന കണക്കുകൂട്ടുന്ന യന്ത്രത്തിൽ ഞാൻ ചില കണക്കുകൾ ചെയ്യാനാരംഭിച്ചു. അവൾ എന്നെത്തന്നെ നോക്കിക്കൊണ്ടിരുന്നു.

ഏകദേശം ഒരുമണിക്കൂർനേരം ഞങ്ങരം രണ്ടുപേരും സംസാരിച്ചില്ല. അവരംക്കതു ദുസ്സഹമായിത്തോന്നിയിരിക്കണം. സൗമ്യമായി അവരം ചിരിച്ചു.

"ഈ ധൃതിയൊക്കെ എന്തിനാണെന്ന് എന്നോടു പറയരുതോ?"

"എന്തിനാണെന്നോ? അദ്ദേഹം—ആരാണെന്നു മനസ്സിലായില്ലേ—നിങ്ങളോടു പറഞ്ഞിരിക്കുമല്ലോ."

"ഉവ്വ്, പറഞ്ഞിട്ടുണ്ട്."

"ശരി. അതുകൊണ്ടുതന്നെയാണ് എനിക്കും ധൃതിയുള്ളത്. ഈ ജീവിതകാലം മുഴവൻ കാര്യമായി ഒന്നും ഞാൻ ചെയ്തിട്ടില്ല. എങ്കിലും ജനങ്ങരംക്കുവേണ്ടി എനിക്കു ചെയ്യാൻ സാധിക്കുന്ന ചില സംഗതികളുണ്ട്. ഈ ലോകത്തിൽ എനിക്കൊരു സ്ഥാനമുണ്ടെന്നു തോന്നണമെങ്കിൽ കൃതജ്ഞതയോടുകൂടി ആരെങ്കിലും എൻെറ കൈപിടിച്ചു കുലുക്കണം. എൻെറ ഹൃദയം സ്ഥാനത്തുനിന്നിളകത്തക്കവിധം ശക്തിയായി കുലുക്കണം. അങ്ങനെ കൈപിടിച്ചു കുലുക്കുവാൻ വരുന്ന ആരംക്കുവേണ്ടിയാണ് ഞാനിന്നു പ്രവൎത്തിക്കുന്നതു്. അയാരം വരുന്ന ദിവസം ഞാൻ ആനന്ദഭരിതനാകും."

എൻെറ വാക്കുകരം അവളെ രസിപ്പിച്ചിരിക്കണം. കുറച്ചുനേരം മൗനമായിരുന്നശേഷം അവരം പറഞ്ഞു: "എന്തിനാണ് സമയം ഇങ്ങനെ വെറുതെ കളയുന്നതു്? അതു നിങ്ങരംക്കു യോജിച്ചതല്ല. കണക്കുകൂട്ടുന്നതിന്ന് ഏററവും പുത്തനായ ഒരു യന്ത്രം നിങ്ങരംക്കുണ്ടല്ലോ."

അതു് ഒരു പുതിയ വാൎത്തയായിരുന്നു! അവരം പറയുന്നതിൻെറ അൎത്ഥമെന്തായിരിക്കും? ഞാൻ മറുപടി

പറഞ്ഞില്ല. അവളെൻെറ കൈ പിടിച്ച് എന്നെ മുറിക്കു പുറത്തു കൊണ്ടുപോയി.

"എന്താണിതു്?" ഞാൻ നിന്നു.

"സമയം വ്യത്ഥമാക്കരുതു്" അവരം എന്നെ തമാശയായി അനുകരിച്ചുകൊണ്ടു് പറഞ്ഞു. "വേവലാതിപ്പെടേണ്ട. സമയം ലാഭിക്കേണ്ട മാർഗ്ഗം ഞാൻ കാണിച്ചുതരാം."

കെട്ടിടത്തിൻെറ മറെറാരു നിലയിലുള്ള മുറിയിലേക്കു് അവരം എന്നെ കൊണ്ടുപോയി. എൻെറ സുഹൃത്തായ കൊള്ളത്തലവൻ ഒരുമാസം മുമ്പുവരെ ഉപയോഗിച്ചിരുന്നതാണു് ആ മുറി. അവരം കതകു തുറന്നു് വിളക്കു കൊളുത്തി. എന്നിട്ടു് ഒതുക്കിപ്പിടിച്ച പുഞ്ചിരിയോടെ അല്പം മാറിനിന്നു. ഞാൻ വാസ്തവത്തിൽ ആനന്ദംകൊണ്ടു മതിമറന്നു. ഏറ്റവും വിലപിടിച്ച, അതിനവീനമായ ഉപകരണങ്ങരംകൊണ്ടു് നിറഞ്ഞിരുന്നു ആ മുറി. എനിക്കാവശ്യമായിരുന്ന ഉപകരണങ്ങളാണവ. ഞാൻ അവയെ പരിശോധിച്ചശേഷം ഉപയോഗിക്കുവാനാരംഭിച്ചു. അവളെ മറക്കുകയുംചെയ്തു.

"നിങ്ങരംക്കു ലജ്ജയില്ലേ?" അവളുടെ സ്വരം ഞാൻ പെട്ടെന്നു് കേട്ടു. "ഇതൊന്നും മുമ്പു കണ്ടിട്ടില്ലെന്നു് നിങ്ങളെന്തിനാണു് നടിക്കുന്നതു്?"

അതാ വീണ്ടും ചോദ്യങ്ങരം!

"എന്താണീപ്പറയുന്നതു്?" ഞാൻ നീരസത്തോടെ ചോദിച്ചു.

"നിങ്ങളുടെ സ്നേഹിതനെ കാണുവാൻ നിങ്ങരം പലപ്രാവശ്യം ഇവിടെ വന്നിരിക്കണം. ഇല്ലേ? ആ അവസരങ്ങളിൽ ഇതെല്ലാം നിങ്ങരം കണ്ടില്ലെന്നു വരുമോ?"

ജാലകപ്പടിയിലെ സ്ഫടികത്തൊട്ടിയിൽ വലിയപൂവുള്ള ഒരു ചെടി വളരുന്നുണ്ടായിരുന്നു. എന്നെ പരീക്ഷിക്കുകയാണെന്ന ഭാവത്തിൽ അവൾ അതെനിക്കു കാണിച്ചുതന്നു. പെട്ടെന്നു് എനിക്കു് ഓർമ്മവന്നു.

"അതു താമരയാണു്. അതിൻെറ വിത്തു് ഒരു കല്ലറയ്ക്കുള്ളിൽ രണ്ടാ..."

"ശരി!" അവൾ വിജയോത്സാഹത്തോടെ പറഞ്ഞു. "നിങ്ങൾക്കു മുഴുവൻ മാർക്കും കിട്ടിയിരിക്കുന്നു. ഈ കാണുന്നതെന്താണു്?"

കണക്കുകൂട്ടുന്ന ഏറ്റവും പുതിയ ഒരു യന്ത്രം അവൾ എനിക്കു തന്നു. അങ്ങനെയൊരു യന്ത്രമുണ്ടെന്നു് സ്വപ്നത്തിൽപ്പോലും ഞാൻ കരുതിയിരുന്നില്ല. പഴയ യന്ത്രത്തിൻെറ സഹായത്തോടുകൂടി ഒരു മുറി നിറയെ ക്ലാർക്കുമാർ ചെയ്യുന്നതിലും അധികം ജോലി ഈ യന്ത്രത്തിനു തനിച്ചു ചെയ്യാൻ സാധിക്കും.

"ഇതു ഞാൻ എടുക്കട്ടെ?" ചോദിക്കാൻ എനിക്കു മടിതോന്നിയില്ല.

"നിങ്ങൾ സമയം കളയുകയാണു്." എന്റേയോ അഥവാ കൊള്ളത്തലവൻെറയോ ശബ്ദം അനുകരിച്ചുകൊണ്ടു് അവൾ പറഞ്ഞു: "അതെ, അതെ, അതെ! ഇതെല്ലാം നിങ്ങളുടേതാണു്. ഈ ഉപകരണങ്ങളെല്ലാംതന്നെ. ഈ താമരയും."

എന്തോ ഒന്നു് അവളെ ശല്യപ്പെടുത്തുന്നതായി എനിക്കു തോന്നി.

ഉച്ചത്തിൽ ചിന്തിക്കുന്നപോലെ അവൾ പറഞ്ഞു: "ശരി. ആരും കണ്ടുപിടിക്കാതിരിക്കുന്നതിനു് നിങ്ങൾ മുഖം മാററുന്നു. ശബ്ദം മാററുന്നു. പിന്നീടു നിങ്ങൾ

താമസിക്കുന്ന മുറി മാറുന്നു...നിങ്ങൾ സ്നേഹിതന്മാരെ കൂടി മാറുന്നു..."

അവൾ പറഞ്ഞതു ഞാനപ്പോൾ ശ്രദ്ധിച്ചിരുന്നെങ്കിൽ! പക്ഷേ, എൻെറ ചിന്തകൾക്കു് ഒരു പുതിയ ചായ്വു നല്കിയ പരിതസ്ഥിതി എന്നെ പൂർണ്ണമായി വശത്താക്കിയിരുന്നു. അവൾ പറയുന്നതു് ഞാൻ ശ്രദ്ധിച്ചതേയില്ല.



ഒരൊററ രാത്രിയിൽ എനിക്കു വമ്പിച്ച നേട്ടങ്ങളു ണ്ടായി. എൻെറ പഴയ അനുമാനങ്ങൾ ശരിയായിരു ന്നെന്നു് എനിക്കിപ്പോൾ ബോദ്ധ്യമായി. ഈ ഗതി യിൽ മുമ്പോട്ടു പോകുകയാണെങ്കിൽ എട്ടുമാസത്തി നകം എൻെറ പ്രവൎത്തനത്തിൻെറ പ്രാരംഭഫലം അറി വാൻ സാധിക്കും. അതിനുശേഷം ഇതിൽ സഹകരിക്കു വാൻ ഡിപ്പാർട്ടുമെൻറിലെ എല്ലാവരെയും കൂട്ടുപിടി ക്കാമല്ലോ. സംശയാലുക്കൾ പിന്നീടു ശബ്ദിക്കയില്ല.

ചുററുപാടുകളെ മറന്നു്, ആശനിറഞ്ഞ ഹൃദയ ത്തോടുകൂടി ഞാൻ പിറേറദിവസം രാവിലെ ഇൻസ്റ്റി ട്യൂട്ടിലെ പരീക്ഷണശാലയിലേക്കു പോയി. അവിടെ കടന്നുചെന്നപ്പോൾ പലരും ഒന്നിച്ചു് ഉച്ചത്തിൽ സം സാരിക്കുകയും ചിരിക്കുകയും ചെയ്തിരുന്നു. എൻെറ നിതാന്തവൈരിയായ എസ്സ് വീണ്ടും ഒരു മറുപടി പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നു് എനിക്കു മനസ്സിലായി.

“ഇതാ നിങ്ങളുടെ മിടുക്കു്” എന്നു് ഡയറക്ടർ അല്പം പുച്ഛരസത്തിൽ പറഞ്ഞു. അദ്ദേഹത്തിന്റെ വാക്കു കൾ കേട്ടു് എൻെറ സഹപ്രവൎത്തകന്മാർ ഹാൎദ്ദമായി ഉറക്കെ ചിരിച്ചു.

എൻെറ മേശയ്ക്കു ചുററും അവർ വട്ടമിട്ടുനിന്നു. ഡയറക്ടർ കുലുങ്ങിക്കുലുങ്ങി ചിരിച്ചു. മുമ്പു് ഈ രംഗത്തു പതിവുള്ള ഒരാൾമാത്രം ഉണ്ടായിരുന്നില്ല. മറുപടി എഴുതുവാനുള്ള തിടുക്കത്തോടെ പേനയെടുത്തു തയ്യാ റായി നില്ക്കുന്ന എഴുത്തുകാരൻ—ഞാൻ തന്നെ.

ഡയരക്ടർ പറഞ്ഞു: "പ്രിയപ്പെട്ട ധീരയോദ്ധാവേ, അതെ, ഇനി നിങ്ങളുടെ ഊഴമാണു്." എസ്സ് എഴുതിയ ലേഖനം അദ്ദേഹം എന്റെ മേശമേൽ വെച്ചു.

ഞാൻ അവരെ അമ്പരപ്പിച്ചു. എസ്സ് എഴുതിയതു് എന്താണെന്നു നോക്കാൻപോലും ഞാൻ മുതിർന്നില്ല. എന്റെ സഹപ്രവർത്തകന്മാർ അന്ധാളിച്ചുനിന്നു. എസ്സ് നിരുപദ്രവിയായ വെറുമൊരു കിറുക്കനാണെന്നു് എനിക്കപ്പോൾ തോന്നി. അയാളെക്കുറിച്ചാലോചിച്ചപ്പോൾ എനിക്കു് ഒരാവേശവുമുണ്ടായില്ല. വേറൊരു കാര്യമാണു് എൻെറ രക്തത്തെ ചൂടുപിടിപ്പിച്ചതു്. അയാളെ ഞാൻ ഒരു കൊതുകിനെപ്പോലെ തട്ടിക്കളഞ്ഞു. കഥ തുടരുന്നതിനുമുമ്പു് ഞാനിവിടെ പറയട്ടെ: എസ്സ് പിന്നീടും വളരെക്കാലം എന്നെ ഉന്നംവെച്ചു് ലേഖനങ്ങൾ എഴുതിക്കൊണ്ടേയിരുന്നു. ഞാൻ ലജ്ജാവഹമായ നിശ്ശബ്ദതയ്ക്കു പിന്നിൽ ഒളിഞ്ഞിരിക്കയാണെന്നും മൗനവ്രതം സ്വീകരിച്ചിരിക്കയാണെന്നും യഥാർത്ഥമായ പ്രശ്നത്തിൽനിന്നു് ഒഴിഞ്ഞുമാറുകയാണെന്നും ഒരു ഒട്ടകപ്പക്ഷിയെപ്പോലെ മണലിനുള്ളിൽ തല ഒളിപ്പിച്ചുവെച്ചിരിക്കയാണെന്നും മററും എസ്സ് എഴുതിയ ഒരു ലേഖനത്തിൻെറ അടിക്കുറിപ്പിൽ പ്രസ്താവിച്ചിരുന്നു. പോരിന്നു തയ്യാറെടുത്ത ഒരു പൂവൻകോഴിയെപ്പോലെ അയാൾ ചിറകിട്ടടിക്കുകയും കൂവുകയും ചെയ്തു. ഇതു കണ്ടു് എതിർക്കുവാൻ ഞാൻ ഓടിയെത്തുമെന്നു് അയാൾ പ്രതീക്ഷിച്ചു.

അയാളുടെ ലേഖനം വായിക്കാതെ ഒരുവശത്തേക്കു് ഞാൻ നീക്കിവെച്ചപ്പോൾ എന്റെ സഹപ്രവർത്തകന്മാർ തമ്മിൽ അർത്ഥഗർഭമായി നോക്കി.

"നിങ്ങൾക്കു സുഖക്കേടൊന്നുമില്ലല്ലോ?" ആധം

ബരപ്രിയനായ സഹപ്രവത്തകൻ ചോദിച്ചു. "ഇതു കണ്ടോ? എനിക്കു വിശ്വാസമാകുന്നില്ല. ഇയാൾ ക്ഷൌരം ചെയ്യിട്ടില്ല! കോട്ടു് കസേലയിൽ വാരിവലിച്ചിട്ടിരിക്കുന്നു! കോട്ടിന്റെ രണ്ടു കുടുക്കുകൾ കാണാനില്ല! എന്താണിതു്? ഇയാൾ വേറൊരാളായിത്തീരുകയാണു്! ആ മനുഷ്യനെപ്പോലെ—എന്താണയാളുടെ പേരു്?—ഇയാളുടെ തൊട്ടടുത്തിരുന്നിരുന്ന മനുഷ്യനെപ്പോലെ ആയിത്തീരുകയാണു്..."

കൊല്ലത്തലവൻ മുമ്പു് ഉപയോഗിച്ചിരുന്നതും ഇപ്പോൾ ഒഴിഞ്ഞുകിടക്കുന്നതുമായ മേശയുടെനേരെ എന്റെ സഹപ്രവത്തകൻ അർത്ഥഗർഭമായി ഒന്നു നോക്കി.

നേരാണു്. എന്റെ സ്വഭാവത്തിൽ പെട്ടെന്നു വലിയ മാററം വന്നിരുന്നു. ഞാനൊരു പുതിയ ആളായിത്തീൻ വലിയ ശാസ്ത്രജ്ഞനാണെന്നുള്ള ഭാവം ഞാനുപേക്ഷിച്ചു. ഞാൻ സൂക്ഷിച്ചു ശബ്ദം ശരിപ്പെടുത്തിക്കൊണ്ടു സംസാരിക്കാതായി. നിസ്സാരകാര്യങ്ങളെക്കുറിച്ചു ബഹളമുണ്ടാക്കിയില്ല. ചുരുപിടിച്ച ഒരുതരം വിഭ്രാന്തിയോടെ ഞാൻ പ്രവത്തിച്ചു. ജീവിതത്തെ അത്യാത്തിയോടെ ആസ്വദിക്കുവാൻ ഞാനാഗ്രഹിച്ചു. ആനന്ദത്തെക്കുറിച്ചു് എനിക്കുണ്ടായിരുന്ന അഭിപ്രായം തീരെ മാറിപ്പോയതായിരുന്നു ഏററവും വിചിത്രമായ സംഗതി.

ഇന്നെനിക്കു സന്തോഷം നൽകുന്നതെന്താണു്? വീട്ടിനകത്തിരുന്നു പ്രവത്തിക്കുമ്പോൾ ഞാൻ അവളെ അവസാനമില്ലാതെ നോക്കിക്കൊണ്ടിരിക്കും. അവൾ കട്ടിലും കിടയ്ക്കയും എന്റെ മുറിയിൽ കൊണ്ടുവന്നു് ഇവിടെ താമസമാക്കിയിരുന്നു. പരീക്ഷണങ്ങളിൽ രാത്രിയും പകലും അവൾ എന്നെ സഹായിച്ചു. എപ്പോ

ഴാണ് അവൾ ഉറങ്ങാറുള്ളതെന്ന് ഞാനറിഞ്ഞിരുന്നില്ല. അവൾ സ്വന്തം മേശയ്ക്കരികിലിരുന്നു ജോലി ചെയ്യുമ്പോൾ ഞാനവളെ കൺകുളിക്കെ നോക്കുക പതിവായിരുന്നു. സ്വന്തം കുട്ടിയെ താലോലിക്കുന്ന അമ്മയെപ്പോലെ തൻെറ മുമ്പിലുള്ള പ്രവൃത്തിയിൽ അവൾ മുഴുകിയിരിക്കുമ്പോൾ അവളുടെ തലയുടെ ചായ്വ് കാണുവാൻ എനിക്കിഷ്ടമായിരുന്നു.

ആ തലയുടെയും കഴുത്തിന്റെയും താണുകിടക്കുന്ന ചുമലിൻെറയും ഭംഗിയുള്ള വടിവ് ഞാൻ നോക്കിക്കൊണ്ടിരിക്കുമ്പോൾ അവളെന്നെ തിരിഞ്ഞുനോക്കണമെന്ന് ഞാനാഗ്രഹിക്കാറുണ്ട്. എൻെറ നിശ്ശബ്ദമായ അപേക്ഷ ഊഹിച്ചറിഞ്ഞതുപോലെ അവൾ, ചുമലിൽ താടി ചേർത്തുകൊണ്ട് എന്നെ തിരിഞ്ഞുനോക്കുമായിരുന്നു. ഓരോപ്രാവശ്യം എന്നെ ഇങ്ങനെ നോക്കുമ്പോഴും, ഉത്തരംകിട്ടാത്ത ചില ചോദ്യങ്ങൾ അവളുടെ ഉള്ളിൽക്കിടന്നു തിളച്ചിരുന്നു. അപ്പോഴെല്ലാം ഒരു നിമിഷം എന്നെ നോക്കിയശേഷം വീണ്ടും ജോലിയിലേക്കുതന്നെ അവൾ ശ്രദ്ധ തിരിക്കും.

എന്നെ ഒന്നുകൂടി പരീക്ഷിക്കുവാൻ അവൾ തീർച്ചയാക്കി. എപ്പോഴെങ്കിലും ഒന്നോ രണ്ടോ മണിക്കൂർ ഞങ്ങൾക്ക് ഒഴിവു കിട്ടിയാൽ രണ്ടുപേരും ഒരുമിച്ചു ചിത്രാലയങ്ങൾ സന്ദർശിക്കുന്നതിനോ പാട്ടു കേൾക്കുന്നതിനോ സംഗീതനാടകം കാണുന്നതിനോ പോവുക ഒരു പതിവായിരുന്നു. ഒരു സായാഹ്നത്തിൽ ഉപകരണങ്ങളെല്ലാം ശരിപ്പെടുത്തിവെച്ച് വിദ്യുത്കമ്പികൾ ഘടിപ്പിച്ചശേഷം അവൾ എൻെറ കൈപിടിച്ചുകൊണ്ടു പറഞ്ഞു: "ഇനി ഒരു മണിക്കൂർനേരത്തേക്കു നമു



ക്കിവിടെ ഒന്നും ചെയ്യാനില്ല. നിങ്ങൾ ആ സമയം എനിക്കു സമ്മാനിക്കുമോ?"

ഞാനതിനെക്കുറിച്ചാലോചിച്ചു.

ആവാമെന്നു സമ്മതിച്ചു.

ഞങ്ങൾ പുറത്തിറങ്ങി. അവൾ എന്നെ ഒരു തെരുവിൽക്കൂടെ കൊണ്ടുപോയി. ഇരുവശത്തും ചോലവൃക്ഷങ്ങൾ നട്ടുവളർത്തിയ നടക്കാവിലേക്കു നയിച്ചു.

പെട്ടെന്നവൾ തിരിഞ്ഞുനിന്ന് എന്നോടു പറഞ്ഞു: "ഈ വഴി താങ്കൾ ഓർക്കുന്നുണ്ടാകണം." അവൾ എന്നെ 'നിങ്ങൾ' എന്നു വിളിക്കാതെ കുറെക്കൂടി അടുപ്പംതോന്നിക്കുന്ന 'താങ്കൾ' എന്നാണ് അഭിസംബോധനചെയ്തതു്.

ഇതെല്ലാം കുറച്ചു കടന്നുപോകുന്നുവെന്ന് എനിക്കു തോന്നി. എനിക്കല്പം ശുണ്ഠിവന്നു. ഞാൻ പറഞ്ഞു: "നാംതമ്മിൽ 'താങ്കൾ' എന്നു വിളിക്കുന്നതിനോട് ഞാൻ യോജിക്കുന്നു. അങ്ങനെ വിളിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. പക്ഷേ, അതും ഇതും അറിയുമോ എന്നു ചോദിക്കുന്ന ഈ വിനോദം നിർത്തണമെന്ന് എനിക്കപേക്ഷയുണ്ടു്. രണ്ടുമാസമായി ഇതു തുടങ്ങിയിട്ട് എനിക്കു തീരെ മനസ്സിലാകുന്നില്ല. നമ്മുടെ സമയം നശിപ്പിക്കലാണിതു്."

"എന്താണ് താങ്കൾക്കു" എപ്പോഴും ഇങ്ങനെ ഒരു ധൃതി?"

തെരുവിലെ വിളക്കു റോഡിൽപ്പതിപ്പിച്ച പ്രഭാവലയത്തിന്നു പുറത്തുള്ള നിഴലിൽ എൻെറ ക്രൂമൻെറ ഇരുണ്ട ആകൃതി ഞാൻ അപ്പോൾ കണ്ടു. അതിൻെറ കണ്ണുകൾ മിന്നിത്തിളങ്ങുന്നുണ്ടായിരുന്നു. ഞാൻ നിന്നു. എൻെറ സ്നേഹിതയ്ക്കു് അതു കാണിച്ചുകൊടുക്കുവാൻ

ഞാനാഗ്രഹിച്ചു. പക്ഷേ, അവളൊന്നും കാണുകയില്ലെന്ന് എനിക്കോർമ്മവന്നു.

"എനിക്കെന്താണിത്ര ധൃതിയെന്നോ?" അവളോടു പറയാൻതന്നെ ഞാൻ തീർച്ചയാക്കി: "എനിക്കു ജീവിക്കുവാൻ ഇനി ഒരു കൊല്ലം തികച്ചില്ല." എന്റെ വാക്കുകൾ അവളെ വികാരവിവശയാക്കി. ആ വാക്കുകൾക്കുവേണ്ടി അവൾ കാത്തുനില്ക്കുകയായിരുന്നുവെന്ന് എനിക്കു തോന്നി. അവൾ എന്റെ നേരെ തിരിഞ്ഞുനിന്ന് രണ്ടു കൈകൊണ്ടും എന്റെ മുഖം പിടിച്ചു. അവളുടെ കണ്ണുകൾ എന്റെ കണ്ണുകളോടു നന്നെ അടുക്കുകയും ബാഷ്പപൂർണ്ണങ്ങളാകുകയും ചെയ്തു.

"ഇതു നിങ്ങൾക്കു തീർച്ചയുണ്ടെങ്കിൽ പിന്നെ നാംതമ്മിൽ എന്തിനാണ് രഹസ്യങ്ങൾ വെച്ചുപുലർത്തുന്നതു്?" എന്നവൾ മന്ത്രിച്ചു.

മറുപടി പറയുവാൻ വായ തുറക്കുന്നതിനുമുമ്പ് എന്റെ ചുണ്ടിന്മേൽ അവൾ വിരൽവെച്ചു.

"നിങ്ങളാണതു്. എന്റെ പ്രിയതമാ, നിങ്ങളാണതെന്നെനിക്കറിയാം."

ഒടുവിൽ എനിക്കു കാര്യം മനസ്സിലായി.

"നിങ്ങൾ വിചാരിക്കുന്നുവോ ഞാൻ അദ്ദേഹമാ..."

"എന്നെ ഇനിയും വേദനിപ്പിക്കരുതു്. നിങ്ങൾക്കോർമ്മയുണ്ടോ കഴിഞ്ഞപ്രാവശ്യം നിങ്ങൾ എന്നിൽനിന്നു മറച്ചുവെയ്ക്കുവാൻ ശ്രമിച്ചതു്. എന്തിന് എന്നെ ഇങ്ങനെ ശിക്ഷിക്കുന്നു?"

"പക്ഷേ, ഞാൻ വളരെ വ്യത്യസ്തനായ ഒരാളാണ്" ഞാൻ ഉറക്കെ പറഞ്ഞു. "നോക്കൂ. എന്റെ തലമുടിക്കു വ്യത്യാസമുണ്ടു്. മുഖത്തിനു വ്യത്യാസമുണ്ടു്.

ഞാൻ അവയെ മാററിയിട്ടൊന്നുമില്ല. എൻെറ മുഖത്തു് കലകളില്ല. തുന്നൽപ്പാടുകളുമില്ല."

"കലകളോ തുന്നലുകളോ അന്നുമുണ്ടായിരുന്നില്ല. എങ്കിലും എനിക്കു കണ്ടുപിടിക്കുവാൻ സാധിച്ചു. എനിക്കു് ഉടനെ മനസ്സിലായി. കത്തും വാച്ചും നിങ്ങളെ ഏല്പിക്കുവാൻ ഞാൻ വന്നപ്പോഠം നിങ്ങളെന്തിനാണു പരിഭ്രമിച്ചുകൊണ്ടു് ഞങ്ങഠം പരസ്പരം സ്നേഹിച്ചിരുന്നുവോ എന്നു ചോദിച്ചതു്? അതറിയാൻ നിങ്ങഠംക്കു വലിയ ഉൽക്കണ്ഠയായിരുന്നു. അപ്പോഠംത്തന്നെ എനിക്കു നിങ്ങളുടെ സൂത്രം മനസ്സിലായി. അതു് അത്ര സ്പഷ്ടമായിരുന്നു." അവഠം ചിരിച്ചു "നിങ്ങഠം ചോദിച്ചതിൽ എനിക്കു് അതിയായ സന്തോഷമാണു്."

"ഞാൻ അടുത്തുതന്നെ നിങ്ങളെ വാസ്തവത്തിൽ വിട്ടുപിരിയും" ഞാൻ പറഞ്ഞു.

"നാമൊരിക്കലും പിരിയുകയില്ല. വീണ്ടും നിങ്ങഠം എന്നെവിട്ടോടിപ്പോയാലും, നിങ്ങളുടെ മുഖവും പ്രകൃതിയും ഉയരവും മാററിയാൽപ്പോലും ഞാൻ നിങ്ങളെ കണ്ടുപിടിക്കും."

"എനിക്കു കഷ്ടിച്ചു് ഒരു കൊല്ലമേ ഇനി ജീവിതമുള്ളു. അതു് ഉറച്ച കാര്യമാണു്."

"ഞാനതു വിശ്വസിക്കുന്നില്ല. നിങ്ങളിതു പറയാൻതുടങ്ങിയിട്ടു് എത്ര കൊല്ലങ്ങളായി."

ഞാനവളെ ഓമ്മപ്പെടുത്തി: "അദ്ദേഹമാണു് അതു പറഞ്ഞതു്. അദ്ദേഹം അതുപോലെമരിക്കുകയുംചെയ്തു."

"അദ്ദേഹം മരിച്ചിട്ടില്ല നിങ്ങഠം നല്ല കൗശലക്കാരനാണു്. എല്ലാററിനെയുംകുറിച്ചു മുൻകൂട്ടി ആലോചിച്ചുവെച്ചിട്ടുണ്ടു്. നിങ്ങളുടെ ഉപകരണങ്ങളെല്ലാം നിങ്ങളുടെ പ്രതിരൂപത്തിന്നു്—നിങ്ങഠംക്കുതന്നെ—

കൊടുക്കുവാനുള്ള ഏർപ്പാടുകൾ നിങ്ങൾ ചെയ്തു. ഓ, നിങ്ങൾ വല്ലാത്ത സൂത്രക്കാരൻതന്നെ! അവക്ക് നിങ്ങളെ ഒരിക്കലും പിടികിട്ടുകയില്ല..."

"ഈശ്വരാ! ഇതെന്തൊരസംബന്ധമാണ്!"

മറെറയാളും ഉത്തരത്തിൽ അവളോടു പരുഷമായി സംസാരിച്ചിരിക്കണം. അവൾ ഞാൻ പറഞ്ഞതു കേട്ടു ചിരിച്ചു.

"ഞാൻ അതിനെക്കുറിച്ചിനി സംസാരിക്കയില്ല. അന്നു നിങ്ങൾക്ക് അതു് ഇഷ്ടമല്ലായിരുന്നു. ഞാനൊരിക്കലും പറയില്ല. നിങ്ങളെ എനിക്കിപ്പോൾ മുമ്പെത്തേക്കാൾ ഇഷ്ടമാണ്. ഇന്നു നിങ്ങൾ കൂടുതൽ സൗമ്യശീലനാണ്. നിങ്ങൾക്കു മനോഹരമായ ഒരു ചിരിയുണ്ടു്! വരാനിരിക്കുന്ന ആളെക്കുറിച്ചു നിങ്ങൾ നല്ലതായി സംസാരിക്കുന്നു...ഓ, ഞാൻ കുറെ സമയം വെറുതെ കളഞ്ഞു. ഒരു പതിനേഴുകാരിയെപ്പോലെ ഞാൻ നിങ്ങളെ ശല്യപ്പെടുത്തിയതെന്തിനാണാവോ! നിങ്ങൾ എന്നിൽനിന്നു കേൾക്കാനാഗ്രഹിച്ച ആ വാക്കു് ഞാൻ ഉച്ചരിക്കട്ടെ? ഉവ്വ്! ഉവ്വ്! നിങ്ങളിപ്പോൾ ഞാൻ പറയുന്നതു കേൾക്കുന്നുണ്ടോ? നിങ്ങൾ കേൾക്കുന്നുണ്ടെന്നു് എന്നോടു പറയൂ. ഉറക്കെ പറയൂ."

"കേൾക്കുന്നുണ്ടു്" ഞാൻ മന്ത്രിച്ചു. ഒഴുക്കിനെതിരായി നീന്തുവാൻ എനിക്കു കഴിഞ്ഞില്ല. വെള്ളച്ചാട്ടത്തിലേക്കു മരക്കഷണം വേഗം ഒലിച്ചുപൊയ്ക്കൊണ്ടിരുന്നു. "നിങ്ങൾക്ക് ആരെയാണു കൂടുതൽ ഇഷ്ടം?" ഞാൻ ചോദിച്ചു. "മരിച്ച ആളെയോ, ഇപ്പോൾ ഇവിടെ ഉള്ള ആളെയോ?"

"ഇവിടെയുള്ള ആളെ."

ഞാൻ സ്നേഹിക്കപ്പെടുന്നുണ്ടു്. എനിക്കവളുടെ

കണ്ണുകൾ കാണാമായിരുന്നു. എൻെറ തല അല്പം വലത്തോട്ടു ചരിച്ചാൽ കണ്ണുനീർകൊണ്ടു തിളങ്ങുന്ന രണ്ടു നക്ഷത്രങ്ങൾ എനിക്കു കാണാം.

ഞങ്ങളെ വിട്ടുപിരിഞ്ഞ കൊള്ളക്കാരൻെറ സ്ഥാനം അങ്ങനെ ഞാൻ ഏറെറടുത്തു. കൗമാരദശ കഴിഞ്ഞു പ്രായം തികഞ്ഞ ഒരാളായി ഞാൻ മാറിക്കഴിഞ്ഞു.

ഡോക്ടരുടെ പ്രവചനം ശരിയായി. അദ്ദേഹത്തെ കണ്ടിട്ട് അഞ്ചോ ആറോ മാസം കഴിഞ്ഞശേഷം നല്ല വെയിലുള്ള ഒരു ദിവസം എനിക്കു സുഖമില്ലെന്നു തോന്നി. എഴുന്നേററു നില്ക്കുവാൻതന്നെ പ്രയാസമായിരുന്നു.

ശാന്തസ്വരൂപിണിയും വ്യാകുലചിത്തയുമായ എൻെറ പ്രേമഭാജനത്തെ അപരാധബോധത്തോടെ ഞാൻ നോക്കി. "എൻെറ ഓമനേ, ഞാനൊന്നു കിടക്കട്ടെ. ഞാൻ കിടപ്പിലായാൽ ഈ പ്രവൃത്തിയെല്ലാം നീ ഏറെറടുക്കണം. ആ റേഡിയോ ഒന്നു തിരിക്കൂ."

അവൾ റേഡിയോ തിരിച്ചു. ഇരുണ്ട വൻകരയിൽ നിന്നുള്ള ശബ്ദമാണു് ഞങ്ങൾ ഉടനെ കേട്ടതു്. ഭൂമിയുടെ കാന്തശക്തികൊണ്ടുള്ള ഉലച്ചൽ കാരണം ആ ശബ്ദം ചിലപ്പോൾ തെളിഞ്ഞും ചിലപ്പോൾ നേർത്തും കേട്ടു. ഇരുണ്ട വൻകരയിലെ ജനങ്ങൾ തിരക്കിട്ടു ജോലിചെയ്യുന്നതിൻെറ ശബ്ദമാണു്. കൃത്രിമമായ വെളിച്ചത്തിൽ കൽക്കരി കുഴിച്ചെടുക്കുന്നതിൻെറയും പച്ചക്കറി കൃഷിചെയ്യുന്നതിൻെറയും ശബ്ദം.

"നാം ഇനിയും അധികം അധ്വാനിച്ച് പ്രവർത്തിക്കണം. നമുക്കു ധൃതികൂട്ടണം" ഞാൻ പറഞ്ഞു.

പരീക്ഷണക്കുഴലുകളിലെ തിളയ്ക്കുന്ന വാതകങ്ങൾ കൂടുതൽ ശക്തിയിൽ തിളച്ചു. ഉപകരണങ്ങൾക്കുള്ളിൽ കത്തിയിരുന്ന ദീപങ്ങൾ ശോഭയോടെ മിന്നിത്തിളങ്ങി.

സപ്തംബറിൽ മഴ പെയ്തിരുന്നു. ഞങ്ങൾ ആദ്യത്തെ പരീക്ഷണം മുഴമിച്ചു. തല പൊക്കുവാൻകൂടി കഴിയാത്തവിധത്തിൽ ക്ഷീണിച്ച് ഞാൻ കട്ടിലിൽ കിടക്കുകയായിരുന്നു.

“ഈയംകൊണ്ടുള്ള ആദ്യത്തെ പാത്രത്തിന്റെ മൂടി തുറന്നുനോക്കൂ” ഞാനവളോടു പറഞ്ഞു.

അവൾ അതിൻെറ അടപ്പ് തുറന്നു.

“ഗുണമില്ല” അവൾ പതുക്കെ പറയുന്നതു് ഞാൻ കേട്ടു. “മിന്നിക്കൊണ്ടിരിക്കുന്ന വെറുമൊരു ചെറിയ കരിക്കട്ടയാണു് അകത്തുള്ളതു്.”

“അല്ല. അതൊരു പരാജയമല്ല” ഞാൻ മെല്ലെ പറഞ്ഞു. “അതു് ഒരു വകഭേദം മാത്രമാണു്. ഇനിയുള്ള രണ്ടു പരീക്ഷണങ്ങളിൽ ഈ സംഗതികൾക്ക് പ്രതിവിധി ചെയ്തിട്ടുണ്ടു്. ഈ കരിക്കട്ട പ്രത്യക്ഷമായ ഒരു നിദൎശനമെന്നനിലയിൽ വിജയമാണു്. മററുള്ളവരെ വിളിക്കുക...ഡയരക്ടരെയും വിളിക്കുക...”

രോഗിയുടെ മുറിയിൽ കടന്നുവരുന്നതുപോലെ ശബ്ദമുണ്ടാക്കാതെ പതുക്കെ അവർ എൻെറ മുറിയിലേക്കു വന്നു. മുമ്പ് ഈ മുറിയിലേക്കു വരുവാൻ അവരെ ഞാനനുവദിച്ചിരുന്നില്ല. ഒരു പരീക്ഷണശാലപോലെയുള്ള എൻെറ മുറി കണ്ടപ്പോൾ അവർ സൂക്ഷിച്ചു ചുററും നോക്കി. അവൎക്കൊന്നും മനസ്സിലായില്ല. ചുമരിലും മേശമേലും മററും കുറിച്ചിട്ടിരുന്ന കണക്കുകളും ഒരുതരം ചൂട് ചുററും പരത്തിയിരുന്ന ഉപകരണങ്ങളുടെ വെളിച്ചവും അവരെ അത്ഭുതപ്പെടുത്തി.

എൻെറ ദേഹപ്രകൃതി അവരെ പൂൎവ്വാധികം നടുക്കിയിരിക്കണം. അവർ നിശ്ശബ്ദരായിനിന്നു. പ്രയത്നവിമുഖനായ സുഖലോലുപൻ മാത്രം എൻെറ സ്നേഹി

തയെ കണ്ണിമയ്ക്കാതെ നോക്കിക്കൊണ്ടു് ഡയരക്ടരോടു് എന്തോ മന്ത്രിച്ചു.

"അവരോടു പറയൂ" ഞാനവളോടു പറഞ്ഞു.

പരിചയസമ്പന്നയായ ഒരു ശാസ്ത്രജ്ഞയെപ്പോലെ അവഠം പത്തുമിനുട്ടു നേരം ഞങ്ങളുടെ പരീക്ഷണങ്ങഠം വിവരിച്ചു. പിന്നീടു് കെട്ടുപോകാതെ മിന്നിക്കൊണ്ടിരുന്ന കരിക്കട്ട അവഠം അവക്കു കാണിച്ചുകൊടുത്തു.

അതു് അവരെ വശീകരിച്ചു. ഡയരക്ടരെ പ്രത്യേകിച്ചും. ഡയരക്ടർ എന്റെ അടുത്തുവന്നു് കൈ പിടിച്ചു് ഗൗരവത്തോടെ കുലുക്കി. പിന്നീടു് അവരെല്ലാം ഒരുമിച്ചു് മുന്നോട്ടുവന്നു് ബലഹീനമായ എന്റെ കൈ പിടിച്ചു കുലുക്കി. എന്റെ ഹൃദയം സ്ഥാനത്തുനിന്നു് തെറിച്ചുപോകുമോ എന്നെനിക്കു തോന്നി.

ഡയരക്ടർ പറഞ്ഞു: "ഇന്നുമുതൽ നാമെല്ലാം ഒരുമിച്ചു് പ്രവത്തിക്കണം. ഈ പരീക്ഷണം തുടരുവാൻ സംഘത്തിലെ എല്ലാവരെയും ഞാൻ നിയോഗിക്കുന്നുണ്ടു്."

അവരിൽ രണ്ടുപേർ രാത്രിയും പകലും എന്റെ മുറിയിലിരുന്നു് ജോലിചെയ്തു. ഇൻസ്റ്റിട്യൂട്ടിലെ ലാബറട്ടറിയിൽ നടക്കുന്ന പരീക്ഷണങ്ങളുടെ ഫലം ടെലിഫോണിൽ ഞങ്ങളെ അറിയിച്ചു. പരീക്ഷണം വളരെ വേഗം പുരോഗമിച്ചു.

ഡിസംബർമാസത്തിൽ തണുപ്പുള്ള ഒരു ദിവസം ഡയരക്ടരുടെ സാന്നിദ്ധ്യത്തിൽ എന്റെ കൂട്ടുകാരി രണ്ടാമത്തെ ഈയപ്പാത്രം തുറന്നു.

"വീണ്ടുമൊരു പരാജയം" അവഠം പതിഞ്ഞസ്വരത്തിൽ അദ്ദേഹത്തോടു പറഞ്ഞു. "ഈ പ്രാവശ്യം



മുമ്പത്തേക്കാൾ മോശമാണ്. കരിക്കട്ട വെറും കറുപ്പാണ്."

അവരുടെ സംഭാഷണം ഞാൻ കേട്ടു.

"ഈ പരാജയത്തിന് ഞാൻ മുമ്പുതന്നെ തയ്യാറായിരുന്നു." ചുണ്ടുകൾ അനക്കുവാൻ സാധിച്ചിരുന്നില്ലെങ്കിലും ഞാൻ മെല്ലെ പറഞ്ഞു: "പരീക്ഷണം തുടരട്ടെ. ധൃതിയിൽ!"

എൻെറ ശ്രവണശക്തി വർദ്ധിച്ചിരുന്നു. കൈകൊണ്ട് വായ മറച്ച് ഡയരക്ടർ വളരെ മെല്ലെ പറയുന്നത് ഞാൻ കേട്ടു: "മൂന്നാമത്തൊരു പരാജയം അയാളെ കൊല്ലും." പിന്നീട് അദ്ദേഹം ഉച്ചത്തിൽ ഞാൻ കേൾക്കുവാൻവേണ്ടി പറഞ്ഞു: "പിന്നെ...ഞാനിതെല്ലാം ഇൻസ്റ്റിട്യൂട്ടിലെ ലാബറട്ടറിയിലേക്കു കൊണ്ടുപോകാം. മൂന്നാമത്തെ പരീക്ഷണം ഞങ്ങൾ അവിടെ നടത്താം. അവിടെ കൂടുതൽ സൗകര്യങ്ങളുണ്ടല്ലോ."

"എന്നാൽ വേഗമാകട്ടെ" ഞാൻ പറഞ്ഞു.



അങ്ങനെ നിശ്ശബ്ദമായ ആ ഒഴിഞ്ഞ മുറിയിൽ അവളും ഞാനും തനിച്ചായി. ഞങ്ങൾ രണ്ടുപേരും പിന്നെ ക്രമനും. കുറച്ചുദിവസംമുമ്പ് ജനവാതിൽ പകുതി തുറന്നുകിടന്നപ്പോൾ ക്രമൻ മുറിയിലേക്കു പതുക്കെ വലിഞ്ഞുകയറിയിരുന്നു. ഇപ്പോൾ അതു് ജനലിൻെറ അകത്തെ പടിയിന്മേലിരുന്നാണു് ഉറങ്ങുക. നിലത്തു കൊത്തിക്കൊറിച്ചുകൊണ്ടു് മേശയുടെ അടിയിലെല്ലാം അതു നടക്കും. എൻെറ ഭാൎയ്യ—എൻെറ ഭാൎയ്യയെന്നു കരുതപ്പെടുവാൻ അവൾക്കു് എല്ലാ അവകാശങ്ങളുമുണ്ടു്—എൻെറ അടുത്തിരിക്കും. ഹ്രസ്വമായ ഞങ്ങളുടെ യുവജീവിതത്തെ ഓൎത്തുകൊണ്ടു് ഞങ്ങൾ പതിഞ്ഞ സ്വരത്തിൽ സംസാരിക്കും.

മൂന്നുനാലുദിവസം കഴിഞ്ഞപ്പോൾ എൻെറ സുഖക്കേടു വൎദ്ധിച്ചു. ജനവാതിൽ മുഴുവൻ തുറന്നിടുവാൻ ഞാനവളോടു് ആവശ്യപ്പെട്ടു.

"പുറത്തു് നല്ല തണുപ്പാണു്. ജനൽ തുറക്കണോ?"

"തുറക്കൂ! അതു തുറക്കൂ" ഞാൻ മന്ത്രിച്ചു.

അവൾ ജാലകത്തിനടുത്തു പോയി.

"എന്താണിതു്? ഡിസംബറിൽ വസന്തമോ! നിങ്ങൾ കേൾക്കുന്നില്ലേ? മഞ്ഞുരുകുകയാണു്. ജാലകത്തിൻെറ ചില്ലിന്മേൽ ഒരു പൂമ്പാററ ശബ്ദമുണ്ടാക്കി പറക്കുന്നു!"

"അതു തുറക്കു..."

അവൾ ജനൽ തള്ളിത്തുറന്നു. വസന്തത്തിന്റെ സൗരഭംപരത്തുന്ന ചൂടുള്ള ഇളംകാററിനോടൊപ്പം ഇമ്പമേറിയ ഒരു വിദൂരസംഗീതം മുറിമുഴുവൻ നിറഞ്ഞു. നഗരത്തിൽ മുഴുവൻ പരന്ന ആ സംഗീതം ചിലപ്പോൾ പതുക്കെയും ചിലപ്പോൾ ഉച്ചത്തിലും കേൾക്കായി. ഞാൻ ചെവിയോർത്തു ശ്രദ്ധിച്ചു. ലോകമെങ്ങും ആ വാർത്ത—തണുപ്പും ഇരുട്ടും മനുഷ്യൻ ജയിച്ച വാർത്ത—എത്തിക്കുന്ന കമ്പികളുടെ ആന്ദോളനങ്ങളായിരുന്നു ആ സംഗീതമെന്ന് എനിക്കപ്പോൾ മനസ്സിലായില്ല. സംഗീതത്തോടൊപ്പം ഇടയ്ക്കിടെ ആകാശവിമാനങ്ങളുടെ ഇരമ്പലും കേൾക്കാമായിരുന്നു. വസന്തം എന്തെന്ന് മുമ്പു കണ്ടിട്ടില്ലാത്ത ഇരുണ്ട വൻകരയിലേക്കാണ്, വസന്തത്തിന്റെ വിലപിടിച്ച സൗഭാഗ്യങ്ങളുമായി ആ വിമാനങ്ങൾ പറന്നുപോയിരുന്നത്. ഈ കാര്യങ്ങളൊന്നും ഞാൻ അറിഞ്ഞില്ല. ശക്തി മുഴുവൻ ക്ഷയിച്ച് അവശനായി കിടക്കുകയായിരുന്നു ഞാൻ. ആ നല്ല വർത്തമാനം കൊണ്ടുവരുന്ന സ്നേഹിതന്മാരെ കാത്തുകൊണ്ട്, അവരുടെ കാലൊച്ച കേൾക്കുവാൻ ചെവിയോർത്തുകൊണ്ട് ഞാൻ കിടന്നു. ക്രമന്റെ പന്തിയല്ലാത്ത പെരുമാററം എന്നെ ഭയപ്പെടുത്തി. തൂവൽ ഇളക്കി ചിലപ്പോൾ ചിറകടിച്ചുംകൊണ്ട് അതു് എന്റെ കട്ടിലിന്നുചുററും സംഭ്രമത്തോടെ ഓടിനടന്നു. നിങ്ങളെ ആശ്രയിക്കുന്നതും നിങ്ങൾ ഏറെറടുത്തതുമായ ഉപകാരമുള്ള ഒരു ജോലി മുഴുമിക്കാതെ ജീവിതത്തോടു യാത്രപറയുന്നതിനേക്കാൾ കൂടുതൽ നിരാശാജനകമായ മറെറന്തെങ്കിലുമുണ്ടോ?

മെല്ലെമെല്ലെ ഞാൻ നിദ്രാധീനനായി. കോണിപ്പടിയുടെ താഴെനിന്നു ചില ശബ്ദങ്ങൾ--വാതിൽ തുറക്കുന്നതും കാലൊച്ചകളും—മാറെറാലിക്കൊണ്ടിരുന്നു. ഞാനിതൊന്നും കേട്ടിരുന്നില്ല. ഞാനാദ്യം കേട്ടതു് എന്റെ പഴയ സഹപാഠിയും സുഹൃത്തുമായ ഡോക്ടരുടെ ശബ്ദമായിരുന്നു:

"അയാൾക്കു് ഇപ്പോഴും ജീവനുണ്ടു്."

എൻെറ കട്ടിലിലിരുന്നു് കൈവിറയലോടെ അയാൾ ഈയക്കുപ്പി തുറക്കുവാൻ ശ്രമിക്കുകയായിരുന്നു.

"വേഗം, വേഗം പറയൂ." ഞാൻ ഉറക്കെ സംസാരിക്കുവാൻ ശ്രമിച്ചുനോക്കി.

അതെ, ആ വാക്കുകൾ ഞാൻ ഉച്ചത്തിൽ പറഞ്ഞു. എൻെറ രോഗം എന്നെ വിട്ടുമാറിയിരുന്നു.

ആ മുറിയിൽ നിറച്ചും സൂര്യനെ പരത്തിക്കൊണ്ടു പളപളപ്പുള്ള ഒരുതുള്ളി വെളിച്ചം ഡോക്ടരുടെ കയ്യിൽ കിടന്നു തിളങ്ങി. കുറെക്കാലമായി എനിക്കിതിനെക്കുറിച്ചു വിവരമുണ്ടായിരുന്നു. പലപ്പോഴും ഞാനിതു് സ്വപ്നം കണ്ടിട്ടുണ്ടു്. പരീക്ഷണങ്ങൾ ആരംഭിച്ചതുമുതൽ കണ്ണടയ്ക്കുമ്പോഴെല്ലാം ഞാനിതു കണ്ടിരുന്നു. ഇപ്പോൾ ഈ ജ്വലിക്കുന്ന കൊച്ചുസൂര്യനെക്കണ്ടു് എൻെറ കണ്ണു വേദനിച്ചു. ക്ഷീണത്താൽ ആടിക്കൊണ്ടു ഞാൻ എഴുന്നേററിരുന്നു. എന്നെ സഹായിക്കുവാൻ ഭാര്യ ഓടിയെത്തി. അവളോടു മാറിനില്ക്കുവാനായി ആംഗ്യം കാണിച്ചുകൊണ്ടു ഞാൻ തന്നത്താൻ മുറിയുടെ മറെറ അററത്തേക്കു നടന്നു. ശക്തിയിൽ നിലത്തൊന്നു ചവുട്ടി. അത്യാനന്ദത്തോടും തെല്ലൊരവിശ്വാസ്യതയോടുംകൂടി അവൾ ചുമർ ചാരിനിന്നു.

“ഡോക്ടർ നിങ്ങൾക്കു, നന്ദി” അവൾ മെല്ലെ മന്ത്രിച്ചു.

“എന്തിനു നന്ദി? സ്വന്തം മരണത്തെ കീഴടക്കിയതു് അദ്ദേഹംതന്നെയാണു്. മരുന്നു കണ്ടുപിടിച്ചതദ്ദേഹമാണു്. ഈ പ്രകാശം അദ്ദേഹത്തിന്റേതാണു്.”

വീണ്ടും കോണിപ്പടിയിൽ ശബ്ദം കേട്ടു. വാതിലുകൾ തുറക്കുന്ന ശബ്ദം. ഒരു ജനക്കൂട്ടം എൻെറ മുറിയിലേക്കുതള്ളിക്കയറി—സ്നേഹിതന്മാർ, സഹപ്രവർത്തകർ; അപരിചിതർ. അവർ എൻെറ ചുററും വന്നുനിന്നു. എന്റെ കൈപിടിച്ചു കുലുക്കി. ഡയരക്ടർ മററുള്ളവരെ തള്ളിമാററി മുന്നോട്ടു വന്നു.

“നിങ്ങൾ കാലത്തെ പിടിച്ചുനിർത്തി നിങ്ങൾക്കാവശ്യമുള്ളതു നേടിയിരിക്കുന്നു.” എന്നെ അദ്ദേഹം അഭിനന്ദിച്ചു. “പഴയകാലത്തായിരുന്നെങ്കിൽ നിങ്ങളുടെ ചിഹ്നം ഒരു ക്രൂമനായിരുന്നേനേ. നിങ്ങൾക്കോർമ്മയുണ്ടോ, ക്രൂമൻ ഒരു ചിത്രലിപിയാണെന്നു നിങ്ങൾ ഒരിക്കൽ അഭിപ്രായപ്പെട്ടതു്?”

“അതു ശരിയാണെന്നു ഞാൻ വിശ്വസിക്കുന്നു. അതിനു പിൻബലം നല്കുന്ന ചില തെളിവുകളുണ്ടു്” ഞാൻ പറഞ്ഞു. “അതു വാസ്തവമാണു്” ഞാൻ വിചാരിച്ചു. “ഒരു ആയുഷ്കാലം മുഴുവൻ ഞാൻ ഒരു കൊല്ലത്തിനുള്ളിൽ ജീവിച്ചു.” അങ്ങനെ എത്ര കൊല്ലങ്ങൾ ഇനി എൻെറ മുമ്പിൽ കിടപ്പുണ്ടു്? കാലത്തിന്റെ ഒരു മഹാസമുദ്രം!

ആരോടാണു് ഞാൻ കൃതജ്ഞത പ്രകടിപ്പിക്കേണ്ടതു്? ജാലകത്തിൻെറ തട്ടിൽ ഞാൻ നോക്കി. ക്രൂമൻ

പോയിക്കഴിഞ്ഞിരുന്നു. അവിടെ സ്ഫടികത്തൊട്ടിയിൽ താമരപ്പൂ വിടൎന്നു നില്ക്കുന്നുണ്ടു്. പുറത്തു് ഇളം നീലാകാശത്തിൽ, വളരെവളരെ ദൂരത്തു ചക്രവാളത്തെ ലക്ഷ്യമാക്കി ഒരു ക്രൂററൻ പക്ഷി പതുക്കെ പറന്നുപോകുന്നുണ്ടായിരുന്നു.

കാലമാകുന്ന കടൽ എൻെറ കാല്ക്കൽ വന്നടിച്ചുകൊണ്ടിരുന്നു. ജീവിതം പുത്തനായി ആദ്യം മുതൽക്കു് ആരംഭിക്കുവാൻ തയ്യാറായി ഞാൻ ആ കടലോരത്തിൽ നിന്നു. എന്റെ നേക്കു് ആഞ്ഞടിച്ചുവന്ന അതിലെ കല്ലോലമാലകൾ—അവ്യക്തവും അജ്ഞാതവുമായ ഭാവി—എന്നെ പതുക്കെ വലിച്ചുകൊണ്ടുപോയി. “നാളെ ചക്രവാളത്തിൻെറ മറെറ അററത്തായിരിക്കും ഞാൻ സമുദ്രയാനം ചെയ്യുക.”

എനിക്കല്പം പരിഭ്രമമുണ്ടായി. ക്രൂമൻ ഒരു കൊല്ലം മുഴുവൻ എന്നെ വിട്ടുപിരിഞ്ഞിരുന്നില്ല. അതുമായി ഞാൻ ഇണങ്ങിയിരുന്നു. അതിൻെറ സാന്നിദ്ധ്യംകൊണ്ടു ലഭിക്കുന്ന പ്രേരണയില്ലാതെ എനിക്കു കാൎയ്യങ്ങൾ ചെയ്യാൻ സാധിക്കുമോ? അല്ലെങ്കിൽ എന്നെ കാത്തുനില്ക്കുന്ന ഈ വലിയ സമുദ്രം ഞാൻ കടക്കുവാൻ തുടങ്ങുമ്പോൾ നിസ്സാരമായ ഒരരുവിയായി മാറിപ്പോകുമോ?

കൊള്ളത്തലവൻ എനിക്കു സമ്മാനിച്ച വാച്ചിനെക്കുറിച്ചു് ഈ സമയത്തു ഞാനോൎത്തു. ഭയംകൊണ്ടു ഞാൻ മരവിച്ചു. അതിന്റെ തുടിപ്പു് എനിക്കുകേൾക്കാൻ കഴിഞ്ഞില്ല.


അതു ഞാൻ പുറത്തെടുത്തു... അതെ. വാച്ചു നിന്നി

രുന്നു. ഒരു കൊല്ലം കഴിഞ്ഞു. അതിനു താക്കോൽ കൊടുക്കേണ്ട സമയമായി.

മോടിയുള്ള താക്കോൽ ഘടിപ്പിച്ചു ഞാൻ ഇരുപതുപ്രാവശ്യം തിരിച്ചു. അപ്പോഠം അതാ അതു നീങ്ങാൻ തുടങ്ങുന്നു. പുതിയ വർഷത്തിലേക്ക മിടിപ്പോടുകൂടി സൂചി നീങ്ങുകയാണു്.

★





KOTTAYAM PUBLIC LIBRARY
KOTTAYAM.

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No. MF 9 Acc. No. 82697

This book should be returned on or before the date last stamped below.

24 AUG 1989

15 SEP 2001

If the book is not returned on due date a fine of 5 Ps. (Five) per day will be charged.

MF9

82697

ദുഡിൻറ്സെഫ് വ്ളാഡിമിർ

ഒരു തുള്ളി വെളിച്ചം